● വാർഷിക വരിസംഖ്യ: ₹80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2022 ● ജനുവരി - ഫെബ്രുവരി ● പുസ്തകം: 05 ● ലക്കം: 01 ● RNI Regn No: KERMAL/2017/73545 ● Registered No: KL/CT/230/2019-2021

# തളരുന്ന കൃഷി, തകരുന്ന കർഷകൻ

**ഭരണഘടന ഉറപ്പു നൽകുന്ന ഏറ്റവും പ്രാഥമികമായ മൗലിക അവകാശമായ ജീവനും ജീവനോപാധിക്കുമുള്ള അവകാശം വന്യമൃഗങ്ങൾ നിർദ്ദയം ചവിട്ടിയരച്ചിട്ടും ഉത്തരവാദപ്പെട്ടവർ തുടരുന്ന മൗനവും അലംഭാവവും ഭീതികരമാണ്. ഇതിനെതിരെ കേരളത്തിലെ കർഷകരും പൊതുസമൂഹവും പ്രതികരിച്ചേ മതിയാവൂ**



## കവർ സ്റ്റോറി

**അലക്സ് ഒഴുകയിൽ**
ചെയർമാൻ, കിഫ

മുമ്പെങ്ങുമില്ലാത്ത വിധം അതിരൂക്ഷമായ പ്രതിസന്ധിയിലൂടെയാണ് കേരളത്തിലെ കർഷകർ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ഒരുവശത്തു ഉൽപന്നങ്ങളുടെ വിലത്തകർച്ചയും, വർധിച്ച വളം, കൂലിച്ചിലവുകളും കർഷകരെ ശ്വാസം മുട്ടിക്കുമ്പോൾ മറുവശത്തു വന്യമൃഗശല്യവും കൃഷിയിടത്തിൽ വനനിയമങ്ങൾ അടിച്ചേൽപ്പിക്കുന്നതും കാർഷിക വൃത്തി അസാധ്യമാക്കുന്ന തരത്തിലേക്ക് വളർന്നിരിക്കുന്നു.

1960 ൽ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 53 ശതമാനം കാർഷിക മേഖല സംഭാവന ചെയ്തിരുന്ന സമയത്തു കേരളത്തിലെ 53 ശതമാനം ആളുകൾ കാർഷികവൃത്തിയെ ആശ്രയിച്ചായിരുന്നു ജീവിച്ചിരുന്നത്. എന്നാൽ നിലവിൽ കാർഷിക മേഖലയുടെ സംഭാവന 11 ശതമാനമായി കുറഞ്ഞപ്പോഴും കേരളത്തിലെ ജനങ്ങളുടെ 25 ശതമാനം ആളുകളും ഇപ്പോഴും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അതായതു മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കാർഷിക മേഖലയുടെ പങ്ക് ആറിൽ ഒന്നായി കുറഞ്ഞപ്പോൾ കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണം പകുതി മാത്രമേ കുറഞ്ഞിട്ടുള്ളൂ. ഇതിന്റെ അർഥം കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ കുറവ് കഴിഞ്ഞ 60 വർഷം കൊണ്ട് ഉണ്ടായിട്ടുണ്ട് എന്നതാണ്.



എന്തുകൊണ്ട് കേരളത്തിൽ കൃഷി നഷ്ടമാകുന്നു എന്നുള്ളതിന്റെ നേർചിത്രമാണ് കഴിഞ്ഞ 60 വർഷം കൊണ്ട് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയായ തേങ്ങയുടെ വിലയിലുണ്ടായ വർധനയും കൂലിച്ചിലവിലുണ്ടായ വർധനയും തമ്മിലുള്ള താരതമ്യം. 1960 ലെ സാമ്പത്തിക സർവേ പ്രകാരം, ഒരു കാർഷിക തൊഴിലാളിയുടെ ശരാശരി ദിവസക്കൂലി 1 രൂപ മുതൽ 1.5 രൂപ വരെ യായിരുന്നു. ഇതേ റിപ്പോർട്ട് പ്രകാരം ഒരു തേങ്ങയുടെ ശരാശരി വില 20 പൈസയും ആയിരുന്നു. എന്നുവെച്ചാൽ 6 തേങ്ങാ വിറ്റാൽ ഒരു ദിവസത്തെ പണിക്കൂലി നൽകാൻ സാധിക്കുമായിരുന്നു. ഇന്ന് ഒരു തേങ്ങയ്ക്കു കർഷകന് ലഭിക്കുന്ന ശരാശരി വില 10 രൂപയും ഒരു ദിവസത്തെ പണിക്കൂലി 1000 രൂപയുമാണ്. അതായതു 1960 –ൽ 6 തേങ്ങാ വിറ്റാൽ എടുപ്പിക്കാൻ കഴിയുന്ന പണിയെടുപ്പിക്കാൻ ഇന്ന് 100 തേങ്ങാ വിൽക്കണം (കേരളത്തിലെ ഒരു തെങ്ങിൽ നിന്നുള്ള ശരാശരി ഉത്പാദനം വർഷത്തിൽ 60 തേങ്ങയാണ്. അത് മുഴുവൻ വിറ്റാലും ഒരു ദിവസത്തെ പണിക്കൂലി കൊടുക്കാൻ കഴിയില്ല എന്നർത്ഥം)

1960 കളിൽ 8 ലക്ഷം ഹെക്ടർ സ്ഥലത്തു കേരളത്തിൽ നെൽകൃഷി ഉണ്ടായിരുന്നു. ഇന്ന് അത് 2 ലക്ഷം ഹെക്ടറിലേക്കു കുറഞ്ഞിരിക്കുന്നു. എന്തുകൊണ്ട് കേരളത്തിലെ കർഷകർ നെൽകൃഷി ഉപേക്ഷിക്കുന്നു എന്നതിന്റെ കാരണം നെൽകൃഷിയിലെ ചിലവും വരുമാനവും തമ്മിൽ താരതമ്യം ചെയ്താൽ വ്യക്തമായി മനസിലാകും.

കേരളത്തിൽ നെൽകൃഷിയിൽ നിന്നുള്ള ശരാശരി ഉത്പാദനം ഏക്കറിന് 12 ക്വിന്റൽ നെല്ലാണ്. ഒരു ക്വിന്റൽ നെല്ലിന് സർക്കാർ നൽകുന്ന താങ്ങുവില 2800 രൂപയാണ് (ഇത് പോലും സമയത്തു നൽകാത്തത് കൊണ്ട്, സ്വകാര്യ മില്ലുകൾക്കു ഇതിലും കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നുണ്ട്). സർക്കാർ റേറ്റ് പ്രകാരം ഒരേക്കർ നെൽകൃഷിയിൽ നിന്നു ലഭിക്കുന്നത് 33,600 രൂപയാണ്. ഇതിൽ ഏറ്റവും കുറഞ്ഞത് 15,000 രൂപ ചെലവ് വരും. ബാക്കി കർഷകന് ലഭിക്കുന്നത് 18,600 രൂപ മാത്രമാണ്. റബർ അടക്കമുള്ള കേരളത്തിലെ പ്രധാനപ്പെട്ട മറ്റു എല്ലാ വിളകൾക്കും നഷ്ടത്തിന്റെ സമാന കണക്കുകളാണ് പറയാനുള്ളത്.

ഇത്തരത്തിൽ കൃഷിയും കാർഷിക മേഖലയിൽ ഊന്നിയുള്ള ജീവിതവും വലിയൊരു ചോദ്യചിഹ്നമായി നിൽക്കുന്ന കർഷകരുടെ ജീവിതത്തിലേക്കാണ് ഇടിത്തീ പോലെ മുൻപെങ്ങുമില്ലാത്ത രീതിയിൽ വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകുന്നത്. കേരളത്തിലെ കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നായി വന്യമൃഗശല്യം മാറിയിരിക്കുന്നു. പണ്ടുകാലങ്ങളിൽ മലയോര മേഖലയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന വന്യമൃഗ ശല്യം ഇപ്പോൾ മലയോരമെന്നോ, ഇടനാടെന്നോ, തീരപ്രദേശമെന്നോ വ്യത്യാസമില്ലാതെ എല്ലാ മേഖലകളിലേക്കും എത്തിയിരിക്കുന്നു.

2008 മുതൽ 2021 ജൂലൈ വരെ കേരളത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത് 1290 മനുഷ്യരാണ്. ഓരോ വർഷവും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവർ കൂടിവരുന്നു എന്നല്ലാതെ കുറയുന്ന യാതൊരു ലക്ഷണവും കാണുന്നില്ല. 2008 ൽ 13 പേരാണ് കൊല്ലപ്പെട്ടതെങ്കിൽ 2020 –ൽ 111 ആളുകൾ കൊല്ലപ്പെട്ടു. 2021 ജൂൺ മാസം വരെ 61 ആളുകൾ കൊല്ലപ്പെട്ടു. കേരളത്തിന്റെ മലയോരമേഖലയിൽ മാത്രം ഒതുങ്ങിനിന്നിരുന്ന വന്യമൃഗ ആക്രമണം കേരളത്തിലെ എല്ലാ മേഖലകളിലേക്കും വ്യാപിക്കുന്ന ഭീതിജനകമായ കാഴ്ചയാണ് നമ്മൾ കാണുന്നത്. മയിലുകളുടെ ആക്രമണത്തിൽ പോലും ആളുകൾ കൊല്ലപ്പെട്ടുതുടങ്ങിയിരിക്കുന്നു.

2008 മുതൽ 2021 വരെ 6702 ആളുകൾക്കാണ് വന്യമൃഗ ആക്രമണത്തിൽ പരുക്കേറ്റതായി രേഖപ്പെടുത്തിയിരിക്കുന്നത്. രേഖാമൂലം റിപ്പോർട്ട് ചെയ്യപ്പെടാത്ത പരുക്കുകൾ ഇതിൽ കൂടുതൽ വരും. ഇതും ഓരോ വർഷവും കൂടി വരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2008 ൽ 32 ആളുകൾക്കാണ് പരുക്കേറ്റത് എങ്കിൽ 2019 –ൽ അത് 1239 ആയിരിക്കുന്നു. 2021 ജൂലൈ വരെയുള്ള ആറുമാസത്തിനുള്ളിൽ 639 ആളുകൾക്കാണ് പരുക്കേറ്റത്.

ഇനി കൃഷിനാശത്തിന്റെ കണക്ക് നോക്കുകയാണെങ്കിൽ 2008 മുതൽ 2018 വരെയുള്ള പത്തുവർഷംകൊണ്ട് റിപ്പോർട്ട് ചെയ്യപ്പെട്ട കൃഷിനാശം 37,873. ഇതിൽ 22823 കേസുകൾ വയനാട് ജില്ലയിൽ മാത്രമാണ്. കിട്ടുന്ന നഷ്ടപരിഹാരം തുച്ഛമായതു കൊണ്ടും അതുതന്നെ കിട്ടാൻ ഒരുപാട് സമയം വേണ്ടതുകൊണ്ടും പൊതുവേ കർഷകർ നഷ്ടപരിഹാരത്തിന് അപേക്ഷിക്കാറില്ല. അതുകൊണ്ട് തന്നെ ഈ 37,873 എന്നത് യഥാർത്ഥത്തിൽ ഉണ്ടായ നഷ്ടത്തിന്റെ ചെറിയൊരു ശതമാനമേ വരൂ

ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന ഏറ്റവും പ്രാഥമികമായ മൗലിക അവകാശമായ ജീവനും ജീവനോപാധിക്കുമുള്ള അവകാശം വന്യമൃഗങ്ങൾ നിർദ്ദയം ചവിട്ടിയരച്ചിട്ടും ഉത്തരവാദപെട്ടവർ തുടരുന്ന മൗനവും അലംഭാവവും ഭീതികരമാണ്.

**ഉൾപേജുകളിൽ തുടരുന്നു:**

- **എണ്ണം പെരുകി, കാട്ടിൽ സ്ഥലമില്ല**
- **വന്യമൃഗ ആക്രമണം: എന്തു ചെയ്യാം**
- **സർക്കാരുകൾ ചെയ്യേണ്ടത്**



## എഡിറ്റോറിയൽ

● പുസ്തകം: 5 ● ലക്കം: 1

# വൈകൃതമാകുന്ന ഫോട്ടോ ഷൂട്ടുകൾ

കേരളം മുഴുവൻ കഴിഞ്ഞ ദിവസങ്ങളിൽ ചർച്ചയായതാണ് സെലിബ്രിറ്റി ഫോട്ടോ ഷൂട്ടുകളിലൂടെ പ്രശസ്തയായ ഒരു വനിതാ ഫോട്ടോഗ്രാഫർ നടത്തിയ ഫോട്ടോഷൂട്ട്. കത്തോലിക്കാ സന്യസ്തരുടെ വേഷവിധാനങ്ങൾ ദുരുപയോഗിച്ച് നടത്തിയ സ്വവർഗ പ്രണയത്തെ ധ്വനിപ്പിക്കുന്ന ഫോട്ടോഷൂട്ട്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ മറ പിടിച്ചുള്ള ഇത്തരം വൈകൃതങ്ങളെ കേരളജനത സ്വീകരിച്ചത് സമ്മിശ്ര പ്രതികരണങ്ങളോടെയാണ്. ആരെയും നോവിക്കാതെ സമൂഹത്തിന്റെ നന്മ മാത്രം ലക്ഷ്യമിട്ട് ജീവിക്കുന്ന ഒരു സ്ത്രീസമൂഹത്തെയാണ് ഇത്തരത്തിൽ അപമാനിച്ചതെന്ന് ഒരു സ്ത്രീകൂടെയായ ഫോട്ടോഗ്രാഫർ മറക്കരുതായിരുന്നു. പ്രശസ്തി മാത്രമാണ് ലക്ഷ്യമിട്ടതെങ്കിൽ പകരം എന്തൊക്കെ മാർഗങ്ങൾ ആകാമായിരുന്നു.

ഇത് ഒറ്റപ്പെട്ട ഒരു സംഭവമായി തള്ളിക്കളയാൻ ആവില്ല. ന്യൂ ജൻ ശൈലികൾ എന്ന് പറഞ്ഞു തുടങ്ങി വെച്ച പ്രീവെഡ് ഷൂട്ട്, പോസ്റ്റ് വെഡ് ഷൂട്ട്, മറ്റേർനിറ്റി ഷൂട്ട് എന്നൊക്കെയുള്ള പേരിൽ കാട്ടിക്കൂട്ടുന്ന വൈകൃതങ്ങൾ സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുകയാണ്. ജീവിതത്തിൽ അങ്ങേയറ്റം സ്വകാര്യമെന്ന് കരുതിയ നിമിഷങ്ങളൊക്കെ ഫോട്ടോഗ്രാഫർമാരുടെ മുന്നിൽ അഭിനയിച്ചു അരങ്ങു തകർത്ത് ജീവിതത്തിന്റെ സ്വകാര്യതകളുടെ വിശുദ്ധിയെ നശിപ്പിക്കുകയാണ് ഒരു കൂട്ടർ. ഞങ്ങൾക്ക് ഞങ്ങളെ സ്നേഹിക്കുന്നവരുടെ മുന്നിൽ ഒന്നും മറയ്ക്കാനില്ല എന്ന് വീമ്പിളക്കി സബ്സ്ക്രൈബേഴ്സിന്റെ എണ്ണം വർധിപ്പിച്ചു വരുമാനം കൂട്ടുന്ന വ്ളോഗർമാരോടും സെലിബ്രിറ്റികളോടും സാംസ്കാരിക കേരളത്തിന് അപേക്ഷിക്കാനുള്ളത് സ്വകാര്യതകൾ നിങ്ങളുടേതു മാത്രമായി കരുതണമെന്നാണ്.

കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ആവാം, എന്നാലത് സംസ്കാര ശൂന്യതയുടെ കൊട്ടിഘോഷമാക്കരുത്. എത്രയോ മാന്യമായ സുന്ദരാവിഷ്കരമായി മാറേണ്ട ഫോട്ടോഷൂട്ടുകളാണ് ഇത്തരത്തിൽ അഡൽട്ട് ഒൺലി ചിത്രങ്ങളായി മാറുന്നത്. ന്യൂജൻ വൽക്കരണത്തിന്റെ നിറം ചാർത്തി വൈകൃതങ്ങളെ ആഘോഷമാക്കുമ്പോൾ ഇത്തരത്തിൽ സ്വകാര്യതകളെ വിപണനം ചെയ്യുന്നവർക്ക് അതൊരു പ്രോത്സാഹനമാവുകയാണ്. ഈ ശൈലിക്ക് മാറ്റം വന്നേ തീരൂ. നാളെ നമ്മുടെ പ്രിയപ്പെട്ടവരുടെയും സ്വകാര്യതകൾ വിപണനം ചെയ്യാൻ തക്കം പാർത്തിരിക്കുന്നവർക്കെതിരെ ജാഗ്രത ഉണ്ടായേ തീരൂ.

# പ്രതീക്ഷയോടെ മുന്നേറാം



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

വലിയ പ്രതീക്ഷകളോടെ പുതുവർഷപ്പുലരിയെ നാം വരവേറ്റു കഴിഞ്ഞു. 2022 നിങ്ങൾക്കെല്ലാവർക്കും സ്വപ്നസാക്ഷാത്കാരത്തിന്റെ വർഷമാകട്ടെ എന്ന് സ്നേഹത്തോടെ ആശംസിക്കുന്നു. ഈ ഒരു വർഷം എല്ലാവരുടെയും ജീവിതത്തിൽ ദൈവാനുഗ്രഹവും ദൈവാനുഭവവും നിറയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പുതുവർഷത്തിലേക്ക് കടക്കുമ്പോഴും നമ്മെ പിന്തുടരുന്നൊരു പ്രതിസന്ധിയാണ് നമ്മുടെ രാജ്യത്തിന്റെ നട്ടെല്ലായ കർഷകരുടെ വേദനകളും ദുരിതങ്ങളും നിറഞ്ഞ ജീവിതം. കാലാവസ്ഥാ വ്യതിയാനവും, പ്രകൃതിക്ഷോഭങ്ങളും, വന്യമൃഗ വിഹാരങ്ങളുമൊക്കെയായി പ്രകൃതി തന്നെ നൽകുന്ന ആപത്സൂചനകളോടൊപ്പം രാജ്യത്തെ കർഷകരെ മുഴുവൻ ആശങ്കയിലാഴ്ത്തുന്ന തരത്തിലുള്ള സർക്കാർ നയങ്ങളും വലിയ വെല്ലുവിളി തന്നെയാണ് കർഷകർക്ക് മുന്നിൽ സൃഷ്ടിക്കുന്നത്. കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവും, ഉൽപ്പാദന ചെലവും, അവശ്യവസ്തുക്കളുടെ വിലക്കയറ്റവുമെല്ലാം നമ്മുടെ കർഷകരെ ആത്മഹത്യകളിലേക്ക് നയിക്കുന്നതിനും നാം വേദനയോടെ സാക്ഷികളാകുന്നു.

കർഷകർ അനുഭവിക്കുന്ന നിരവധിയായ ദുരിതങ്ങളിലേക്ക് സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനും അവർക്ക് സഹായകമാകുന്ന പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നതിനും, കർഷകർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനുമായാണ് കേരള കത്തോലിക്കാ സഭ ജനുവരി പതിനഞ്ച് കർഷക ദിനമായി ആചരിക്കുന്നത്. ഇൻഫാം യൂണിറ്റുകളില്ലാത്ത ഇടവകകളിൽ പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതോടൊപ്പം ഓരോ യൂണിറ്റും ഓരോ സ്വയം സംരംഭക സംഘമായി രജിസ്റ്റർ ചെയ്ത്, ഗുണമേന്മയുള്ള കാർഷികോത്പന്നങ്ങൾ വിപണിയിലെത്തിച്ച്, കർഷകർക്ക് സ്വയംപര്യാപ്തത കൈവരിക്കാനുള്ള അവസരമായി നമുക്ക് ഇത് പ്രയോജനപ്പെടുത്താം. അതോടനുബന്ധിച്ച് കാർഷിക സെമിനാർ, കാർഷിക മേള തുടങ്ങിയവ സംഘടിപ്പിക്കാനും, മാതൃകാ കർഷകരെ ആദരിക്കാനും, മനസ്സുമടുത്ത് കൃഷിയിൽ നിന്ന് പിന്തിരിയുന്നവർക്ക് കൃഷിയിലേക്ക് മടങ്ങിവരുന്നതിനാവശ്യമായ പ്രോത്സാഹനം നൽകാനും, പുതിയ തലമുറയെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കാനുമുതകുന്ന പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകണം. കാർഷികോത്പന്നങ്ങളുടെ നിലവാരവും, കൃഷിയുടെ ധാർമ്മികതയും ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി നമ്മുടെ രൂപതയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ എത്തിക്സ് (IFAE) ഒരു പുതിയ ഭക്ഷ്യകാർഷിക സംസ്കാരത്തിന്റെ വളർച്ച പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും, ആനുകൂല്യങ്ങളും സഹായങ്ങളും സമയോചിതമായി ലഭ്യമാക്കുന്നതിനും, കൃഷിരീതികളിൽ ശാസ്ത്രീയമായ പരിജ്ഞാനവും വന്യജീവികളിൽ നിന്നുള്ള പ്രതിരോധവുമെല്ലാം ഉറപ്പു വരുത്തുന്നതിനും സർക്കാർ തലങ്ങളിൽ നിന്നുകൂടി സഹായവും പിന്തുണയും ലഭിച്ചേ മതിയാകൂ. അധികാരികൾക്ക് മുന്നിൽ തളരാതെ, ന്യായമായ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി അവസാനശ്വാസം വരെ പോരാടാനുറച്ച് തെരുവിലിറങ്ങിയ കർഷകരുടെ സംഘടിത ശക്തിക്ക് രാജ്യം മുഴുവനും സാക്ഷ്യം വഹിച്ച പ്രക്ഷോഭത്തിന്റെ നാളുകളായിരുന്നു കടന്ന് പോയത്. അത് നമ്മുടെ കർഷകർക്ക് നൽകുന്ന ഊർജ്ജവും പ്രത്യാശയും വളരെ വലുതാണ്. കർഷകരുടെ ആവശ്യങ്ങളിൽ സർക്കാരിന്റെ ശ്രദ്ധ പതിയുന്നതുവരെയുള്ള നിരന്തരമായ പോരാട്ടം നമ്മുടെ നിലനിൽപ്പിന്റെ തന്നെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ് അവർക്ക് വേണ്ടി നിലകൊള്ളാൻ നമുക്ക് കഴിയണം.

# ആയുസു ചോർത്തുന്ന സമയക്കള്ളന്മാർ



## അകം പുറം

കെ. എഫ്. ജോർജ്

ഒരു സെക്കന്റിന്റെ നൂറിലൊരു അംശം, അത് എത്രമാത്രമാണെന്ന് മനസ്സിൽ അളന്നിടാൻ തന്നെ പ്രയാസം. എന്നാൽ ഈ സമയവ്യത്യാസത്തിനാണ് പി. ടി. ഉഷയ്ക്ക് 1984 ലോസ് ഏഞ്ചൽസ് ഒളിംപിക്സിൽ 400 മീറ്റർ ഹർഡിൽസിൽ വെങ്കല മെഡൽ വഴുതിപ്പോയത്.

ഈ നേരിയ വ്യത്യാസം മറികടക്കാൻ ഫിനിഷ് ചെയ്തപ്പോൾ മുന്നോട്ട് ഒന്ന് ആഞ്ഞിരുന്നെങ്കിൽ റുമേനിയക്കാരിക്കു പോയ മെഡൽ തനിക്കു കിട്ടുമായിരുന്നു വെന്ന് ഉഷ പിന്നീട് നഷ്ടബോധത്തോടെ പറയുകയുണ്ടായി.

കുട്ടിക്കാലം മുതൽ കഠിന പരിശീലനത്തിലൂടെ എത്തിപ്പിടിക്കാൻ നോക്കിയ സ്വപ്നം അകന്നു പോയപ്പോൾ ആ സെക്കന്റിന്റെ നൂറിലൊരു അംശത്തിന് വിലയിടുക എളുപ്പമല്ല.

സമയത്തിന്റെ വില പലപ്പോഴും അറിയുന്നത് പരാജയങ്ങളിലൂടെയാണ്. നമുക്ക് ഇഷ്ടംപോലെ സമയമുണ്ടെന്ന വിചാരത്തിൽ ജീവിക്കുന്നതാണ് പ്രശ്നത്തിന്റെ കാതലെന്ന് ബുദ്ധൻ പറയുന്നു. എന്നാൽ ഉറക്കവും വിശ്രമവും വിനോദവും കഴിഞ്ഞ് കർമ്മങ്ങളിൽ ഏർപ്പെടാൻ കുറച്ചു സമയം മാത്രമേ ആയുസിൽ കിട്ടുന്നുള്ളൂ.

ഇഷ്ടംപോലെ സമയമുണ്ടെന്ന വിചാരം മടിയന്റെ ന്യായവാദമാണ്. ജീവിതകാലം തന്നെ വളരെ ഹ്രസ്വമാണ്. അശ്രദ്ധമായി ചെലവഴിച്ച് നാം അതിനെ കുറച്ചുകൂടി ഹ്രസ്വമാക്കുന്നതായി വിശ്രുത ഫ്രഞ്ച് സാഹിത്യകാരൻ വിക്ടർ യൂഗോ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പണം ചെലവഴിക്കുമ്പോൾ കരുതലെടുക്കും. അശ്രദ്ധമായി ചെലവഴിച്ചാൽ ആവശ്യം വരുമ്പോൾ ധനം ഇല്ലാതാകുമല്ലോ എന്ന വിചാരം മിതവ്യയത്തിന് പ്രേരിപ്പിക്കുന്നു. സമയം ധൂർത്തടിക്കുമ്പോൾ, പക്ഷെ ഈ വിചാരമില്ല. പണം പോയാൽ ശ്രമിച്ചാൽ വീണ്ടും ഉണ്ടാക്കാവുന്നതേയുള്ളൂ. സമയം പോയാൽ പോയി. തിരിച്ചുപിടിക്കാൻ ഒരു വഴിയുമില്ല.

സമൂഹ മാധ്യമങ്ങളും മൊബൈലുമെല്ലാം സാർവത്രികമായതോടെ നമ്മുടെ സമയം ആരൊക്കെയോ കവർന്നുകൊണ്ടുപോകുന്നു. ആരാണു കൊണ്ടുപോകുന്നതെന്നുപോലും മനസ്സിലാക്കാൻ പറ്റാത്ത അവസ്ഥ.

എന്തെങ്കിലും കാര്യം ഉദ്ദേശിച്ചാണ് വാട്സാപ്പിലും ഫേസ്ബുക്കിലുമെല്ലാം കയറുന്നത്. എന്നാൽ പരസ്യങ്ങളും യൂട്യൂബ് വീഡിയോകളും മസാല ഏറെ കൂട്ടിക്കുഴച്ച അർധസത്യ – വ്യാജ വാർത്തകളുമെല്ലാം ഭക്ഷിച്ച് ഫോണിൽ നിന്നു പുറത്തു കടക്കുമ്പോൾ തുടങ്ങിയിടത്തു നിന്ന് എവിടെയോ എത്തി അവസാനിച്ച അനുഭവം.



അപ്പോഴേക്കും വിചാരിച്ചതിലും എത്രയോ ഏറെ സമയം വാണിജ്യ ഗ്രൂപ്പുകളും കള്ള പ്രചാരകരും കവർന്നെടുത്തിട്ടുണ്ടാകും. വീട്ടിലിരുന്നു മുഷിയുന്ന കോവിഡ് കാലത്ത് ബന്ധങ്ങൾ പുതുക്കാനും സൗഹൃദമുണ്ടാക്കാനും ഫോണിലേക്ക് തിരിഞ്ഞ മനുഷ്യരെ ഇവർ വല്ലാതെ വശീകരിച്ചു കളഞ്ഞു.

ആധുനിക കാലത്ത് ഇത്തരം സങ്കേതങ്ങളില്ലാതെ ജീവിക്കാനാവില്ല. പക്ഷെ, ആപ്പുകൾ സൗജന്യമായി കിട്ടുമ്പോൾ ഒളിച്ചു തരുന്ന വാണിജ്യ – നിക്ഷിപ്ത താൽപ്പര്യങ്ങൾ കൂടി നിർബന്ധമായി കാണേണ്ടി വരുന്നു. തീരുമാനങ്ങളെടുക്കാനുള്ള നമ്മുടെ കഴിവിനെയും അഭിരുചികളെയും വാണിജ്യ ലോകം ഇങ്ങനെ മാറ്റി മറിച്ചുകൊണ്ടേയിരിക്കുന്നു.

നിരീക്ഷണങ്ങളും പരിശീലനങ്ങളും പഠനങ്ങളുമാണ് ഒരാളെ നല്ല വ്യക്തിയാക്കുന്നത്. ഇതിലെല്ലാം സമയത്തിന്റെ ശരിയായ വിനിയോഗം നടക്കണം.

വളരാനും വികസിക്കാനുമുള്ള വിളി എല്ലാവർക്കുമുണ്ട്. മുന്നോട്ടുപോകൂ എന്ന് ആന്തരിക ശക്തി പ്രേരിപ്പിക്കുമ്പോൾ പിന്നെയാകാം. എന്ന അലസതയുടെ എതിർ ശബ്ദവും ഉയരും. അത് ശക്തിപ്പെടുത്താൻ മനസ് ഏറെ കാരണങ്ങൾ നിരത്തി തളർത്താൻ നോക്കും.

സമയ ധൂർത്തന്മാരാണ് 'എനിക്ക് സമയമില്ല' എന്നു പറഞ്ഞുകൊണ്ടിരിക്കുന്നത്. മനോപൂർണ ചിന്താധാരയുടെ (Mindfulness) വക്താവായിരുന്നു വിയറ്റ്നാമീസ് ബുദ്ധ സന്യാസി തിച്ച് നാത് ഹാൻ. കഴിഞ്ഞ ജനുവരി 22ന് അന്തരിച്ച അദ്ദേഹത്തിന് ലോകമൊട്ടാകെ ശിഷ്യരും ആരാധകരും ഉണ്ടായിരുന്നു.

എന്താണോ ചെയ്യുന്നത് അതിനെ തന്നെ ധ്യാനമാക്കാനാണ് അദ്ദേഹം ഉപദേശിച്ചിരുന്നത്. വർത്തമാന നിമിഷത്തിൽ ജീവിക്കുക. ചിന്തയുടെ മേഘലമാറ്റങ്ങളോ വിധിക്കലുകളോ ഇല്ലാതെ സ്വയം മാറി നിന്നു കാണുക. അങ്ങനെ പൂർണജീവിതം ആസ്വദിക്കുക.

നേടേണ്ട ലക്ഷ്യങ്ങൾ മുൻഗണനാ ക്രമവും അടിയന്തര സ്വഭാവവും അനുസരിച്ച് തീരുമാനിക്കുകയും നിശ്ചിത സമയത്തിനകം അവിടെ എത്താൻ മനസുവയ്ക്കുകയും ചെയ്യുമ്പോൾ ജീവിതത്തിന് അടുക്കും ചിട്ടയുമുണ്ടാകും. ഇവർ 'സമയമില്ല' എന്ന പരാതിക്കാരല്ല. കർമങ്ങളിൽ നിന്ന് കർമങ്ങളിലേക്ക് അവർ ഒഴുകി നീങ്ങും. സമയഘടികാരത്തെ സ്വന്തം കർമങ്ങളുടെ താളമാക്കുന്ന വിജയികളാണ് അവർ.

# എണ്ണം പെരുകി, കാട്ടിൽ സ്ഥലമില്ല

**കാടിന്റെ വാഹക ശേഷിയിൽ കൂടുതലുള്ള മൃഗങ്ങളുടെ എണ്ണം ശാസ്ത്രീയമായി ക്രമപ്പെടുത്തുക എന്നുള്ളതാണ് വന്യമൃഗ ശല്യം നേരിടാനുള്ള ഒരേയൊരു പരിഹാരമാർഗം. ഇത് ലോകം മുഴുവൻ തുടർന്നു വരുന്ന വന്യജീവി മാനേജ്മെന്റ് രീതിയാണ്**

കേരളത്തിൽ ഈ അടുത്ത കാലത്ത് ഇത്രയും രൂക്ഷമായി വന്യമൃഗശല്യം ഉണ്ടാകുവാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം കേരളത്തിലെ വനത്തിന് ഉൾക്കൊള്ളാൻ പറ്റാത്ത വിധത്തിൽ വന്യമൃഗങ്ങൾ പെരുകിയിരിക്കുന്നു എന്നുള്ളതാണ്. ഉദാഹരണത്തിന് ആനയുടെ കാര്യം എടുക്കാം. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കണക്കുകൾ പ്രകാരം 1993ലെ സെൻസസിൽ കേരളത്തിൽ 4286 കാട്ടാനകളാണ് ഉണ്ടായിരുന്നത്. 2011 ൽ ഇത് 7490 ആനകൾ ആയി ഉയർന്നു. എന്നുവച്ചാൽ ഒരു വർഷം ശരാശരി 178 ആനകൾ കേരളത്തിലെ വനത്തിൽ വർദ്ധിക്കുന്നു എന്നർത്ഥം. ഈ ആനകൾക്ക് മുഴുവൻ ആവശ്യമായ സ്ഥലവും തീറ്റയും വെള്ളവും കേരളത്തിലെ വനങ്ങളിൽ ഉണ്ടോ എന്നുള്ളതാണ് ചോദ്യം.

അന്താരാഷ്ട്രതലത്തിൽ ലഭ്യമായ കണക്കുകൾ പ്രകാരം ഒരു ആനയ്ക്ക് ഏകദേശം 25 സ്ക്വയർ കിലോമീറ്റർ സ്ഥലം ആവശ്യമാണ്. അങ്ങനെ നോക്കുകയാണെങ്കിൽ നിലവിൽ കേരളത്തിലെ വനത്തിലെ സ്ഥിതി അനുസരിച്ച് കേരളത്തിൽ 450 മുതൽ 500 ആനകൾ വരെ മാത്രമേ പറ്റൂ. ആ കേരളത്തിലാണ് നിലവിൽ 6000 മുതൽ 7000 വരെ ആനകൾ ഉള്ളത്.

ഇനി കടുവയുടെ കാര്യമെടുക്കുകയാണെങ്കിൽ കേരളത്തിൽ ഏറ്റവും കൂടുതൽ കടുവകൾ ഉള്ളത് വയനാട് വന്യജീവി സങ്കേതത്തിൽ ആണ്. വയനാട് വന്യജീവി സങ്കേതത്തിന്റെ വിസ്തീർണ്ണം 344 സ്ക്വയർ കിലോമീറ്റർ ആണ്. ഒരു കടുവക്ക് ശരാശരി 20 സ്ക്വയർ കിലോമീറ്റർ (5000 ഏക്കർ) സ്ഥലം വേണം എന്നാണ് കണക്ക്. അങ്ങനെ നോക്കുമ്പോൾ വയനാട് വന്യജീവി സങ്കേതത്തിൽ ഉൾക്കൊള്ളാൻ പറ്റുന്നത് പരമാവധി 18 –20 കടുവകളെയാണ്. എന്നാൽ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽ 125 മുതിർന്ന കടുവകളും 25 ഓളം കടുവാകുട്ടികളുമുണ്ട് എന്നാണ് കണക്ക്. അതായത് വയനാട് വന്യജീവി സങ്കേതത്തിന് ഉൾക്കൊള്ളാൻ കഴിയുന്നതിന്റെ 7 ഇരട്ടിയിലധികമാണ് നിലവിൽ വയനാട്ടിലെ കടുവകളുടെ എണ്ണം.

കാട്ടുപോത്ത്, മലയണ്ണാൻ, മാനുകൾ, കാട്ടുപന്നി അടക്കമുള്ള മറ്റു ഏതാണ്ടെല്ലാ ജീവികളുടെ എണ്ണത്തിലും ഇത്തരത്തിൽ വർധനവുണ്ട് എന്നത് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറ് കണക്കുകളിൽ തന്നെ വ്യക്തമാണ്. അതിരൂക്ഷമായി തുടരുന്ന ഈ വന്യമൃഗശല്യത്തിന് പരിഹാരം ആയി വേലികെട്ടൽ, ട്രഞ്ച് എടുക്കൽ പോലെയുള്ള താൽക്കാലിക പരിഹാരമാർഗങ്ങൾ പ്രായോഗികമല്ല. മറിച്ചു കാടിന്റെ വാഹക ശേഷിയിൽ (carrying capacity) കൂടുതലുള്ള മൃഗങ്ങളുടെ എണ്ണം ശാസ്ത്രീയമായി ക്രമപ്പെടുത്തുക എന്നുള്ളതാണ് ഇതിനുള്ള ഒരേയൊരു പരിഹാരമാർഗം. ഇത് ലോകം മുഴുവൻ തുടർന്നു വരുന്ന വന്യജീവി മാനേജ്മെന്റ് രീതിയാണ്. ഉദാഹരണത്തിന് ഓസ്ട്രേലിയയിൽ കങ്കാരുക്കൾ അവിടുത്തെ ദേശീയ മൃഗമാണ്. എന്നിരിക്കിലും അവയുടെ എണ്ണം ക്രമാതീതമായി പെരുകുമ്പോൾ നിശ്ചിത കാലയളവിൽ കങ്കാരുക്കളെ വേട്ടയാടാൻ അവിടെ അനുമതി നൽകുന്നുണ്ട്.

അതുപോലെ അമേരിക്കയിലെ യെല്ലോ സ്റ്റോൺ നാഷണൽ പാർക്കിൽ കാട്ടുപോത്തുകളെ വേട്ടയാടാൻ എല്ലാ വർഷവും അനുവദിക്കുന്നുണ്ട്. അമേരിക്കയിലും യൂറോപ്പിലും മിക്ക രാജ്യങ്ങളിലും ഓരോ സീസൺ അനുസരിച്ച് വന്യജീവികളെ വേട്ടയാടാൻ അനുവദിക്കുകയും അതുവഴി അവയുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയുകയും ചെയ്യുന്നുണ്ട്.

ദൗർഭാഗ്യവശാൽ കേരളത്തിലെ ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറ് ഇങ്ങനെ ഒരു കാര്യത്തോട് മുഖംതിരിഞ്ഞു നിൽക്കുകയാണ്. ഈ അവസ്ഥ മാറേണ്ടതുണ്ട്. അതിനാദ്യം ഉണ്ടാവേണ്ടത് കേരളത്തിനും ഇന്ത്യക്കും ഒരു വന്യജീവി നയമാണ്. നിലവിൽ നമുക്ക് വന്യജീവി സംരക്ഷണ നിയമം ഉണ്ടെങ്കിലും, വന്യജീവി സംരക്ഷണത്തിന്റെ എല്ലാ വശങ്ങളും കൃത്യമായി പ്രതിപാദിക്കുന്ന വന്യജീവി നയം നിലവിലില്ല. അതുണ്ടാവണം. ആ നയത്തിൽ ഓരോ പ്രധാനപ്പെട്ട ജീവി വർഗത്തിന്റെയും എണ്ണം എത്ര വരെ ആകാം എന്നുള്ള കണക്കുണ്ടാവുകയും ആ നയത്തിനനുസരിച്ചു അവയുടെ എണ്ണം ക്രമീകരിക്കാനുള്ള നിയമപരമായ ചട്ടക്കൂടുകൾ നിലവിൽ വരുകയും വേണം.

വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന എല്ലാ നാശനഷ്ടങ്ങൾക്കും ആശ്വാസ ധനസഹായം നല്കാൻ 1980 ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals എന്ന നിയമപ്രകാരം വ്യവസ്ഥയുണ്ട്. വന്യമൃഗങ്ങൾ ഉണ്ടാക്കിയ നഷ്ടത്തിന് പരിഹാരം ചോദിച്ചുകൊണ്ട് ഫോറസ്റ്റ് ഓഫീസിൽ ചെല്ലുമ്പോൾ, ഇതിനൊന്നും നഷ്ടപരിഹാരം തരാൻ നിയമമില്ല എന്നുപറഞ്ഞുകൊണ്ട് പാവപ്പെട്ട കർഷകരെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ മടക്കി അയച്ചിട്ടുള്ള നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. നിയമത്തെപ്പറ്റിയുള്ള കർഷകരുടെ അജ്ഞത മുതലെടുക്കുകയാണ് ഇവിടെ സംഭവിക്കുന്നത്. അത് തികച്ചും തെറ്റാണ്. നടപടിക്രമങ്ങളുടെ ബാഹുല്യം കൊണ്ടും നൽകുന്നത് തുച്ഛമായ തുകയായതുകൊണ്ടും പൊതുവെ കർഷകർ നഷ്ടപരിഹാരത്തിന് അപക്ഷിക്കാറില്ല. ഇത് തികച്ചും തെറ്റായ പ്രവണതയാണ്. വനം വകുപ്പ് ഉന്നത അധികാരികൾ ഓരോ പ്രദേശത്തുമുള്ള വന്യമൃഗശല്യത്തിന്റെ രൂക്ഷത അളക്കുന്നതും ഫെൻസിങ് അടക്കമുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കു പണം അനുവദിക്കുന്നതും ഓരോ റേഞ്ചിന് കീഴിലും എത്ര പരാതികൾ വന്നിട്ടുണ്ട് എന്ന് നോക്കിയാണ്. ഇപ്പോൾ ഇത്തരം പരാതികൾ ഓൺലൈൻ ആയി സമർപ്പിക്കാനുള്ള സൗകര്യവും ഉണ്ട്. അതുകൊണ്ടു തന്നെ എല്ലാ കർഷകരും ഈ സൗകര്യം പ്രയോജനപ്പെടുത്തി പരമാവധി പരാതികൾ രജിസ്റ്റർ ചെയ്യണം.

### നഷ്ടപരിഹാരത്തിന് എങ്ങനെ അപേക്ഷിക്കണം?

www.edistrict.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. യൂസർ ലോഗിൻ ഉണ്ടാക്കി അപേക്ഷകന് നേരിട്ടോ അല്ലെങ്കിൽ അക്ഷയകേന്ദ്രങ്ങൾ മുഖേനയോ അപേക്ഷ സമർപ്പിക്കാം. താഴെ പറയുന്ന കാര്യങ്ങൾക്കാണ് അപേക്ഷ നല്കാൻ സാധിക്കുക.


- വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന മരണം അല്ലെങ്കിൽ പരിക്ക്.
- വളർത്തു മൃഗങ്ങളുടെ മരണം.
- വിളകൾക്കുണ്ടാകുന്ന നഷ്ടം.
- വീടിനോ വസ്തുവകകൾക്കോ ഉണ്ടാകുന്ന നഷ്ടം.

തിരിച്ചറിയൽ രേഖ, നികുതി പണമടച്ച രസീത്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ കോപ്പിയും നാശനഷ്ടം കാണിക്കുന്ന ഫോട്ടോ ഉണ്ടെങ്കിൽ അതും അപേക്ഷയോടൊപ്പം സമർപ്പിക്കണം.

### പ്രധാനപ്പെട്ട വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരം

● കായ്ക്കുന്ന തെങ്ങ് (770 രൂപ) ● കുലച്ച വാഴ (110 രൂപ) ● വെട്ടുന്ന റബ്ബർ (330 രൂപ) ● കായ്ക്കുന്ന കശുമാവ് (165 രൂപ) ● കായ്ക്കുന്ന കവുങ്ങ് (165 രൂപ) ● കായ്ക്കുന്ന കൊക്കോ (110 രൂപ) ● കായ്ക്കുന്ന ജാതി (440 രൂപ).

### വന്യമൃഗങ്ങളുടെ വർധനവ് കഴിഞ്ഞ വർഷങ്ങളിൽ




**വനത്തിനു പുറത്തുള്ള പാമ്പു കടിയേറ്റുള്ള മരണത്തിനും വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗത്തിനും 2 ലക്ഷം രൂപ വീതം നഷ്ട പരിഹാരം ലഭിക്കും.**

### വന്യമൃഗ ആക്രമണം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു നിലവിൽ നൽകുന്ന നഷ്ടപരിഹാരം

| നഷ്ടപരിഹാര സ്വഭാവം | നിലവിലുള്ള നഷ്ടപരിഹാര തുക | റിമാർക്സ് |
|---|---|---|
| വന്യജീവി ആക്രമണം മൂലമുള്ള മരണം | 10 ലക്ഷം രൂപ (പട്ടിക വിഭാഗക്കാർക്ക് ഒരു ലക്ഷം രൂപ അധികം ലഭിക്കും) | ബന്ധുത്വ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ 5 ലക്ഷം രൂപ 24 മണിക്കൂറിനകം നല്കാൻ DFO ക്കു അധികാരമുണ്ട്. ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കി 7 ദിവസത്തിനകം നൽകേണ്ടതാണ്. |
| വന്യജീവി ആക്രമണം മൂലം മനുഷ്യർക്ക് ഉണ്ടാകുന്ന പരിക്ക് | 2 ലക്ഷം രൂപ. പട്ടിക വിഭാഗക്കാർക്ക് പരിധിയില്ലാതെ ചിലവായ തുക മുഴുവൻ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകും | കേരള സർക്കാർ സർവീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ആവശ്യമാണ്. |
| വന്യജീവി ആക്രമണം മൂലം വീട് / വസ്തു വകകൾ, വളർത്തുമൃഗ നഷ്ടം | 1 ലക്ഷം രൂപ | വീട് / വസ്തുവകകളുടെ നഷ്ടത്തിന് ഫോറസ്റ്റ് വകുപ്പ് നിയോഗിക്കുന്ന എൻജിനീയറുടെ എസ്റ്റിമേറ്റ് ആവശ്യമാണ്. വളർത്തു മൃഗങ്ങളുടെ കാര്യത്തിൽ വെറ്ററിനറി സർജന്റെ റിപ്പോർട്ടും ആവശ്യമാണ്. |
| വന്യജീവി ആക്രമണം മൂലമുള്ള വിള നാശം | 1 ലക്ഷം രൂപ ഒരു തവണ. 6 മാസത്തിനുള്ളിൽ അപേക്ഷിക്കണം | ഒരു വർഷം 4 തവണ അപേക്ഷ കൊടുക്കാം. അങ്ങനെ ഒരുവർഷം 4 ലക്ഷം രൂപ വരെ ലഭിക്കാം. മൊത്തം ഒരു ലക്ഷം രൂപയിൽ കൂടുതൽ നഷ്ടം ഒറ്റ പ്രാവശ്യം ഉണ്ടായിട്ടുണ്ടെങ്കിൽ വേറെ വേറെ അപേക്ഷ കൊടുക്കുക. ഒരു അപേക്ഷയിൽ 1 ലക്ഷം രൂപ വരെയേ നൽകൂ. |

# വന്യമൃഗ ആക്രമണം: എന്തു ചെയ്യാം

**സർക്കാർ അനുവദിക്കുന്ന കുറഞ്ഞ നഷ്ടപരിഹാരത്തിനു പുറമേ വന്യമൃഗ ആക്രമണം മൂലം കൂടുതൽ നഷ്ടപരിഹാരം ലഭിക്കുവാൻ അവകാശം ഉള്ളതാണ്. അതിനായി നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കും**

വന്യമൃഗ ആക്രമണത്തെ സംബന്ധിച്ച തെളിവുകൾ നഷ്ടപ്പെടാതെ നോക്കുന്നതിനു പ്രഥമ പരിഗണന നൽകണം. ഓരോ സംഭവത്തിനും തെളിവുകൾ വ്യത്യസ്തമായിരിക്കും, എങ്കിലും ഭൂരിപക്ഷം സംഭവങ്ങളിലും മൃഗങ്ങളുടെ കാൽപ്പാടുകൾ ആണ് പ്രധാന തെളിവ്. അത്തരം കാൽപാടുകൾ മഴമൂലമോ കാണാൻ എത്തുന്ന ആളുകളുടെ അശ്രദ്ധമൂലമോ നഷ്ടപ്പെടാതിരിക്കാൻ വേണ്ട മുൻകരുതലുകൾ എടുക്കണം. സാധ്യമാകുന്നത്ര തെളിവുകൾ ശേഖരിക്കുകയും അവ പരാതി വഴി സർക്കാർ രേഖകളുടെ ഭാഗമാകുകയും അച്ചടി–ദൃശ്യ മാധ്യമങ്ങളിൽ വാർത്തകൾ ആക്കുകയും ചെയ്യണം. ജനപ്രതിനിധികളെ സംഭവസ്ഥലത്ത് എത്തിച്ചു, അവരുടെ പ്രസ്താവന മാധ്യമങ്ങളിൽ എത്തിക്കുന്നത് കൂടുതൽ വാർത്താപ്രാധാന്യം ലഭിക്കാൻ സഹായിക്കും. ഇത്തരം തെളിവുകളും വാർത്തകളും മുന്നോട്ടുള്ള നമ്മുടെ പോരാട്ടത്തിൽ വിജയം നേടാൻ ഏറെ സഹായകരമാവും.

ഏത് മൃഗമാണ് ആക്രമിച്ചത്/ഭീഷണി ഉയർത്തിയത് എന്ന് സ്പഷ്ടമാക്കാൻ സാധിച്ചാൽ നമ്മുടെ തെളിവുകൾ കൂടുതൽ കരുത്തുള്ളവയാകും. തെളിവുകൾ ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ (പോലീസ്, ഫോറസ്റ്റ്) എത്രയും പെട്ടെന്ന് എത്തിക്കണം. അങ്ങനെ സമർപ്പിക്കുന്ന എല്ലാ തെളിവുകളുടെയും രേഖകളുടെയും പകർപ്പുകൾ സൂക്ഷിക്കേണ്ടതാണ്.

സമീപത്തുള്ള കിഫയുടെ യൂണിറ്റുമായി ബന്ധപ്പെട്ടാൽ സന്ദർഭത്തിന് അനുസരിച്ചു സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭിക്കുന്നതാണ്.

## വന്യമൃഗങ്ങളാൽ കൊല്ലപ്പെട്ടാൽ

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മനുഷ്യജീവന് ഹാനിയുണ്ടായാൽ ഉടൻ സമീപത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരമറിയിക്കുകയും പോലീസ് മുമ്പാകെ ദൃക്സാക്ഷിയോ, കുടുംബാംഗമോ, സമീപവാസിയോ സത്യസന്ധവും കൃത്യവുമായ മൊഴി കൊടുക്കുകയും ചെയ്യുക. നേരിട്ട് കണ്ടതോ, അറിവുള്ളതോ ആയ കാര്യങ്ങൾ വ്യക്തമായി ബോധിപ്പിക്കുക. പോലീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രഥമവിവര റിപ്പോർട്ടിൽ (FIR) ബോധ്യപ്പെടുത്തിയ കാര്യങ്ങൾ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം ഒപ്പിട്ടു കൊടുക്കുക. സാധ്യമാകുന്നിടത്തോളം മൃഗം ഏതാണെന്ന് സംശയത്തിനതീതമായി തെളിയിക്കാൻ ഉതകുന്ന വിവരങ്ങൾ കൃത്യതയോടെ ബോധിപ്പിക്കണം. അതിൽ വീഴ്ച്ച പറ്റിയാൽ ആശ്രിതർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തിന് തടസ്സം നേരിട്ടേക്കാം.

മൃതശരീരം ഇൻക്വസ്റ്റ് (ഉദ്യോഗസ്ഥർ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്ന പ്രക്രിയ) ചെയ്യുന്ന സമയം, ഈ രേഖയിൽ സാക്ഷികളായി ഒപ്പുവയ്ക്കാൻ രണ്ട് ആളുകൾ വേണം. കൂടാതെ നടപടികളുടെ ഭാഗമായി രണ്ടു സാക്ഷികളുടെ മൊഴി കൂടി എടുക്കും. ഈ മൊഴികളിൽ ഒന്ന് പ്രഥമ വിവരം നൽകിയ വ്യക്തി അല്ലാത്ത ഒരു ദൃക്സാക്ഷിയും (അല്ലെങ്കിൽ കേട്ടറിഞ്ഞ സമീപവാസിയും) മറ്റേ സാക്ഷി ബന്ധുവും ആകണം. ഇൻക്വസ്റ്റ് സമയത്തും സംഭവത്തെ സംബന്ധിച്ച് കൃത്യമായ വിവരണവും ആക്രമിച്ച വന്യമൃഗം ഏതാണെന്നും വ്യക്തമായി ബോധിപ്പിക്കണം.

അന്വേഷണ ഉദ്യോഗസ്ഥൻ (പോലീസ്) സംഭവസ്ഥലം പരിശോധിക്കുന്ന അവസരത്തിൽ മുമ്പ് മൊഴി കൊടുത്ത ആളുകൾ അല്ലാത്ത മറ്റൊരു ദൃക്സാക്ഷി (അങ്ങനെ ഒരു ദൃക്സാക്ഷി ഉണ്ടെങ്കിൽ) സംഭവസ്ഥലം കൃത്യമായി ഉദ്യോഗസ്ഥന് കാണിച്ചു കൊടുക്കേണ്ടതാണ്. അങ്ങനെ മറ്റൊരു ദൃക്സാക്ഷി ഇല്ലെങ്കിൽ പ്രഥമ വിവരം നൽകിയ ദൃക്സാക്ഷിക്കുതന്നെ സംഭവസ്ഥലം കൃത്യമായി ഉദ്യോഗസ്ഥന് കാണിച്ചു കൊടുക്കാവുന്നതാണ്. സംഭവസ്ഥലത്തു നിന്നും ആക്രമിച്ച വന്യമൃഗത്തിന്റെ സാന്നിധ്യം തെളിയിക്കുന്ന എല്ലാ തെളിവുകളും സംഭവസ്ഥലം പരിശോധിച്ച് തയ്യാറാക്കുന്ന മഹസ്സറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. അത് ബോധ്യപ്പെട്ടതിനു ശേഷം മാത്രം മഹസ്സറിൽ മറ്റ് രണ്ട് സാക്ഷികൾ ഒപ്പിട്ടാൽ മതിയാകും. ഉദ്യോഗസ്ഥർ സംഭവസ്ഥലം പരിശോധിക്കുന്ന അവസരത്തിൽ സമീപത്തുള്ള ഒരു സ്റ്റുഡിയോയിൽ നിന്ന് ഫോട്ടോഗ്രാഫറെ വിളിച്ച് ഫോട്ടോ എടുപ്പിച്ച് ബിൽ സഹിതം സൂക്ഷിക്കാവുന്നതാണ്. സംഭവസ്ഥലം പരിശോധിക്കുന്ന നടപടി വൈകി തെളിവ് നഷ്ടപ്പെടുവാൻ സാധ്യതയുള്ള അവസരങ്ങളിലും ഫോട്ടോ എടുപ്പിക്കാവുന്നതാണ്. ഫോട്ടോയിൽ വന്യമൃഗത്തിൻറെ കാൽപ്പാടുകളോ രക്തക്കറയോ മറ്റേതെങ്കിലും തരത്തിലുള്ള തെളിവുകളോ ഉണ്ടെങ്കിൽ അതും കൃത്യമായി പകർത്തേണ്ടതാണ്.

പോസ്റ്റുമോർട്ടം നടപടികൾ മറ്റ് സ്വാധീനങ്ങൾക്ക് വഴിപ്പെടാതെ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തണം. പോസ്റ്റ്മോർട്ടത്തിൽ ഡോക്ടറുടെ/പോലീസ് സർജന്റെ നിഗമനം (മരണകാരണം) രേഖപ്പെടുത്തുന്നതാണ്. ഈ നിഗമനം മരണകാരണത്തിന് ഇടയായ പരുക്കിനെ സംബന്ധിച്ചും വന്യമൃഗം ആക്രമിച്ചാൽ ഇത്തരം പരിക്ക് സംഭവിക്കാൻ സാധ്യതയുണ്ടോയെന്നും വിവരിക്കുന്നതാണ്. (പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ കാട്ടുപന്നി ആക്രമണം മൂലമാണ് മരണം എന്ന് എടുത്തു പറഞ്ഞിട്ടില്ല എന്ന് പറഞ്ഞുകൊണ്ട് നഷ്ടപരിഹാരം നിഷേധിച്ച സാഹചര്യം ഉണ്ടായിട്ടുണ്ട്.) ഇപ്രകാരം ഒരു നിഗമനത്തിൽ എത്തിച്ചേരുന്നതിനായി ഇൻക്വസ്റ്റ് റിപ്പോർട്ട് (മുൻപ് വിവരിച്ചത്) ഡോക്ടർ പരിശോധിക്കുന്നതാണ്. ഇത് ഇൻക്വസ്റ്റ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങൾ ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. കൂടാതെ ദൃക്സാക്ഷികളോ സംഭവത്തെ കുറിച്ച് വ്യക്തമായ അറിവുള്ള ആരെങ്കിലുമോ ഡോക്ടർക്ക്/പോലീസ് സർജ്ജന് മരണത്തെ സംബന്ധിച്ച വിവരങ്ങളും, ആക്രമിച്ച വന്യമൃഗം ഏതെന്നും പറഞ്ഞു കൊടുക്കുന്നത് സഹായകരമാകും.

മരണം സംബന്ധിച്ച് വ്യക്തിയുടെ ബന്ധുവിന് നിർദ്ദിഷ്ട ഫോറത്തിൽ വനം വകുപ്പിന് നഷ്ടപരിഹാരത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നും 'Surviving family membership certificate' (ബന്ധുത്വ സർട്ടിഫിക്കറ്റ്) കൂടി സമർപ്പിക്കേണ്ടതാണ്. ബന്ധുത്വ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മരണം നടന്ന് 24 മണിക്കൂറിനകം 5 ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കേണ്ടതാണ്. പിന്നീട് വില്ലേജ് ഓഫീസ് മുഖേന അനന്തരാവകാശ സർട്ടിഫിക്കറ്റ് (Legal heirship certificate) വാങ്ങി ബാക്കി 5 ലക്ഷം രൂപയ്ക്കും അപേക്ഷിക്കാവുന്നതാണ്. അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകിയാൽ 7 ദിവസത്തിനകം ബാക്കി 5 ലക്ഷം രൂപ നൽകണമെന്നാണ് ചട്ടം.

മരിച്ച വ്യക്തിയുടെ അവകാശികൾക്ക് സർക്കാർ അനുവദിച്ചതിൽ കൂടുതൽ നഷ്ടപരിഹാരം ലഭിക്കുവാൻ നിയമ നടപടികൾ സ്വീകരിക്കുവാൻ അവകാശം ഉള്ളതാണ്.

## വന്യമൃഗങ്ങൾ പരുക്കേൽപ്പിച്ചാൽ


ഉടൻ തന്നെ സമീപത്തുള്ള ആശുപത്രിയിൽ ചികിത്സ തേടുക. ആശുപത്രിയിൽ പ്രഥമ ശുശ്രൂഷ നൽകുന്ന സമയത്ത് തയ്യാറാക്കുന്ന 'Accident cum wound certificate' ൽ പരുക്ക് സംഭവിക്കാൻ കാരണമായ സംഭവത്തെ കുറിച്ച് വ്യക്തമായി വിവരിച്ചു കൊടുക്കേണ്ടതാണ്. പരുക്കുപറ്റിയ വിവരം പരുക്കുപറ്റിയ വ്യക്തിക്കോ അദ്ദേഹത്തിന്റെ ഒപ്പമുള്ള വ്യക്തിക്കോ വിവരിച്ചു കൊടുക്കാവുന്നതാണ്.

പരുക്ക് പറ്റിയ വ്യക്തിക്ക് ചികിത്സ ഉറപ്പാക്കിയശേഷം ദൃക്സാക്ഷികളിൽ ഒരാൾക്കോ അല്ലെങ്കിൽ മറ്റാർക്കെങ്കിലുമോ സംഭവം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കാവുന്നതാണ്. സാധ്യമാകുന്നിടത്തോളം സംഭവം കൃത്യമായി വിവരിച്ച് ഒരു പരാതി കൊടുക്കുക. പരുക്കുപറ്റിയ വ്യക്തിയോ ഒപ്പമുള്ള വ്യക്തിയോ ആശുപത്രിയിൽ കൊടുത്ത മൊഴി തന്നെയാവണം പോലീസിലും ബോധിപ്പിക്കുവാൻ. വ്യത്യസ്തമായ മൊഴികൾ ആണെങ്കിൽ അവ സത്യമല്ല എന്ന് അനുമാനിക്കാവുന്നതാണല്ലോ. സത്യം മാത്രം ബോധിപ്പിക്കാൻ ശ്രദ്ധിക്കുക. സംഭവസ്ഥല മഹസ്സർ ഇവിടെയും പ്രസക്തമാണ്. മരണവുമായി ബന്ധപ്പെട്ട് നടപടികളുടെ ഭാഗമായി മുൻപ് വിവരിച്ച കാര്യങ്ങൾ ഇവിടെയും അവലംബിക്കുക.

പരുക്ക് സംഭവിച്ച വ്യക്തിക്ക് നഷ്ടപരിഹാരത്തിനായി DFO/ റേഞ്ചർ മുമ്പാകെ വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ചികിത്സക്ക് ചിലവായ മുഴുവൻ തുകയുടെയും ബില്ലുകൾ നിർബന്ധമായും അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്


സർക്കാർ അനുവദിക്കുന്ന കുറഞ്ഞ നഷ്ടപരിഹാരത്തിനു പുറമേ വന്യമൃഗ ആക്രമണം മൂലം കൂടുതൽ നഷ്ടപരിഹാരം ലഭിക്കുവാൻ അവകാശം ഉള്ളതാണ്. അതിനായി നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. അത്തരം പോരാട്ടങ്ങളിൽ വിജയം നേടാൻ മേൽവിവരിച്ച ഓരോ നടപടികളും സഹായകരമാകും.

**വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെട്ടവർ**






**വന്യമൃഗ ആക്രമണത്തിൽ പരിക്കേറ്റവർ**



# സർക്കാരുകൾ ചെയ്യേണ്ടത്

**വന്യമൃഗശല്യം അവസാനിപ്പിക്കാൻ സർക്കാർ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ**



- International Union for Conservation of Nature (IUCN) Conservation Status പ്രകാരം LEAST CONCERN വിഭാഗത്തിൽ പെടുന്ന വന്യമൃഗങ്ങളെ (ഉദാഹരണം: കാട്ടുപന്നി, കുരങ്ങ്) ഒരു വർഷത്തേക്ക് VERMIN ആയി പ്രഖ്യാപിക്കുവാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുക. അങ്ങനെ ക്ഷുദ്ര ജീവികളായി പ്രഖ്യാപിക്കുന്നതു വരെ വന്യജീവി സംരക്ഷണ നിയമത്തിലെ 11 (1b) വകുപ്പുകൾ പ്രകാരം അവയെ ഉപാധിരഹിതമായി കൊല്ലുവാനുള്ള അനുവാദം കർഷകർക്ക് നൽകുക.
- വനത്തിന്റെ CARRYING CAPACITY നിർണയം അന്താരാഷ്ട്ര ഏജൻസികളെക്കൊണ്ട് നടത്തി പ്രസിദ്ധീകരിക്കുകയും, ഏതെങ്കിലും വന്യജീവി വർഗം CARRYING CAPACITY ക്കു അതീതമായി പെറ്റു പെരുകുന്നുണ്ടോ എന്ന് സ്ഥിരമായി നിരീക്ഷിച്ചു അങ്ങനെ പെരുകുന്നവയുടെ എണ്ണം ശാസ്ത്രീയമായ CULLING ലൂടെ ക്രമീകരിക്കുക.
- കേരളത്തിൽ അതിരൂക്ഷമായി തുടരുന്ന വന്യജീവി ശല്യം നിയന്ത്രിക്കാൻ വനാതിർത്തിയിൽ നിന്നും 500 മീറ്റർ ഉള്ളിലേക്ക് Human Sensitive Zone (HSZ) സ്ഥാപിക്കുകയും വന്യമൃഗങ്ങളെ HSZ അതിർത്തിയിൽ തടയുകയും ചെയ്യുക.
- വന്യജീവി ശല്യം നേരിടാൻ ആവശ്യമായ പുതിയ തോക്കു ലൈസൻസുകൾ ഉടനടി അനുവദിക്കുകയും, പുതുക്കാത്ത ലൈസൻസുകൾ പുതുക്കി നൽകുകയും ഇപ്പോൾ പോലീസ് സ്റ്റേഷനുകളിൽ ഏല്പിച്ചിരിക്കുന്ന തോക്കുകൾ ഉടനടി മടക്കി നൽകുകയും ചെയ്യുക.
- WPC No 12496 OF 2021 (J) കേസിൽ 2021 ജൂലൈ 23 നു കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കൃഷിക്കും ജീവനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധി രഹിതമായി വേട്ടയാടാനുള്ള അവകാശം 6 കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ അവകാശം കേരളത്തിലെ മുഴുവൻ കർഷകർക്കും നൽകുക.
- വന്യജീവികളെ വളർത്തേണ്ടത് വനത്തിലായതുകൊണ്ടും, അതിന്റെ പരിപൂർണമായ ഉത്തരവാദിത്തം വനംവകുപ്പിനും സംസ്ഥാന സർക്കാരിനും ആയതുകൊണ്ടും, സർക്കാർ ആ ഉത്തരവാദിത്തം നിറവേറ്റാതെ വന്യജീവികൾ കൃഷിയിടത്തിൽ ഇറങ്ങിയാൽ, അത്തരം വന്യജീവികളെ ഏതു മാർഗം ഉപയോഗിച്ചും നേരിടുവാനും സ്വന്തം ജീവനും കൃഷിയും സംരക്ഷിക്കാനുള്ള ഭരണഘടനാപരമായ അവകാശം (Article 21) കർഷകർക്കു ഉറപ്പു വരുത്തുക.
- മനുഷ്യ ആവാസ വ്യവസ്ഥയിൽ കടന്നു കയറുന്ന ആന, കടുവ, പുലി , കാട്ടുപോത്ത് ഇത്യാദി മൃഗങ്ങൾക്കു റേഡിയോ കോളർ ഘടിപ്പിക്കുകയും അവ വീണ്ടും മനുഷ്യവാസമേഖലയിൽ കടന്നു കൂടുന്ന പക്ഷം പിടികൂടി ബന്ധനത്തിലാക്കുകയും ചെയ്യുക.
- ഇത്തരം മൃഗങ്ങൾ മനുഷ്യജീവന് ഹാനിയുണ്ടാകുന്ന പക്ഷം വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 11 (1a) പ്രകാരം അവയെ വേട്ടയാടാൻ ഉടനടി ഉത്തരവിടുക.
- വന്യമൃഗ ആക്രമണത്തിൽ കൊല്ലപ്പെടുന്നവർക്കും പരുക്കേൽക്കുന്നവർക്കും ഇപ്പോൾ നൽകുന്ന തുച്ഛമായ ആശ്വാസ ധനത്തിനു പകരം മോട്ടോർ ആക്സിഡന്റ് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ ഓരോ കേസും പ്രത്യേകമായി എടുത്തുകൊണ്ടു, ഓരോരുത്തരുടെയും പ്രായം, ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണം തുടങ്ങിയ മാനദണ്ഡങ്ങൾ വെച്ചുകൊണ്ട് ന്യായമായ നഷ്ടപരിഹാരം ഉറപ്പു വരുത്തുകയും സമയബന്ധിതമായി അത് നൽകുകയും ചെയ്യുക
- കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിന് മറുപടിയായി 2020 ഡിസംബറിൽ കേന്ദ്ര സർക്കാർ കേരളത്തിനു അയച്ച 8–31/2020 WL നമ്പർ കത്തിൽ വളരെ വ്യക്തമായി കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത് പ്രകാരം, കാട്ടുപന്നി ശല്യം നേരിടാനായി പഞ്ചായത്തുകളുടെ സേവനം തേടുകയും പഞ്ചായത്തു പ്രെസിഡന്റുമാരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായി നിയമിക്കുകയും ചെയ്യുക. തെലങ്കാന അടക്കമുള്ള സംസ്ഥാനങ്ങൾ ഈ നിർദേശം നടപ്പാക്കി കഴിഞ്ഞു. കേരളവും ഉടനടി ഇത് നടപ്പാക്കുക. കാട്ടുപന്നിക്കൊപ്പം കുരങ്ങിനെ നേരിടുവാനുള്ള അധികാരവും ഇത്തരത്തിൽ പഞ്ചായത്തുകൾക്ക് നൽകുക.
- വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന വിളനാശത്തിനു ഇപ്പോൾ നൽകുന്ന തുച്ഛമായ ആശ്വാസധനം മാറ്റി, കൃഷി വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം, ഓരോ വിളയ്ക്കും അവയിൽ നിന്ന് നിലവിൽ കിട്ടുന്ന വരുമാനവും, ഭാവിയിൽ കിട്ടാനിടയുള്ള വരുമാനവും കണക്കാക്കി ന്യായമായ നഷ്ടപരിഹാരം ശാസ്ത്രീയമായി നിർണ്ണയിക്കുകയും ആയതു 90 ദിവസത്തിനുള്ളിൽ നൽകുകയും ചെയ്യുക
- മനുഷ്യർ സംരക്ഷിക്കുന്ന വന്യജീവികൾക്കെ നിലനിൽപ്പുള്ളൂ എന്നും, വനാതിർത്തിയിൽ താമസിക്കുന്ന മനുഷ്യരുടെ സഹകരണമില്ലാതെ വനത്തെയും വന്യജീവികളെയും സംരക്ഷിക്കാൻ സാധിക്കില്ല എന്ന ബാലപാഠം ഫോറസ്റ്റ് ഉദ്യോഗസ്ഥരെ പഠിപ്പിക്കുക.
- വനം വകുപ്പിന്റെ വനഭൂമിയിലെ തോട്ടക്കൃഷിയുടെ വിസ്തീർണ്ണം ക്രമമായി കുറച്ചു തൽസ്ഥാനത്തു വന്യ മൃഗങ്ങൾക്ക് തീറ്റയും വെള്ളവും ഉറപ്പു വരുത്തുന്ന സ്വാഭാവിക ആവാസ വ്യവസ്ഥ ഒരുക്കുക.
- കേരളത്തിലെ മുഴുവൻ വനം റവന്യു അതിർത്തി ജോയിന്റ് സർവേയുടെ അടിസ്ഥാനത്തിൽ അളന്നു തിരിച്ചു ഗസറ്റ് വിജ്ഞാപനം ഇറക്കുക.

## കൃഷി നശിപ്പിക്കപ്പെട്ടാൽ

ഉടൻതന്നെ അക്ഷയ സെന്റർ മുഖേനയോ e district മുഖേന ഓൺലൈനായോ അപേക്ഷ സമർപ്പിക്കുക. അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം തന്നെ DFOക്ക് വെള്ളക്കടലാസിൽ എഴുതി തയാറാക്കിയ പരാതി കൊടുക്കുക. പകർപ്പുകൾ റേഞ്ച് ഓഫീസർ, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് Acknowledgement card സഹിതം രജിസ്ട്രേഡ് പോസ്റ്റായി അയക്കുക.

കൃഷിയുടെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടിയുള്ള അനുബന്ധ സൗകര്യങ്ങൾ (ജലസേചന സൗകര്യങ്ങൾ, മതിൽ, വേലി) തുടങ്ങിയവ കൃഷിനാശം ആയി സർക്കാർ പരിഗണിക്കാത്ത സാഹചര്യത്തിൽ അവയെ സംബന്ധിച്ചു പ്രത്യേക പരാതി കൊടുക്കേണ്ടതുണ്ട്. വന്യമൃഗം മൂലം നാശം ഉണ്ടായി എന്ന് പറയുന്നതിന് പകരം ഏത് വന്യമൃഗം എന്ന് വ്യക്തമായി വിവരിക്കാൻ ശ്രദ്ധിക്കുക. ഇവിടെയും ലഭ്യമായ തെളിവുകൾ ശേഖരിച്ചു സൂക്ഷിക്കുക.

ജലസേചനസൗകര്യം, സംരക്ഷണ മതിൽ, വാഹനം, കെട്ടിടം, വളർത്തുമൃഗങ്ങൾ മുതലായ ഏതുതരം നാശമോ നഷ്ടമോ സംഭവിച്ചാലും നഷ്ടപരിഹാരം ആവശ്യപ്പെട്ട് പരാതി കൊടുക്കാവുന്നതാണ്. എന്നാൽ, ഇവ നഷ്ടം സംഭവിച്ച വ്യക്തിയുടെ അവകാശത്തിലും അനുഭവത്തിലും ഉണ്ടായിരുന്നതായി തെളിവ് ആവശ്യമാണ്. കൂടാതെ മുൻപ് സൂചിപ്പിച്ചതു പോലെ അക്രമം നടത്തിയ വന്യമൃഗം ഏതെന്ന് സംബന്ധിച്ച് വ്യക്തത വരുത്താൻ ശ്രദ്ധിക്കുക.

കൃഷിനഷ്ടത്തെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കൊണ്ട് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ ശ്രമിക്കണം. ഉദാഹരണത്തിന് റബ്ബർ കൃഷി ആണെങ്കിൽ റബർ ബോർഡ് ഉദ്യോഗസ്ഥരും അതു പോലെ, ഓരോ കൃഷിയും സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റിപ്പോർട്ട് ചെയ്യുന്നത് നല്ലതാണ്. എന്നാൽ ഇത് സാധ്യമാകാത്ത സാഹചര്യങ്ങളിൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരോ വിളകളെ സംബന്ധിച് പരിജ്ഞാനമുള്ളവരോ പരിശോധിച്ച് റിപ്പോർട്ട് നൽകിയാലും മതിയാകുന്നതാണ്. സാധിക്കുന്നിടത്തോളം സംഭവിച്ച നഷ്ടം വ്യക്തമായി കാണാവുന്ന രീതിയിൽ പ്രദേശത്തെ ഫോട്ടോഗ്രാഫറെ കൊണ്ട് ആവശ്യമായ ഫോട്ടോകൾ എടുപ്പിച്ചു ബിൽ സഹിതം സൂക്ഷിച്ചുവയ്ക്കണം.

നഷ്ടം സംഭവിച്ച കാര്യങ്ങൾ സംബന്ധിച്ച് അധികാരികളിൽ നിന്നും പരിഹാരം ഉണ്ടാകാതെ വരുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരത്തിനായി നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ സമയത്ത് മുൻപ് ശേഖരിച്ച തെളിവുകൾക്ക് വലിയ പ്രാധാന്യം ഉണ്ടാകുന്നതാണ്. നഷ്ടപരിഹാരം അനുവദിച്ച് കിട്ടുന്നതിന് മതിയായ തെളിവുകൾ അനിവാര്യമാണ്. തെളിവുകൾ അടിസ്ഥാനപ്പെടുത്തിമാത്രമാണ് നഷ്ടപരിഹാരം നിജപ്പെടുത്തുന്നത്. തെളിവായി ഹാജരാക്കേണ്ട എല്ലാ രേഖകളും മറക്കാതെ സൂക്ഷിച്ചു വെക്കേണ്ടതാണ്.

***കിഫ (KIFA):*** *കർഷകരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾക്ക് പ്രേരക ശക്തിയാവുക എന്ന ദർശനത്തിലൂന്നി നിന്നുകൊണ്ട് കാർഷികമേഖലയിൽ കൂട്ടായ പ്രവർത്തനത്തിലൂടെയും, ശാക്തീകരണത്തിലൂടെയും, എല്ലാവിധ കർഷക പീഡനങ്ങളെയും പരാജയപ്പെടുത്തുകയും, അതുവഴി കർഷകരുടെ അതിജീവനം ഉറപ്പു വരുത്തുകയും, സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരളത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണ് കിഫ എന്ന ചുരുക്കപ്പേരില റിയപ്പെടുന്ന കേരള ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസോസിയേഷൻ.*

# സമയോചിത ഇടപെടൽ: താരമായി ഷാജി വർഗീസ്

മിഥുൻ മാനുവൽ തോമസ് സംവിധാനം ചെയ്ത 'ആട്' എന്ന സിനിമയിൽ അപകടത്തിൽപെടുന്ന തന്റെ പ്രിയപ്പെട്ടവരെ രക്ഷിക്കാനായി സമയത്ത് ഓടിയെത്തുന്ന നായക കഥാപാത്രമാണ് ജയസൂര്യ അവതരിപ്പിച്ച ഷാജി പാപ്പൻ. ഇതേപോലെ വലിയൊരു ദുരന്തമായി മാറുമായിരുന്ന അപകടത്തിൽ നിന്ന് നാടിനെ രക്ഷിച്ച് താരമായി മാറിയിരിക്കുകയാണ് കോടഞ്ചേരി ഇടവകാംഗം തറപ്പിൽ ഷാജി വർഗീസ്. സാമൂഹിക ഇടപെടൽകൊണ്ട് നാട്ടുകാർ പണ്ടേ ചാർത്തി നൽകിയ ഷാജി പാപ്പൻ എന്ന വിളിപ്പേര് അന്വർത്ഥമായിരിക്കുകയാണ് ഇപ്പോൾ.

വൈദ്യുത ലൈനിൽ തട്ടി ലോറിയിലെ വൈക്കോൽ കൂനയ്ക്ക് തീപിടിച്ചപ്പോൾ ലോറി ചാമ്പലാകുമെന്നാണ് ഡ്രൈവർ കരുതിയത്. നാട്ടുകാർ പരിഭ്രാന്തരായപ്പോൾ പോലീസുകാർ നൽകിയ നിർദ്ദേശമനുസരിച്ച് കത്തിയമരുന്ന ലോറി സുരക്ഷിതമായ സ്ഥലത്തേക്കു മാറ്റാൻ ചങ്കുറപ്പു കാണിച്ചത് ഷാജി വർഗീസാണ്. തീപിടിച്ച ലോഡുമായി ലോറി ഓടിച്ച് സമീപത്തെ സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിലേക്ക് കയറ്റി. ഇറങ്ങി രക്ഷപ്പെടാൻ ആളുകൾ വിളിച്ചു പറയുമ്പോഴും വണ്ടി ഗ്രൗണ്ടിലൂടെ സ്പീഡിൽ ഓടിച്ച് തീയിൽ അമർന്ന വൈക്കോൽ കെട്ടുകൾ താഴേക്കിടാൻ ശ്രമിച്ചത് അദ്ദേഹത്തിന്റെ മനോധൈര്യം ഒന്നുകൊണ്ടു മാത്രമാണ്.



ഭാര്യ ക്ലീൻ, മക്കളായ ഗോഡ്സൺ, ഗോഡ്വിൻ, അൽഫോൻസ എന്നിവരോടൊപ്പം ഷാജി വർഗീസ് തറപ്പിൽ

ഓടിക്കൂടിയ നാട്ടുകാർ സഹായവുമായി എത്തിയതോടെ ലോറിയിലേക്ക് തീപടരാതെ രക്ഷിക്കാനായി. അഗ്നിരക്ഷാസേനാംഗങ്ങളും പൊലീസും കോടഞ്ചേരി കെഎസ്ഇബിയിലെ ജീവനക്കാരും ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുടെ തൊഴിലാളികളുമെല്ലാം ചേർന്നാണു ലോറിയിലും റോഡിലും മൈതാനത്തും വീണു കത്തികൊണ്ടിരുന്ന വൈക്കോൽകെട്ടുകളിലെ തീ അണച്ചത്. കോടഞ്ചേരി ടൗണിലെ വ്യാപാരിയും പാർട്ടൈം ഡ്രൈവറുമാണ് ഷാജി.

ഷാജി വർഗീസിന്റെ രക്ഷാപ്രവർത്തനം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക

# "പ്രതീക്ഷയുടെ തീർത്ഥാടകർ"

## ജൂബിലി വർഷത്തിന്റെ ശീർഷകത്തിന് ഫ്രാൻസിസ് പാപ്പാ അംഗീകാരം നൽകി

കത്തോലിക്കാ സഭയിൽ 25 വർഷത്തെ ഇടവേളകളിൽ ആചരിക്കുന്ന സാധാരണ ജൂബിലി വർഷത്തിന്റെ അടുത്ത ആഘോഷം 2025ൽ നടക്കും. ജൂബിലി വർഷത്തിന്റെ ശീർഷകത്തിന് ഫ്രാൻസിസ് പാപ്പ അംഗീകാരം നൽകി. "പ്രത്യാശയുടെ തീർത്ഥാടകർ" എന്ന രണ്ട് വാക്കുകളിൽ ശീർഷകത്തെ സംഗ്രഹിക്കാമെന്നും ജൂബിലി യാത്രയുടെ മുഴുവൻ അർത്ഥവും സംഗ്രഹിക്കാൻ കഴിയുന്നതാണെന്നും ജൂബിലി പരിപാടിയുടെ സംഘടനാപരമായ ഉത്തരവാദിത്തം നിർവഹിക്കുന്ന നവസുവിശേഷവത്ക്കരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഫിസിക്കെല്ലാ വിശദീകരിച്ചു.

തീർത്ഥാടകരും പ്രത്യാശയും എന്ന തിരഞ്ഞെടുത്ത വാക്കുകൾ രണ്ടും ഫ്രാൻസിസ് പാപ്പയുടെ ഭരണകാലത്തെ പ്രധാന വിഷയങ്ങളെ പ്രതിനിധീകരിക്കുന്നു. ഈ രണ്ട് വർഷത്തിനുള്ളിൽ 'ഒരുപാട് പ്രവർത്തനങ്ങൾ നിർവ്വഹിക്കാനുണ്ട്', പ്രത്യേകിച്ച് താൻ നേതൃത്വം നൽകുന്ന ഡികാസ്റ്ററിയെ പരാമർശിച്ചു കൊണ്ട് ആർച്ച് ബിഷപ്പ് പറഞ്ഞു. പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞുവെങ്കിലും അത് പൂർണ്ണമായും സജീവമാക്കുന്നതിന്, പാപ്പയിൽ നിന്നുള്ള കൂടുതൽ നിർദ്ദേശങ്ങൾക്കായി താൻ കാത്തിരിക്കുകയാണെന്ന് ആർച്ച് ബിഷപ്പ് ഫിസിക്കെല്ല കൂട്ടിച്ചേർത്തു. ജൂബിലി ആഘോഷത്തിൽ പങ്കെടുക്കാൻ ധാരാളം തീർത്ഥാടകർ റോമിൽ വരുമെന്നു പ്രതീക്ഷിക്കുന്നതായും അടുത്ത രണ്ട് വർഷത്തിനുള്ളിൽ ആരോഗ്യ അടിയന്തരാവസ്ഥ ഇന്നത്തെപ്പോലെ പ്രവർത്തനങ്ങളെ ബാധിക്കില്ല എന്ന പ്രതീക്ഷയിലാണെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ജൂബിലി വർഷം കൃപയുടെ പ്രത്യേക വർഷമാണ്, അതിൽ വിശ്വാസികൾക്ക് പൂർണ്ണ ദണ്ഡ വിമോചനം ലഭിക്കാനുള്ള സാധ്യത സഭ പ്രദാനം ചെയ്യുന്നു. പരമ്പരാഗതമായി, ജൂബിലി വർഷം ക്രിസ്തുമസ്സിന് തൊട്ടുമുമ്പ് ആരംഭിച്ച് അടുത്ത വർഷത്തെ പ്രത്യക്ഷീകരണത്തിരുനാളിലാണ് അവസാനിക്കുക. വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലെ വിശുദ്ധ വാതിൽ തുറക്കുന്ന ചടങ്ങോടെയാണ് പാപ്പാ വിശുദ്ധ വർഷം ഉദ്ഘാടനം ചെയ്യുന്നത്. തുടർന്ന് മറ്റ് പേപ്പൽ ബസിലിക്കകളായ – സെന്റ് ജോൺ ലാറ്ററൻ, റോമ നഗരത്തിന്റെ മതിലിന് വെളിയിലുള്ള സെന്റ് പോൾ, സെന്റ് മേരി മേജർ എന്നിവയുടെ വിശുദ്ധ വാതിലുകൾ തുറക്കുകയും ജൂബിലി വർഷാവസാനം വരെ അങ്ങനെ സൂക്ഷിക്കുകയും ചെയ്യും.

# ദേവസഹായം പിള്ള: ഇന്ത്യയുടെ ആദ്യ അല്മായ വിശുദ്ധൻ



സമകാലികം


ജെയിംസ് വെങ്ങിണിക്കൽ

ഫ്രാൻസിസ് മാർപാപ്പ മേയ് 15ന് ദേവസഹായം പിള്ളയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതോടെ ഇന്ത്യയുടെ ആദ്യ അല്മായ വിശുദ്ധനാകും അദ്ദേഹം. തിരുവിതാംകൂറിലെ മികച്ച ഭരണാധികാരിയായിരുന്ന മാർത്താണ്ഡവർമ്മയുടെ കൊട്ടാരത്തിലെ ഉദ്യോഗസ്ഥനായിരുന്ന നീലകണ്ഠൻപിള്ളയാണ് പിന്നീട് ക്രിസ്തുമതം സ്വീകരിച്ച് ദേവസഹായം പിള്ളയായത്. ആ ചരിത്ര സംഭവത്തിന്റെ സംക്ഷിപ്ത വിവരണം: കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ മാർത്താണ്ഡവർമ്മ പരാജയപ്പെടുത്തി. ഡച്ച് പടയാളികളെ തടവുകാരാക്കി. ഡച്ചുകാരുടെ നേതാവ് ഡിലനോയി എന്ന സായിപ്പായിരുന്നു. അയാളുടെ സ്വഭാവവും യുദ്ധനൈപുണ്യവും കണ്ടറിഞ്ഞ മഹാരാജാവ് അദ്ദേഹത്തെ തന്റെ പടയാളികളെ പുതിയ യുദ്ധമുറകൾ പഠിപ്പിക്കുന്നതിനുവേണ്ടി രാജകൊട്ടാരത്തിൽ നിയോഗിച്ചു.

രാജകൊട്ടാരത്തിലെ നടത്തിപ്പുകാരൻ നീലകണ്ഠൻപിള്ളയുമായി ഡിലനോയി നല്ല സുഹൃദ്ബന്ധം സ്ഥാപിച്ചു. നീലകണ്ഠൻ പിള്ള സത്യസന്ധനും രാജാവിനോട് വിധേയത്വമുള്ള ഉദ്യോഗസ്ഥനുമായിരുന്നു. നല്ല ഹൈന്ദവ വിശ്വാസിയായി ജീവിച്ചുവന്ന അദ്ദേഹം തന്റെ കുടുംബത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന ദുരിതവും അനിഷ്ടസംഭവങ്ങളും മാറുവാൻ പതിവുപോലെ കർമ്മങ്ങളും മറ്റ് അനുഷ്ഠാനങ്ങളും നടത്തി. ഒരു ഫലവും ലഭിക്കായ്കയാൽ ഇനിയെന്തു ചെയ്യണമെന്നോർത്ത് വിഷമിച്ചുകഴിയവേ തന്റെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം എന്താണെന്ന് ഉറ്റ സുഹൃത്തുമായി സംസാരിച്ചു.

ഉത്തമ കത്തോലിക്കാ വിശ്വാസിയായിരുന്ന ഡിലനോയി യേശുക്രിസ്തുവിനോട് പ്രാർത്ഥിക്കുകയും അന്ധവിശ്വാസങ്ങളിൽ നിന്ന് മോചനം നേടുകയും ചെയ്താൽ ഫലമുണ്ടാകുമെന്ന് മനസ്സിലാക്കിക്കൊടുത്തു. അതനുസരിച്ച് നീലകണ്ഠൻ പിള്ള പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. യേശുക്രിസ്തുവിനെ കൂടുതൽ അറിയുകയും അതനുസരിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. എല്ലാ രോഗാരിഷ്ടതകളും കുടുംബപ്രശ്നങ്ങളും നീങ്ങിക്കിട്ടി. യേശുക്രിസ്തുവിൽ അടിയുറച്ച് വിശ്വസിച്ച അദ്ദേഹം ലാസർ അഥവാ ദേവസഹായം പിള്ള എന്ന നാമധേയം സ്വീകരിച്ചു. ഭാര്യ ഭാർഗവി ജ്ഞാനപ്പൂവ് എന്ന പേരിലും അറിയപ്പെട്ടു.

കൊട്ടാരത്തിൽ ഇത് വലിയ ഒച്ചപ്പാടുണ്ടാക്കി. കൊട്ടാരവാസികളുടെ കള്ള ത്തരങ്ങൾക്ക് കൂട്ടുനിൽക്കാത്തതിനാൽ ദേവസഹായം പിള്ള ഒറ്റപ്പെടുത്തപ്പെട്ടു. ചെയ്യാത്ത കുറ്റങ്ങൾ അദ്ദേഹത്തിന്റെ മേൽ ചുമത്തപ്പെട്ടു. യാഥാസ്ഥിതികരായ ഉദ്യോഗസ്ഥർ അദ്ദേഹത്തിന്റെമേൽ രാജ്യദ്രോഹക്കുറ്റംവരെ ആരോപിച്ചു. വിദേശികൾക്ക് രാജ്യത്തെ ഒറ്റിക്കൊടുക്കുന്നുവെന്നും കൊട്ടാര രഹസ്യങ്ങൾ ചോർത്തികൊടുക്കുന്നുവെന്നുമൊക്കെയുള്ള കുറ്റങ്ങൾ



അദ്ദേഹത്തിന്റെ മേൽ ചുമത്തി. അങ്ങനെ അദ്ദേഹം വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു. എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസം ത്യജിച്ചാൽ ശിക്ഷയിൽ നിന്ന് മോചിപ്പിക്കുകയും ഉദ്യോഗക്കയറ്റം നൽകാമെന്നുമൊക്കെയുള്ള വാഗ്ദാനങ്ങൾ വിലപ്പോയില്ല. യേശുക്രിസ്തുവിലുള്ള വിശ്വാസം അചഞ്ചലമാണെന്നും പിന്തിരിയുന്ന കാര്യമില്ലെന്നും ഉറപ്പിച്ചു പറഞ്ഞു. തുടർന്ന് പീഡനങ്ങളുടെ പരമ്പരയായിരുന്നു.

അദ്ദേഹത്തെ തുറുങ്കിലിൽ അടച്ചു. ദിവസം തോറും എൺപതു ചാട്ടവാറടി, അടിയേറ്റ ഭാഗത്ത് മുളകരച്ച് തേച്ച് പിടിപ്പിക്കുക, വെയിലത്തു നിർത്തുക, കഴുത്തിൽ എരിക്കിൻ മാലയണിയിച്ച് എരുമപ്പുറത്തു കയറ്റി വെയിലിൻ വഴിയേ എഴുന്നള്ളിച്ച് കാറ്റാടിമല എന്ന സ്ഥലത്ത് എത്തിച്ചു. ദാഹിക്കുന്നു എന്നു പറഞ്ഞപ്പോൾ മലിനജലം കുടിക്കുവാൻ കൊടുത്തു. പിന്നീട് അരുൾവായ് മൊഴി എന്ന വനത്തിൽ ബന്ധിച്ചിട്ടു. കാവൽക്കാരെയും നിർത്തി. അതിനു ശേഷം മരണത്തിലേക്കുള്ള യാത്ര തുടർന്നു.

പക്ഷേ, പിള്ളയാകട്ടെ തന്റെ പീഡകൾ യേശുവിന്റെ സഹനങ്ങളോട് ചേർത്തുവച്ച് പ്രാർത്ഥിച്ചു. തപസ്സനുഷ്ഠിച്ച് പ്രാർത്ഥിച്ച അദ്ദേഹം ഒരു ദിവ്യനാണെന്നു മനസിലാക്കിയ ധാരാളം പേർ അദ്ദേഹത്തെ സന്ദർശിച്ചു പ്രാർത്ഥിച്ചു രോഗസൗഖ്യം വരെ നേടി. കൈകൾ രണ്ടും കൂട്ടിക്കെട്ടിയനിലയിൽ പുലിയൂർകുറിശ്ശി എന്ന സ്ഥലത്തെത്തിയപ്പോൾ കൈമുട്ടുകൊണ്ട് അദ്ദേഹം പാറമേൽ മുട്ടി അവിടെ നിന്ന് ഉറവപുറപ്പെട്ടു. ആ പാറ ഇന്നും മുട്ടിടിച്ചാൻ പാറ എന്നാണ് അറിയപ്പെടുന്നത്.

പടയാളികൾ വെടിയുതിർത്ത് ശിക്ഷ നടപ്പാക്കി. അഞ്ചു പ്രാവശ്യം ആ നെഞ്ചിലേക്ക് വെടിയുതിർത്തു. 1752 ൽ ജനുവരി 14 ന് അരുൾവായ് മൊഴിയിലെ കാറ്റാടിമലയിൽ അദ്ദേഹം മരിച്ചു. രക്തസാക്ഷിയായി.

തെക്കൻ തിരുവിതാംകൂറിലും സിലോണിലുമൊക്കെ അദ്ദേഹത്തിന് ആരാധകരുണ്ടായി. 7 വർഷം കൊണ്ട് പിള്ള താനനുഭവിച്ച വിശ്വാസജീവിതം മറ്റുള്ളവർക്ക് മാതൃകാ ജീവിതത്തിലൂടെ പകർന്നു നൽകി.

2012 ഡിസംബർ 2ന് ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പ ദേവസഹായം പിള്ളയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ചേർത്തു. ഇന്ത്യയിൽ നിന്നു വാഴ്ത്തപ്പെട്ടവനാകുന്ന ആദ്യ അല്മായനാണ് പിള്ള.

# കർത്താവിന്റെ നാട്ടിലൂടെ





## തീർത്ഥാടനം

ഫാ. ജോസഫ് കാപ്പിൽ

***തീർത്ഥാടനം – ഈ ലക്കം മുതൽ ആരംഭിക്കുന്ന പുതിയ പംക്തി. വിശുദ്ധ നാട്ടിലെ ഓരോ സ്ഥലങ്ങളും അതിന്റെ ചരിത്ര പ്രാധാന്യത്തോടെ അവതരിപ്പിക്കുകയാണ്. ഈശോയുടെ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്ന എല്ലാ പുണ്യസ്ഥലങ്ങളും കണ്ടുംകേട്ടും മനസിൽ ഉൾക്കൊണ്ടുകൊണ്ടും ഈ തീർത്ഥയാത്രയിൽ പങ്കുചേരാം***



സ്നേഹനിധിയായ ദൈവത്തിന്റെ മനുഷ്യരക്ഷാകര പദ്ധതിയാണല്ലോ ബൈബിളിന്റെ ഇതിവൃത്തം. രക്ഷാകര പദ്ധതി മുഴുവൻ അരങ്ങേറുവാൻ ദൈവം തിരഞ്ഞെടുത്ത പുണ്യഭൂമിയാണ് പാലസ്തീന–വിശുദ്ധനാട്.

വിശുദ്ധ നാടിന്റെ പഴയപേര് പാലസ്തീന, കാനാൻ ദേശം, വാഗ്ദാനഭൂമി, തേനും പാലും ഒഴുകുന്ന നാട് എന്നൊക്കെയായിരുന്നു. യഹൂദന്മാർ ഇന്ന് ആ പേരുകളെല്ലാം മാറ്റി 'ഇസ്രായേൽ' എന്നാക്കി. യഹൂദരുടെ ചിന്താഗതിയനുസരിച്ച് അവർ സ്വന്തമാക്കിയിരിക്കുന്ന പാലസ്തീന ഭൂമിയുടെ മധ്യവും കേന്ദ്രവുമാണ്. പാലസ്തീനായുടെ കേന്ദ്രം ജറുസലേം പട്ടണവും പട്ടണത്തിന്റെ കേന്ദ്രം ജറുസലേം ദേവാലയവും ദേവാലയത്തിന്റെ കേന്ദ്രം ദൈവസാന്നിധ്യം നിറഞ്ഞു നിന്നിരുന്ന അതിവിശുദ്ധ സ്ഥലവുമാണ്.

മധ്യപൂർവ്വദേശത്തിന്റെ ഹൃദയഭാഗമാണ് പാലസ്തീന അല്ലെങ്കിൽ ഇസ്രായേൽ. ഏതാണ്ട് മൂന്ന് ഭൂഖണ്ഡങ്ങൾ– യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ തമ്മിൽ സന്ധിക്കുന്ന ഭാഗമാണ് പാലസ്തീനയെന്ന് പൊതുവായി പറയാം.

മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോയുടെ ജീവിതം മുഴുവനും ഈ നാട്ടിലായിരുന്നു. ഇവിടെ ജനിച്ചു, ജീവിച്ചു, മരിച്ചു, ഉത്ഥാനം ചെയ്തു. ഇത് ഈശോയുടെ നാടാണ്, ബൈബിൾ നാടാണ്, വിശുദ്ധനാടാണ്. അനാദിയിൽ തന്നെ ദൈവം മനുഷ്യരക്ഷയ്ക്കായി തയ്യാറാക്കിയ പദ്ധതി മുഴുവൻ അറങ്ങേറുന്ന പുണ്യഭൂമിയാണ് പാലസ്തീന. ദൈവം തിരഞ്ഞെടുത്ത നാടാണിത്. ഇതിനേക്കാൾ വിശുദ്ധമായ മറ്റൊരുനാട് ഈ ഭൂമുഖത്തില്ലെന്ന് പറയാം.

ഈശോയുടെ ജനനത്തിന് മുമ്പ് 1850 കാലഘട്ടത്തിൽ ജീവിച്ചിരുന്ന പൂർവ്വ പിതാവായ അബ്രാഹത്തെ ദൈവം തിരഞ്ഞെടുത്തതു മുതൽ പാലസ്തീനായുടെ പ്രാധാന്യം ആരംഭിക്കുകയാണ്. യൂഫ്രട്ടീസ്, ടൈഗ്രീസ് നദീതടങ്ങളിൽ (ഇന്നത്തെ ഇറാഖ്) ബാബിലോണിയായിലെ കൽദായരുടെ 'ഊർ' എന്ന പട്ടണത്തിൽ നിന്നും അബ്രാഹമിനെ ദൈവം വിളിച്ചിറക്കി, മധ്യധരണ്യാഴിയുടെ കിഴക്കേതീരപ്രദേശമായ കാനാൻ നാട്ടിലെത്തിച്ചു. അതുമുതൽ ഈ നാട് പുണ്യവാന്മാരായ പൂർവ്വപിതാക്കന്മാരുടെ നാടായി തീർന്നു. ഈ നാട്ടിൽ അബ്രാഹം പലയിടങ്ങളിലുമായി മാറിമാറി താമസിച്ചു. അവിടെയെല്ലാം ബലിപീഠങ്ങൾ പണിത് ദൈവത്തിന് ബലിയർപ്പിച്ചു. അബ്രാഹത്തിന്റെ വാഗ്ദാന പുത്രനായ ഇസഹാക്കിലൂടെയും തുടർന്ന് യാക്കോബിലൂടെയും ഇത് പൂർവ്വ പിതാക്കന്മാരുടെയും സ്വന്തം നാടായി. ഇന്നും ഈ പൂർവ്വ പിതാക്കളും മാതാക്കളും ഈ മണ്ണിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഇവരുടെയൊക്കെ ശവകുടീരങ്ങൾക്ക് മുമ്പിൽ വികാരനിർഭരമായി മാത്രമേ നമുക്ക് നിൽക്കാനാവൂ.

ക്ഷാമത്തിൽ നിന്ന് രക്ഷപ്പെടാനായി കാനാൻ ദേശം വിട്ട് ഈജിപ്തിലെത്തിയ യാക്കോബിന്റെ സന്താന പരമ്പരകൾ ക്രമേണ ഈജിപ്തിലെ ഫറവോയുടെ അടിമത്തത്തിലായി. ഈ അടിമകളുടെ ദീനരോദനം ദൈവസന്നിധിയിൽ എത്തിയപ്പോൾ ദൈവം കനിഞ്ഞ് അവരെ ഒരുമിച്ചു കൂട്ടി. ശക്തനും ധീരനുമായ വിമോചക നേതാവ് മൂശയുടെ നേതൃത്വത്തിൽ ഈജിപ്തിൽ നിന്ന് വിളിച്ചിറക്കി ചെങ്കടൽ കടത്തി സീനായ് മലയുടെ അടിവാരത്തെത്തിച്ചു. അവിടെ വച്ച് അവരുമായി ഒരു ഉടമ്പടി ബന്ധം സ്ഥാപിച്ചു, അവരെ തന്റെ സ്വന്തം ജനമാക്കി. പുരോഹിത വംശമായി വിശുദ്ധ ജനതയാക്കി തിരഞ്ഞെടുത്തു. ആ വിശുദ്ധ ജനത്തെ 40 വർഷക്കാലം മരുഭൂമിയിലൂടെ നയിച്ച് വാഗ്ദാന നാട്ടിലെത്തിച്ച് ആ നാട് അവർക്ക് സ്വന്തമായി നൽകി. തേനും പാലുമൊഴുകുന്ന ആ നാട് അവർക്ക് സ്വന്തമായി. പിന്നീട് 200 വർഷക്കാലത്തോളം ന്യായാധിപൻന്മാർ അവരെ ഭരിച്ചു. തുടർന്ന് രാജകീയ ഭരണം നിലവിൽ വന്നപ്പോൾ പ്രതാപവാന്മാരായ രാജാക്കന്മാരുടെ നാടായി പാലസ്തീന. വരാനിരിക്കുന്ന രക്ഷകന്റെ പ്രതിരൂപമായ ഇസ്രായേലിലെ മഹാനായ ദാവീദ് രാജാവിന്റെ സംഭവബഹുലമായ ജീവിതം മുഴുവനും ഈ നാട്ടിലും, തലസ്ഥാന നഗരിയായിരുന്ന ജറുസലേമിലും അരങ്ങേറി.

ദൈവത്തിന്റെ വക്താക്കളായി, ജനത്തെ ദൈവഹിതമറിയിക്കാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട അതിവിശുദ്ധരായ പ്രവാചകന്മാരുടെ – ഏലിയ, എലീഷ, ഏശയ്യാ, ജെറമിയ, എസക്കിയേൽ, ദാനിയേൽ – നാടാണിത്. വീരോചിതമായ സ്വാതന്ത്ര്യ സമരത്തിലൂടെ ഇസ്രായേലിനെ മതപീഡനത്തിൽ നിന്ന് രക്ഷിച്ച് സ്വാതന്ത്ര്യം നേടിക്കൊടുത്ത മക്കബായക്കാരുടെ നാടാണ് പാലസ്തീന.

ഇതിനെല്ലാം മകുടം ചൂടുമാറ് ദൈവപുത്രനായ ഈശോയുടെ നാടാണിത്. ഈ നാട്ടിൽ കാലുകുത്തുമ്പോൾ 'നിങ്ങൾക്ക് എന്റെ നാട്ടിലേക്ക് സ്നേഹപൂർവമായ സ്വാഗതം' എന്ന ഈശോയുടെ ക്ഷണം ഹൃദയത്തിൽ കേൾക്കാനാവും. ഗാഗുൽത്തായിലെ ബലിയുടെ രക്തം ഉറ്റിറ്റ് വീണ് നനഞ്ഞ ഈ മണ്ണ് ഏറ്റവും പുണ്യപ്പെട്ടതാണ്. പുനരുത്ഥാനത്തിന്റെ മഹത്വവും സ്വീകരിച്ച് ഈ നാട് ധന്യമായി. ഈ നാടിന്റെ ഓരോ തരിമണ്ണും വിശുദ്ധമാണ്.

പിന്നീട് ജറുസലേമിലെ സെഹിയോൻ മാളികയിൽ പരിശുദ്ധ അമ്മയോടൊപ്പം പ്രാർത്ഥനാനിരതരായിരുന്ന അപ്പസ്തോലന്മാരുടെ മേൽ ദൈവത്തിന്റെ അരൂപി ഇറങ്ങി ആവസിച്ചതിന്റെ അഭിഷേകവും ഈ നാടിന് ലഭിച്ചു. അന്ന് രൂപം കൊണ്ട സഭ വളർന്ന് ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്കും പന്തലിച്ച് വളർന്നതിന്റെ മഹത്വവും പാലസ്തീനാ സ്വീകരിച്ചു. ക്രൈസ്തവ വിശ്വാസത്തിനും ഈശോയ്ക്കും സാക്ഷ്യം വഹിച്ച ആദ്യത്തെ രക്തസാക്ഷി സ്റ്റീഫന്റെ രക്തം വീണത് ഈ മണ്ണിൽ തന്നെ.

കൈകളിൽ വിശുദ്ധ ഗ്രന്ഥവുമായി ജനലക്ഷങ്ങൾ ഇടതടവില്ലാതെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ഈ നാട്ടിലേക്ക് എത്തിച്ചേരുന്നു. ഓരോ പുണ്യസ്ഥലങ്ങളും കണ്ടും അനുഭവിച്ചും കരങ്ങൾകൊണ്ട് സ്പർശിച്ചും വിശുദ്ധ ചുംബനം നൽകിയും ധന്യതനേടിയും വിശ്വാസത്തിൽ വളർച്ച പ്രാപിച്ചും സ്വന്തം നാടുകളിലേക്ക് മടങ്ങുന്നു.

ഇത് എല്ലാവരുടെയും പുണ്യഭൂമിയാണ്. ഏകദൈവവിശ്വാസം ഉദ്ഘോഷിക്കുന്ന ലോകത്തിലെ പ്രധാനപ്പെട്ട മൂന്ന് മതങ്ങളുടെ വിശുദ്ധനാടാണ്. കാലെടുത്തു കുത്തുന്ന ഇടമെല്ലാം വിശുദ്ധ സ്ഥലമാണ്. മുസൽമാനും ക്രൈസ്തവരും യഹൂദരും ഒരുപോലെ കയറിയിറങ്ങി നിർവൃതി നേടുന്ന വിശുദ്ധ ഭൂമിയാണിത്. പലസ്തീനായിലുടനീളം പള്ളികളും മോസ്ക്കുകളും സിനഗോഗുകളും തലയുയർത്തി നിൽക്കുന്നു.

*ലേഖകൻ, ഇസ്രായേലിന്റെ തലസ്ഥാനമായ ജറുസലേമിൽ 2 വർഷം താമസിച്ച് ബൈബിളിലെ മനുഷ്യരക്ഷാചരിത്രവുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങളെല്ലാം സന്ദർശിച്ച്, പഠനം നടത്തിയും പ്രാർത്ഥനാവിഷയമാക്കിയും ഡിപ്ലോമ കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ 55 തീർഥാടക ഗ്രൂപ്പുകളിലായി 4000 ത്തോളം പേർക്ക് വിശുദ്ധനാട് സന്ദർശനത്തിനായി നേതൃത്വം നൽകി. ഇസ്രായേൽ ഗവൺമെന്റ് അംഗീകരിച്ച ടൂർ ഗൈഡുമാണ്.*




ഈസ്റ്റ്ഹിൽ ഇടവക കറ്റിവീട്ടിൽ ജോസഫ്– സോളി മകൻ എഡ്വിനും തൃശ്ശൂർ ആമ്പക്കാട് ഇടവക പടമാടൻ ഡെന്നി– ആശ മകൾ ബെനിറ്റയും വിവാഹം ആശീർവദിച്ച റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവിനോടൊപ്പം

ആശംസകളോടെ : കറ്റിവീട്ടിൽ ഫാമിലി




കല്ലാനോട് ഇടവക കാനാട്ട് മാത്യു– കരോളിൻ മകൻ ഡോണും ചിക്കാഗോ രൂപത ബോസ്റ്റൺ ഇടവക കാഞ്ഞിരക്കാട്ട് വർഗ്ഗീസ്– ലിസമ്മ മകൾ ആഷയും വിവാഹിതരായി.

ആശംസകളോടെ : കാനാട്ട് ഫാമിലി

## പ്രീ–കാനാ കോഴ്സ്

താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന ഓൺലൈൻ പ്രീ കാനാ കോഴ്സ് ഫെബ്രുവരി 11 മുതൽ 13 വരെയും മാർച്ച് 11 മുതൽ 13 വരെയും നടക്കും. ഓൺലൈനായാണ് ക്ലാസുകൾ. ഇടവക വികാരിയുടെ കത്ത്, പങ്കെടുക്കുന്നയാളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ബുക്കിങ്ങിന് ആവശ്യമാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 8714031056 എന്ന നമ്പറിലേക്ക് വിളിക്കുകയോ വാട്സാപ്പ് മെസേജ് അയയ്ക്കുകയോ ചെയ്യുക. കോഴ്സ് ഫീസായ 600 രൂപ അടയ്ക്കാൻ ഏതെങ്കിലും ക്യാഷ് പെയ്മെന്റ് ആപ് മുഖേന താഴെ കാണുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

Paytm

# വൈദികരുടെ സ്ഥലംമാറ്റം

താമരശേരി രൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം (2022 ജനുവരി 23 മുതൽ പ്രാബല്യത്തിൽ). പേരിനൊപ്പം ചേർത്തിരിക്കുന്നത് ചുമതലയേൽക്കുന്ന ഇടവക/ഡിപ്പാർട്ട്മെന്റ് / സ്ഥാപനം: ● ഫാ. ആന്റണി കാരികുന്നേൽ (അക്കാഡമിക് ഡയറക്ടർ, സ്റ്റാർട്ട്) ● ഫാ. ജേക്കബ് കിഴക്കേവീട്ടിൽ (അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ, സ്റ്റാർട്ട്) ● ഫാ. ജോസഫ് അന്തിനാട് (കൂരോട്ടുപാറ, മഞ്ഞുമല) ● അബ്രഹാം അമ്പലത്തുരുത്തേൽ സിഎംഐ (അസി. വികാരി, പാറോപ്പടി) ● ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ (ഡയറക്ടർ, ഗുഡ് ഷെപ്പേഡ് പ്രീസ്റ്റ് ഹോം) ● ഫാ. മാത്യു ചിലമ്പട്ടശ്ശേരി എംസിബിഎസ് (അസി. വികാരി, ചക്കിട്ടപ്പാറ) ● ഫാ. ജോസഫ് ചിറത്തലക്കൽ (ചുണ്ടത്തുംപൊയിൽ) ● ഫാ. ജോസഫ് കളപ്പുര (അസി. ഡയറക്ടർ സിഒഡി) ● ഫാ. തോമസ് കുടിയിരിക്കൽ (വെണ്ടേക്കുംപൊയിൽ) ● ഫാ. ജോർജ്ജ് നരിവേലിൽ (അസി. വികാരി, പുല്ലൂരാംപാറ) ● ഫാ. സ്കറിയ നെടുമല (തേഞ്ഞിപ്പാലം) ● ഫാ. പീറ്റർ പൂതർമണ്ണിൽ (അസി. വികാരി, തോട്ടുമുക്കം) ● ഫാ. തോമസ് പുലയൻപറമ്പിൽ (അസി. വികാരി, കൂരാച്ചുണ്ട്) ● ഫാ. ജോർജ്ജ് പുരയിടത്തിൽ (അസി. വികാരി, തിരുവമ്പാടി) ● ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ (അസി.വികാരി, പാറോപ്പടി) ● ഫാ. അബ്രഹാം സ്രാമ്പിക്കൽ (രാമനാഥപുരം) ● ഫാ. മാത്യു തളിശ്ശേരിക്കൽ എസ്‌വിഡി (അസി. വികാരി, കക്കാടംപൊയിൽ) ● ഫാ. ലൂക്ക് തൈത്തറയിൽ സിഎസ്എസ്ആർ (അസി. വികാരി, ഈസ്റ്റ് ഹിൽ) ● ഫാ. അഗസ്റ്റിൻ തുറവക്കൽ (അസി. വികാരി, കോടഞ്ചേരി) ● ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ (വൊക്കേഷൻ പ്രൊമോട്ടർ)

## നേട്ടം



കാലിക്കറ്റ് യൂണിവേഴ്സിറ്റി ബിഎസ്‌സി മാത്തമാറ്റിക്സിന് ഒന്നാം റാങ്ക് നേടിയ അതുല്യ ജോയി. അധ്യാപക ദമ്പതികളായ പരിയാപുരം വെള്ളാപ്പള്ളിൽ ജോയി അഗസ്റ്റിന്റെയും ഷീല ജോസഫിന്റെയും മകളാണ്. സഹോദരങ്ങൾ: അനുപമ ജോയി, അമൽ ജോയി.



കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും നാഷണൽ ഫൗണ്ടേഷൻ ഫോർ ഇന്നവേഷനും ചേർന്ന് ദേശീയതലത്തിൽ ആറാംക്ലാസ് മുതൽ പത്താംക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഒരുക്കിയ ഇൻസ്പയർ അവാർഡ് നേടിയ മിത ട്രീസ. അലാറത്തോടു കൂടിയ ഹെൽമറ്റ് (Helmet with Alarm) എന്ന ആശയത്തിനാണ് പുരസ്കാരം. അധ്യാപക ദമ്പതികളായ പരിയാപുരം വീട്ടുവേലിക്കുന്നേൽ മനോജിന്റെയും ജിനുവിന്റെയും മകളാണ്. സഹോദരി: മമത റോസ്.



സ്പോർട്സ് കൗൺസിൽ സംഘടിപ്പിച്ച സംസ്ഥാനതല വുഷു മത്സരത്തിൽ സ്വർണ്ണ മെഡൽ നേടിയ ഇവാ മരിയ വിജി കണ്ടിരിക്കൽ. പെരിന്തൽമണ്ണ ഇടവകാംഗം കണ്ടിരിക്കൽ വിജി –ഫെനി ദമ്പതികളുടെ മകളാണ്. സഹോദരർ: ജെഫ്രിൻ, ദിയ
ഭോപ്പാലിൽ നടന്ന ദേശീയതല വുഷു മത്സരത്തിലും പങ്കെടുത്തു.

## കെസിവൈഎം രൂപതാ കലോത്സവം, തിരുവമ്പാടി മേഖലയ്ക്ക് കലാകിരീടം

**താമരശ്ശേരി:** കെസിവൈഎം താമരശ്ശേരി രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ യുവ– 2021 രചന– കലാമത്സരങ്ങളിൽ തിരുവമ്പാടി മേഖല ഓവറോൾ ചാമ്പ്യന്മാരായി. പെരിന്തൽമണ്ണ മേഖല രണ്ടാം സ്ഥാനവും കൂരാച്ചുണ്ട് മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

36 പോയിന്റുകൾ നേടി മരിയാപുരം യൂണിറ്റ് ഏറ്റവുമധികം പോയിന്റുകൾ നേടിയ യൂണിറ്റ് ആയി തെരഞ്ഞെടുക്കപ്പെട്ടു. മരിയാപുരം ഇടവകാംഗമായ മമ്ത റോസ് വീട്ടുവേലിക്കുന്നേൽ വ്യക്തിഗത ചാമ്പ്യൻഷിപ്പിന് അർഹയായി.

## ക്രിസ്തുമസ് സന്ദേശ വിളംബര ഫ്ളാഷ് മോബ്

**തിരുവമ്പാടി:** അൽഫോൻസ കോളജിലെ വിദ്യാർത്ഥികൾ തിരുവമ്പാടി ബസ്സ്റ്റാന്റ് പരിസരത്ത് ക്രിസ്തുമസ് സന്ദേശ വിളംബരവുമായി ഫ്ളാഷ് മോബ് നടത്തി. പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് പുളിമൂട്ടിൽ സന്ദേശം നൽകി.

കോളജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ, ഷിജി ഫ്രാൻസിസ്, അമന്റ ഷാജി, ജീപ ഡൊമിനിക്ക്, ആകാശ് ശിവകുമാർ, അമലു ആന്റണി, അമൃത വത്സൻ, അനീഷ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

## ചെറുപുഷ്പ മിഷൻ ലീഗിന് പുതിയ ഭാരവാഹികൾ

**താമരശ്ശേരി:** ഡിസംബർ 26 ന് താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ നടന്ന മാനേജിങ് കമ്മിറ്റിയിൽ ബാബു ചെട്ടിപ്പറമ്പിൽ (കട്ടിപ്പാറ) രൂപതാ പ്രസിഡന്റായും ജേക്കബ് ജോസ് ആലക്കൽ (മരുതോങ്കര) ജൂനിയർ രൂപതാ പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു.

മറ്റു ഭാരവാഹികൾ: വൈസ് പ്രസിഡന്റ്: ഷെറിൻ മേരി ജോൺ കളമ്പുകാട്ടിൽ (തിരുവമ്പാടി), ജനറൽ സെക്രട്ടറി: അനൂപ് സി. ജോസ് ചീരമറ്റത്തിൽ (പൂഴിത്തോട്), ജോയിന്റ് സെക്രട്ടറി: ടെസി ഷാജു നരിപ്പാറ (തലയാട്), ജനറൽ ഓർഗനൈസർ: ജോയ് ജോർജ് പുതിയാപറമ്പിൽ (വെറ്റിലപ്പാറ).
റീജിയണൽ ഓർഗനൈസർമാർ: കൂരാച്ചുണ്ട് : സിബി കരുവൻമാക്കൽ (വിലങ്ങാട്), താമരശ്ശേരി: സെബിൻ സണ്ണി (മഞ്ഞുവയൽ), തിരുവമ്പാടി: ജയ്മോൻ ജോർജ് (കല്ലുരുട്ടി), മലപ്പുറം: മാത്യൂസ് പൈനാപ്പിള്ളി (നെന്മേനി).
സംസ്ഥാനപ്രതിനിധികൾ: ജിനോ തറപ്പുതൊട്ടിയിൽ (തോട്ടുമുക്കം), സിനോ തോമസ് (കക്കയം), അരുൺ കണ്ടത്തിൽ (വലിയകൊല്ലി).
ജൂനിയർ ഭാരവാഹികൾ: വൈസ് പ്രസിഡന്റ്: അന്ന മരിയ (ചമൽ), സെക്രട്ടറി: മെൽവിൻ കുളത്തിങ്കൽ (പെരിന്തൽമണ്ണ), ജോയിന്റ് സെക്രട്ടറി: നോറ അന്ന പ്രകാശ്, (ഈങ്ങാപ്പുഴ). എക്സിക്യൂട്ടീവ് മെമ്പർ: അലക്സ് മഞ്ചേരിൽ (കൂടത്തായ്), ഓഡിറ്റർമാർ: പ്രകാശ് മാത്യു പുളിക്കേക്കര, (ഈങ്ങാപ്പുഴ), അമൽ പൈക്കാട്ട്, (മഞ്ഞക്കടവ്).


## കവിതാമത്സരം വിജയികൾ

**താമരശ്ശേരി:** ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ സമിതി സംഘടിപ്പിച്ച കവിതാ രചനാ മത്സരത്തിൽ വിജയികളായവർ.
സബ്ജൂനിയർ: ഒന്നാം സ്ഥാനം: ആൻ മരിയ സ്രായിൽ (തേക്കുംകുറ്റി), രണ്ടാം സ്ഥാനം: ആൻസ്റ്റീന എലിസബത്ത് (കക്കയം), മൂന്നാം സ്ഥാനം: ആഗ്നസ് കള്ളികാട്ട് (വെറ്റിലപ്പാറ). ജൂനിയർ: ഒന്നാം സ്ഥാനം: അലൻ അഗസ്തി ബിജു കീമറ്റത്തിൽ (തേക്കുംകുറ്റി), രണ്ടാം സ്ഥാനം: ആഷ വിലങ്ങുപാറ (ചുണ്ടത്തുംപൊയിൽ), മൂന്നാം സ്ഥാനം: ആൽബിൻ സ്തുതിക്കാട്ട് (പനംപ്ലാവ്).

## പിഎസ്‌സി: റാങ്ക് നേടി ആൽഫാ അക്കാദമി വിദ്യാർത്ഥികൾ

**തിരുവമ്പാടി:** ഡിഎച്ച്എസ് സ്റ്റാഫ് നഴ്സ് ഗ്രേഡ്–2 തസ്തികയിലേക്ക് പിഎസ്‌സി നടത്തിയ പരീക്ഷയിൽ ആൽഫാ മരിയ അക്കാദമിയിൽ നിന്നും പരിശീലനം നേടിയവർ വിവിധ ജില്ലകളിലെ റാങ്ക് ലിസ്റ്റുകളിൽ ഇടം നേടി.

റാങ്ക് നേട്ടം കൈവരിച്ചവർ:
മലപ്പുറം: സി. പ്രശാന്ത് (ഒന്നാം റാങ്ക്), കെ. വിനീഷ (29–ാം റാങ്ക്), പി. കെ. വിദ്യ (35–ാം റാങ്ക്), കെ. ഫിദ (22–ാം റാങ്ക്), സുരഞ്ജിനി (65–ാം റാങ്ക്) പാലക്കാട്: കെ. എസ്. അഞ്ജന (രണ്ടാം റാങ്ക്).




## 4–ാം ചരമ വാർഷികം
(28–01–2022)



ഏലിയാമ്മ കൊല്ലംപറമ്പിൽ
വാലില്ലാപ്പുഴ
സന്തപ്തകുടുംബാംഗങ്ങൾ

## 1–ാം ചരമ വാർഷികം
(12–02–2022)



സെബാസ്റ്റ്യൻ (ദേവസ്യാച്ചൻ)
മറ്റപ്പള്ളിൽ,ചെമ്പനോട
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ



**തലശ്ശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവിന് താമരശ്ശേരി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...**

# താമരശ്ശേരി രൂപത കെസിവൈഎമ്മിന് പുതിയ നേതൃത്വം



അഭിലാഷ് കുടിപ്പാറ



റിച്ചാർഡ് ജോൺ

താമരശ്ശേരി രൂപത കെസിവൈഎമ്മിന് പുതിയ സാരഥികൾ. രൂപതാ പ്രസിഡന്റായി അഭിലാഷ് കുടിപ്പാറയും ജനറൽ സെക്രട്ടറിയായി റിച്ചാർഡ് ജോണും തിരഞ്ഞെടുക്കപ്പെട്ടു. താമരശ്ശേരിയിൽ നടന്ന കെസിവൈഎം രൂപത വാർഷിക സെനറ്റ് സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളക്കാകുടിയിൽ സെനറ്റ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ സാജൻ ജോസ് മുഖ്യാതിഥിയായിരുന്നു. മറ്റു ഭാരവാഹികൾ- വൈസ് പ്രസിഡന്റുമാർ: അഖില തോമസ്, ഡോണസ് മുണ്ടക്കൽ. സെക്രട്ടറിമാർ: ആഷ്ലി തെരേസ മാത്യു, നോബി മാനുവൽ, ട്രഷറർ: സെബിൻ സണ്ണി.സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ: ടിബിൻ അഗസ്റ്റിൻ, ലെറ്റീഷ്യ ജോഷി.സംസ്ഥാന സെനറ്റ് അംഗങ്ങൾ: വിശാഖ് തോമസ്, അലീന മാത്യു.

## സ്ലെ ബെൽസ് 2021 ക്രിസ്തുമസ് ആഘോഷം

**താമരശ്ശേരി:** അൽഫോൻസ കോളജിൽ സ്ലെ ബെൽസ് 2021 ക്രിസ്തുമസ് ആഘോഷം കോളജ് രക്ഷാധികാരിയും താമരശ്ശേരി രൂപത ബിഷപ്പുമായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. മാനേജർ ഫാ. സ്കറിയ മങ്ങരയിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ, സ്റ്റുഡന്റ് ലീഡർ ആകാശ് ശിവകുമാർ എന്നിവർ സംസാരിച്ചു.

വിവിധ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഫ്ളാഷ് മോബുകൾ, കരോൾ ഗാനങ്ങൾ എന്നിവ വിളംബര പരിപാടികൾക്ക് മാറ്റുകൂട്ടി. കരോൾ ഗാനമത്സരം, ക്രിസ്തുമസ് പാപ്പ മേക്കപ്പ് മത്സരം, നാസിക് ഡോൾ എന്നിവയ്ക്കുപുറമേ ഗാല ഫുഡ് ഫെസ്റ്റും സംഘടിപ്പിച്ചു. കോളജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ, ദീപ ഡൊമിനിക്ക്, സ്റ്റുഡന്റ് കോ-ഓർഡിനേറ്റർ അമലു ആന്റണി എന്നിവർ നേതൃത്വം നൽകി.

# ഇവർ നവാഭിഷിക്തർ

## താമരശ്ശേരി രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച നവവൈദികർ

### ഫാ. പീറ്റർ പൂതർമണ്ണിൽ



പാതിരിക്കോട് ഇടവകപൂതർമണ്ണിൽ പി. സി. സെബാസ്റ്റ്യൻ – ഷേർളി ദമ്പതികളുടെ മകൻ. 2021 ഡിസംബർ 27 ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തോട്ടുമുക്കം ഫൊറോന അസി. വികാരിയായി നിയമിതനായി.

2010 ജൂൺ 12ന് താമരശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് പുത്തനങ്ങാടി സെന്റ് മേരീസ് കോളജിൽ നിന്ന് ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബിരുദം നേടി. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. സഹോദരൻ: പി. എസ്. സെബിൻ. സഹോദര ഭാര്യ: നീതു സെബിൻ.

### ഫാ. ജോർജ് പുരയിടത്തിൽ



പുല്ലൂരാംപാറ ഇടവക പുരയിടത്തിൽ ജോർജ് – ആൻസി ദമ്പതികളുടെ മകൻ. 2021 ഡിസംബർ 28ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തിരുവമ്പാടി ഫൊറോന അസി. വികാരിയായി നിയമിതനായി.

2010 ജൂൺ 12ന് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് കൈതപ്പൊയിൽ ലിസ കോളജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദം നേടി. മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. സഹോദരൻ: നെവിൽ ജോർജ്.

### ഫാ. അഗസ്റ്റിൻ തുറവക്കൽ



കുളത്തുവയൽ ഇടവക തുറവക്കൽ ടി. ജെ. ജോസഫ് – മേരി ദമ്പതികളുടെ മകൻ. 2021 ഡിസംബർ 29ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

കോടഞ്ചേരി ഫൊറോന അസി. വികാരിയായി നിയമിതനായി.

2010 ജൂൺ 12ന് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് പേരാമ്പ്ര സിൽവർ കോളജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദം നേടി. പൂന പേപ്പൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി.

സഹോദരങ്ങൾ: ജയ്സൺ, ജെസ്റ്റിൻ.

### ഫാ. ജോർജ്ജ് നരിവേലിൽ



തോട്ടുമുക്കം ഇടവക നരിവേലിൽ എൻ. വി. ജോജി – ആൻസി ദമ്പതികളുടെ മകൻ. 2021 ഡിസംബർ 30ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

പുല്ലൂരാംപാറ അസി. വികാരിയായി നിയമിതനായി. 2010 ജൂൺ 12ന് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ദേവഗിരി കോളജിൽ നിന്നും ഇംഗ്ലീഷിൽ ബിരുദം നേടി. കുന്നോത്ത് ഗുഡ്ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് ഫിലോസഫിയും വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി.

മരിയ ജോജി, ബനഡിക്ട് ജോജി എന്നിവർ സഹോദരങ്ങൾ.

### ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ



കാക്കവയൽ ഇടവക പുത്തൻപുരയ്ക്കൽ പി. ജെ. സെബാസ്റ്റ്യൻ – മേരിക്കുട്ടി ദമ്പതികളുടെ മകൻ. 2021 ഡിസംബർ 31ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. പാറോപ്പടി ഫൊറോന അസി. വികാരിയായി നിയമിതനായി. 2010 ജൂൺ 12ന് താമരശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജിൽ നിന്ന് എക്കണോമിക്സിൽ ബിരുദം പൂർത്തിയാക്കി. വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരിയിൽ നിന്ന് ഫിലോസഫിയും മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. സോണിയ പി. സെബാസ്റ്റ്യൻ, തോമസ് സെബാസ്റ്റ്യൻ എന്നിവർ സഹോദരങ്ങൾ.

### ഫാ. തോമസ് പുലയംപറമ്പിൽ



കോടഞ്ചേരി ഇടവക പുലയംപറമ്പിൽ ജോസുകുട്ടി – ബീന ദമ്പതികളുടെ മകൻ. 2022 ജനുവരി ഒന്നിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു.

കൂരാച്ചുണ്ട് ഫൊറോന അസി. വികാരിയായി നിയമിതനായി.

2012 ജൂൺ 9ന് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ ചേർന്നു. കോടഞ്ചേരി ഗവ. കോളജിൽ നിന്ന് ഫിസിക്സിൽ ബിരുദം നേടി. പൂനെ പേപ്പൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി.

സഹോദരൻ: നിസ്തുൽ ജോസ്

# പ്രതിസന്ധികളെ അതിജീവിക്കാൻ പൂർവികരുടെ വിശ്വാസ ജീവിതം മാതൃക: ബിഷപ് ഇഞ്ചനാനിയിൽ

## പടത്തുകടവ് തിരുക്കുടുംബ ഇടവകയുടെ പ്ലാറ്റിനം ജൂബിലി സമാപിച്ചു

**പടത്തുകടവ്:** പ്രതിസന്ധികളെ അതിജീവിക്കാൻ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതം അനിവാര്യമാണെന്നും വൈദികർ ഉൾപ്പെടെ അനേകം പൂർവികരുടെ ത്യാഗവും വിശ്വാസവും ആത്മാർപ്പണവുമാണ് കുടിയേറ്റ പ്രദേശങ്ങളുടെ ഉയർച്ചയ്ക്കു അടിസ്ഥാനമെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ.

പടത്തുകടവ് ഹോളിഫാമിലി ഇടവകയുടെ പ്ലാറ്റിനം ജൂബിലിയുടെ ഒരു വർഷം നീണ്ട ആഘോഷങ്ങളുടെ സമാപനത്തിൽ കൃതജ്ഞതാബലിയർപ്പിച്ചു വചന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ജൂബിലികൾ തിരുത്തലിനുള്ള അവസരങ്ങളായി പ്രയോജനപ്പെടുത്തണം. വിശ്വാസം പുഷ്പിക്കുമ്പോഴാണ് ദൈവവിളികൾ ഉണ്ടാകുന്നത്. ഇതിന് നിരന്തരം പ്രാർത്ഥന വേണമെന്നും ബിഷപ് ഉദ്ബോധിപ്പിച്ചു. ദേവാലയത്തിൽ തിരിതെളിയിച്ചു കൊണ്ടാണ് ജൂബിലി വർഷസമാപന ചടങ്ങുകൾ ആരംഭിച്ചത്. തിരുക്കർമ്മങ്ങൾക്ക് ഇടവകയിൽ നിന്നുള്ള വൈദികരായ ഫാ. ജോർജ് മണിയമ്പ്രായിൽ സിഎംഐ, ഫാ. വർക്കി തെങ്ങനാക്കുന്നേൽ എന്നിവർ സഹകാർമികത്വം വഹിച്ചു.

പരിപാടിയുടെ ഭാഗമായി നടന്ന യോഗത്തിൽ വിവാഹ, സമർപ്പിത ജൂബിലി ആഘോഷിച്ചവരെയും സഭയുടെ വിവിധ തലങ്ങളിൽ സേവനം അനുഷ്ഠിച്ച അല്മായ പ്രമുഖരെയും വിവിധ മത്സര വിജയികളെയും ബിഷപ് ആദരിച്ചു. മരുതോങ്കര സെന്റ് മേരീസ് ഫൊറോന പള്ളി വികാരി ഫാ. ജോർജ് കളത്തൂർ, ആരാധന സഭ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ആനീസ് കുംബ്ലന്താനം, പടത്തുകടവ് ഇമ്മാനുവേൽ മാർത്തോമ്മ പള്ളി വികാരി ഫാ. റീജൻ, ഇടവക വികാരി ഫാ. ജോസഫ് വടക്കേൽ, ജൂബിലി കൺവീനർ തോമസ് ഫിലിപ്പ് നരിക്കാട്ട് എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റിമാരായ ജോൺസൺ മണിയമ്പ്രായിൽ, ബാബു ചക്കാലയിൽ, പ്രകാശ് കോലഞ്ചേരി, ജെയ്സൺ തേവർകോട്ടയിൽ, പാരിഷ് സെക്രട്ടറി അബ്രഹാം മാടപ്പാട്ട് എന്നിവർ നേതൃത്വം നൽകി. ജൂബിലിയുടെ ഭാഗമായി ഇടവകയിൽ കൈക്കാരന്മാരായി സേവനം ചെയ്തിരുന്നവരുടെ സംഗമവും സമർപ്പിത സംഗമവും നടത്തിയിരുന്നു.



പടത്തുകടവ് ഇടവകയുടെ ഒരു വർഷം നീണ്ട പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനം തിരുക്കുടുംബത്തിന്റെ തിരുനാൾ ദിനത്തിൽ കൃതജ്ഞതാബലിയർപ്പിച്ച് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിക്കുന്നു. സഹകാർമികരായ ഫാ. ജോർജ് മണിയമ്പ്രായിൽ സിഎംഐ, ഫാ. വർക്കി തെങ്ങനാക്കുന്നേൽ എന്നിവർ സമീപം

പ്ലാറ്റിനം ജൂബിലി വർഷത്തിൽ വിവിധ ജീവകാരുണ്യ പദ്ധതികളാണ് വികാരിയുടെ നേതൃത്വത്തിൽ ഇടവക സമൂഹം നടത്തിയത്. കരുതൽ എന്ന പേരിൽ ഭവന നിർമ്മാണം, സ്പർശം എന്ന പേരിൽ 50 കുടുംബങ്ങൾക്ക് 2000 രൂപ വീതം ധനസഹായം, ആർദ്രം എന്ന പേരിൽ വിവിധ മതസ്ഥരായ 250 കുടുംബങ്ങൾക്ക് 1000 രൂപയുടെ സാധനങ്ങൾ ഉൾക്കൊള്ളുന്ന ഭക്ഷ്യക്കിറ്റ് വിതരണം, കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം എന്നിവ കൂടാതെ വിവാഹ, ചികിത്സ, വിദ്യാഭ്യാസ തലങ്ങളിൽ ലക്ഷക്കണക്കിന് രൂപയുടെ സഹായ പദ്ധതികളും ഇക്കാലയളവിൽ നടപ്പിലാക്കി. സഹജീവികളോടുള്ള ഇടവക ജനതയുടെ സ്നേഹവും കാരുണ്യവും സാമൂഹ്യ പ്രതിബദ്ധതയുമാണ് പദ്ധതികളുടെ വിജയത്തിനു നിദാനമായതെന്ന് ഇടവകയുടെ ഇരുപത്തിയഞ്ചാം വികാരികൂടിയായ ഫാ. ജോസഫ് വടക്കേൽ പറഞ്ഞു.

1932ൽ കുടിയേറ്റം ആരംഭിച്ച പടത്തുകടവ് പ്രദേശത്ത് 1940ലാണ് ദേവാലയം സ്ഥാപിതമാകുന്നത്. തുടർന്ന് 1946ൽ കോഴിക്കോട് രൂപതയുടെ കീഴിൽ പടത്തുകടവ് ഇടവക സ്ഥാപിതമായി. ഫാ. ജോസഫ് ചുങ്കത്ത് പ്രഥമ വികാരിയായി.

വിദ്യാഭ്യാസ രംഗത്ത് മുൻപന്തിയിൽ തന്നെയാണ് പടത്തുകടവ് ഇടവക. 1948 ൽ എൽ പി സ്കൂളും, 1956 ൽ യൂ പി സ്കൂളും, 1983 ൽ ഹൈസ്കൂളും 2014 ൽ ഹയർ സെക്കൻഡറി സ്കൂളും സ്ഥാപിതമായി. 1973 ൽ ആരാധനാ മഠം സിസ്റ്റർമാരുടെ നേതൃത്വത്തിൽ മലയാളം നഴ്സറി സ്കൂൾ ആരംഭിച്ചു. ഇപ്പോൾ ഇംഗ്ലീഷ് മീഡിയം എൽകെജിയും യുകെജിയും ഇവിടെ പ്രവർത്തിക്കുന്നു.

## ഫിയെസ്റ്റ 2021 – വിജയികൾ

**താമരശ്ശേരി രൂപതാ മുഖപത്രം മലബാർ വിഷനും മിഷൻ ലീഗ് രൂപതാ സമിതിയും സംയുക്തമായി സംഘടിപ്പിച്ച കരോൾ ഗാനമത്സരത്തിലെ വിജയികൾ**



**ഫാത്തിമ മാതാ ചർച്ച്**
**മരിയാപുരം**



**ഇൻഫന്റ് ജീസസ് ചർച്ച്**
**അശോകപുരം**



**സേക്രഡ് ഹാർട്ട് ചർച്ച്**
**തിരുവമ്പാടി**



**പ്രോത്സാഹന സമ്മാനം –**
**നിത്യസഹായ മാതാ ചർച്ച്,**
**ചേവായൂർ**

## കർഷകദിനം ആചരിച്ചു



താമരശ്ശേരി രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ കാർഷികമേഖലയിൽ മികവുപുലർത്തിയ പതിനെട്ടോളം കർഷകരെ താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര പൊന്നാട അണിയിച്ച് ആദരിക്കുന്നു

**താമരശ്ശേരി:** കെ.സിബി.സി പ്രഖ്യാപിച്ച കർഷ ദിനമായ ജനുവരി 15 സമുചിതമായി ആചരിച്ചു. താമരശ്ശേരി രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ രൂപതാതല ഉദ്ഘാടനം കോടഞ്ചേരി ഫൊറോന ദേവാലയത്തിൽ ആചരിക്കുകയും, കാർഷികമേഖലയിൽ മികവുപുലർത്തിയ പതിനെട്ടോളം കർഷകരെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു. ചടങ്ങിൽ താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര മുഖ്യാതിഥിയായിരുന്നു.

ഉദ്ഘാടനപ്രസംഗത്തിൽ കർഷകൻ നാടിന്റെ നട്ടെല്ല് ആണെന്നും കർഷകരെ സഹായിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. അതിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ഇൻഫാമിന് എല്ലാവിധ പിന്തുണയും രൂപതയുടെ ഭാഗത്തുനിന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. യോഗത്തിൽ രൂപത ഇൻഫാം പ്രസിഡൻറ് അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ അധ്യക്ഷതവഹിച്ചു. കോടഞ്ചേരി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, അസി. വികാരി. ഫാദർ ആൽബിൻ സ്രാമ്പിക്കൽ, ഇൻഫാം രൂപതാ സെക്രട്ടറി ബോണി ജേക്കബ് ആനത്താനത്ത്, ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ, വൈസ് പ്രസിഡന്റ് സിസിലി ചീരാംകുഴി, ഇടവക ഇൻഫാം പ്രതിനിധി മാത്യു കുമ്പപള്ളി, കർഷക പ്രതിനിധി ജോസ് പുളിക്കൽ എന്നിവർ പ്രസംഗിച്ചു.

# "ക്രൈസ്തവർ ഒറ്റക്കെട്ടായി യാത്ര ചെയ്യണം"



ഈശോയിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ട് സഭൈക്യത്തിലേക്കുള്ള പാതയിൽ ക്രൈസ്തവർ ഒന്നടങ്കം ഒരുമിച്ച് യാത്ര ചെയ്യണമെന്ന് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. ക്രൈസ്തവ ഐക്യത്തിലേക്കുള്ള പാത സുപ്രധാനമാണെന്നും അതിനായുള്ള അന്വേഷണം വിശ്വാസസമൂഹം ഒരുമിച്ച് നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

ഉണ്ണിയീശോയെ കണ്ടെത്തി ആരാധിച്ച പൂജരാജാക്കന്മാർ അവരുടെ ലക്ഷ്യത്തിലെത്തിയത് അവർ അന്വേഷിച്ചതുകൊണ്ടായിരുന്നു. എന്നാൽ അവരുടെ അന്വേഷണം ആരംഭിച്ചത് ഒരു നക്ഷത്രത്തിന്റെ അടയാളംകൊണ്ട് കർത്താവ് അവരെ ആദ്യം അന്വേഷിച്ച് ഇറങ്ങിയതിനാലാണ്. പൂജരാജാക്കന്മാരെപോലെ നമ്മെയും ദൈവം അന്വേഷിച്ചുവന്നിട്ടുണ്ട് അതിനാൽ നമ്മുടെ പ്രതികരണവും പൂജരാജാക്കന്മാരെപ്പോലെ ഒരുമിച്ചുള്ള ഒരു യാത്രയാകണം.

ദൈവത്തിന്റെ സ്പർശനം ലഭിച്ചവർക്ക് ഉൾവലിഞ്ഞ് തങ്ങൾക്കുവേണ്ടി മാത്രമായി ജീവിക്കാനായില്ല. ഒരുമിച്ച് മുമ്പോട്ടുപോവുക എന്നതാണ് അവരുടെ വിളിയും ദൗത്യവും ക്രൈസ്തവരായ നാം കരങ്ങൾകോർത്ത് മുമ്പോട്ടുപോകണം. തുടർന്നും അന്വേഷിക്കുന്നവരാണ് നാം എന്ന ബോധ്യത്തോടെ സഭൈക്യരംഗത്ത് നാം മുന്നേറണമെന്ന് പാപ്പ ഓർമിപ്പിച്ചു. ക്ഷമയോടും ധൈര്യത്തോടും കൂടെ നാം പരസ്പരം ധൈര്യപ്പെടുത്തുകയും പിൻതാങ്ങുകയും വേണം എന്ന് പാപ്പ ഉദ്ബോധിപ്പിച്ചു.

# ക്രിസ്തു വിശ്വാസത്തെ പ്രതി ഓരോ ദിനവും 16 പേർ കൊല്ലപ്പെടുന്നു

ക്രിസ്തുവിനോടുള്ള സ്നേഹത്തെ പ്രതി ലോകമെമ്പാടുമായി ഓരോ ദിനവും 16 ക്രൈസ്തവർ രക്തസാക്ഷികളാകുന്നുവെന്ന് പഠന റിപ്പോർട്ട്. ഓപ്പൺ ഡോർസ് എന്ന സന്നദ്ധസംഘടനയുടെ പഠന റിപ്പോർട്ട് അനുസരിച്ച് ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി ഇക്കഴിഞ്ഞവർഷം 5898 പേർ രക്തസാക്ഷിത്വം വരിച്ചു.

ഏറ്റവുമധികം ക്രൈസ്തവവിരുദ്ധ പീഡനം നടക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഉത്തരകൊറിയയ്ക്ക് പകരം അഫ്ഗാനിസ്ഥാനാണ് ഇത്തവണ ഒന്നാം സ്ഥാനത്തുള്ളത്. അഫ്ഗാനിസ്ഥാനും ഉത്തരകൊറിയയ്ക്കും ശേഷം സൊമാലിയ, ലിബിയ, യെമൻ, എരിത്രിയ, നൈജീരിയ, പാകിസ്ഥാൻ, ഇറാൻ, ഇന്ത്യ എന്നിവയാണ് പട്ടികയിൽ ക്രൈസ്തവ പീഡനം നടക്കുന്ന ആദ്യ 10 സ്ഥാനത്തുള്ള മറ്റ് രാജ്യങ്ങൾ.

നൈജീരിയയിൽ ക്രൈസ്തവ വിരുദ്ധ ആക്രമണങ്ങൾ വർദ്ധിക്കുകയാണെന്ന് ചൂണ്ടിക്കാട്ടുന്ന റിപ്പോർട്ട് ഇസ്ലാമിക ഭീകരവാദവും ഇസ്ലാമിക അടിച്ചമർത്തലുകളുമാണ് ക്രൈസ്തവ വിരുദ്ധ പീഡനങ്ങൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. റിപ്പോർട്ട് പഠനവിധേയമാക്കിയ 50 ൽ 30 രാജ്യങ്ങളിലേയും കാരണം ഇതുതന്നെയാണ്. കമ്മ്യൂണിസം, മതദേശീയത തുടങ്ങിയവയാണ് മറ്റ് കാരണങ്ങൾ.

## പത്രപ്രവർത്തനം സത്യത്തെ സേവിക്കാനുള്ള വിളി

മാധ്യമപ്രവർത്തകർ സത്യത്തിന്റെ സേവകരാകണമെന്ന് റോം രൂപതയ്ക്കുവേണ്ടി പാപ്പായുടെ വികാരിയായി സേവനമനുഷ്ഠിക്കുന്ന കർദ്ദിനാൾ ആഞ്ചെലൊ ദെ ദൊണാത്തിസ്.

സമ്പർക്കമാധ്യമ പ്രവർത്തകരുടെ സ്വർഗ്ഗീയമധ്യസ്ഥനായ വിശുദ്ധ ഫ്രാൻസീസ് ഡി സാലസിന്റെ തിരുന്നാൾ ദിനമായ ജനുവരി 24–ന് റോമിലെ മോന്തെസാന്തൊയിലുള്ള പരിശുദ്ധ കന്യാകാമറിയത്തിന്റെ ബസിലിക്കയിൽ അർപ്പിച്ച ദിവ്യബലി മധ്യേ സുവിശേഷ ചിന്തകൾ പങ്കുവയ്ക്കുകയായിരുന്നു അദ്ദേഹം. മാധ്യമപ്രവർത്തകർ അവരുടെ തൊഴിലിനെ, സത്യത്തെ സേവിക്കാനുള്ള വിളിയായി കാണണമെന്നും ആരും എത്താത്തിടത്തേക്ക് കടന്നു ചെല്ലാനുള്ള കഴിവ് മാധ്യമ പ്രവർത്തകർക്ക് ഉണ്ടാകണമെന്നും കർദ്ദിനാൾ ദെ ദൊണാത്തിസ് ഓർമ്മിപ്പിക്കുന്നു. ഇക്കൊല്ലം ആചരിക്കപ്പെടുന്ന അമ്പത്തിയാറാം സമ്പർക്കമാദ്ധ്യമദിനത്തിന് ഫ്രാൻസിസ് പാപ്പാ നല്കിയിരിക്കുന്ന സന്ദേശം 'ശ്രവിക്കുക' എന്ന പ്രമേയത്തിലൂന്നിയായിരുന്നു.

## പാക്ക് ജയിലിൽ ക്രിസ്ത്യൻ ചാപ്പൽ തുറന്നു

ഇസ്ലാമിക രാഷ്ട്രമായ പാക്കിസ്ഥാനിലെ സിന്ധ് പ്രവിശ്യയിൽ ആദ്യത്തെ ജയിൽ ചാപ്പൽ ഉദ്ഘാടനം ചെയ്തു. 'ചർച്ച് ഓഫ് കിംഗ്' എന്ന പേരിലുള്ള ചാപ്പൽ മാലിർ കൗണ്ടി നിർമ്മിച്ചിരിക്കുന്നത്. തടവുകാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയായ എയ്ഞ്ചൽ വെൽഫെയർ ട്രസ്റ്റിന്റെ സാമ്പത്തിക സഹായത്തോടെയാണ്

തടവുകാർ പ്രാർത്ഥിക്കുമ്പോൾ അവർ ദൈവവുമായി ബന്ധപ്പെടുന്നുവെന്നും അവർക്ക് മനഃസമാധാനം ലഭിക്കുകയും തടവുകാരാണെന്ന കാര്യം വിസ്മരിക്കുകയും ചെയ്യുമെന്നും പാക്കിസ്ഥാനിലെ സിന്ധ് പ്രവിശ്യാ ജയിൽ ഐജി കാസി നസീർ അഹമ്മദ് ചൂണ്ടികാട്ടി. പ്രാർത്ഥന അവരുടെ ഹൃദയങ്ങളെ മാറ്റുന്നുവെന്നും ജയിൽ മോചിതനായ ശേഷം അവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലായെന്നും നമുക്ക് പ്രത്യാശിക്കാമെന്നും അദ്ദേഹം പറഞ്ഞു.

ക്രിസ്ത്യൻ പാർലമെന്റംഗവും സിന്ധ് പ്രവിശ്യയിലെ ഡപ്യൂട്ടി പോലീസ് സൂപ്രണ്ടുമായ അസ്ഹർ അബ്ദുള്ളയുടെ കുടുംബമാണ് എയ്ഞ്ചൽ വെൽഫയർ



എന്ന ട്രസ്റ്റിന്റെ സ്ഥാപകർ. ജയിലിൽ കഴിയുന്ന വിശ്വാസികൾക്ക് ഒരു ചാപ്പൽ നിർമ്മിക്കണമെന്നത് വലിയ ആഗ്രഹമായിരുന്നെന്നും ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ചത് വലിയ പിന്തുണയായിരുന്നെന്നും ട്രസ്റ്റ് പ്രസിഡന്റ് സാമിന നവാബ് പറഞ്ഞു.

തയ്യാറാക്കിയത്:
**ഫാ. ജോസഫ് കളത്തിൽ**


**വീടും സ്ഥലവും വില്പനയ്ക്ക്**

8 സെന്റ് സ്ഥലവും ഇരുനില വീടും (2000 സ്ക്വയർ ഫീറ്റ്) വില്പനയ്ക്ക്. കിണർ, വെള്ളം, റോഡ് സൗകര്യം ലഭ്യമാണ്. സ്ഥലം: കുന്നമംഗലം, കുരിക്കത്തൂർ

ഫോൺ: 9349647273


## ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സാഹിത്യ മത്സരം ഇവർ വിജയികൾ



അലൻ അഗസ്തി



മമ്ത റോസ്

വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച സാഹിത്യ മത്സരത്തിൽ കവിതാ രചനജൂനിയർവിഭാഗത്തിൽ രാം സ്ഥാനം തേക്കുംകുറ്റി ഇടവക കീമറ്റത്തിൽ അലൻ അഗസ്തിയും സീനിയർ ഭാഗത്തിൽ മൂന്നാം സ്ഥാനം മരിയാപുരം ഇടവക വീട്ടുവേലിക്കുന്നേൽ മമ്ത റോസും കരസ്ഥമാക്കി.


**2–ാം ചരമവാർഷികം**

29-03-2022



**റോസ ഫിലിപ്പോസ്**

ചക്കുംമൂട്ടിൽ, പുല്ലൂരാംപാറ

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ



**സ്നേഹസ്മരണകളോടെ**

21-ാം ചരമവാർഷികം (24-01-2022)

1-ാം ചരമവാർഷികം (24-01-2022)



ജോസഫ് (അപ്പച്ചൻ) ലില്ലിക്കുട്ടി

കൊല്ലംപറമ്പിൽ, പുല്ലൂരാംപാറ

പ്രാർത്ഥനയോടെ മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

# വിവാഹം അസാധുവായി പ്രഖ്യാപിക്കൽ ഹ്രസ്വനടപടിക്രമം



**ചോദ്യം ഉത്തരം**
റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

***അസാധുവായ വിവാഹം മൂലം ക്ലേശകരമായ ജീവിത സാഹചര്യങ്ങളിലൂടെ കടന്നു പോകുന്നവർക്ക് നീതി ലഭിക്കാൻ സഹായകരമായ മാറ്റങ്ങളാണ് സഭയുടെ വിവാഹ കേസുകളുടെ നടപടിക്രമങ്ങളിൽ മാർപാപ്പ വരുത്തിയിരിക്കുന്നത്. അതിൽ തങ്ങളുടേതല്ലാത്ത തെറ്റുകൾകൊണ്ട് ദുരിതമനുഭവിക്കുന്ന വിവാഹിതരായ വ്യക്തികൾക്ക് ആശ്വാസം പകരുന്നതാണ് ഹ്രസ്വനടപടിക്രമം***

സഭാകോടതികളിൽ വിവാഹകേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കാനായി മാർപാപ്പ ചില മാറ്റങ്ങൾ കൊണ്ടുവന്നു എന്നു വായിച്ചതോർക്കുന്നു. ദീർഘമായ നടപടികൾക്കു പകരം ചില കേസുകളിൽ ഹ്രസ്വമായ നടപടിക്രമം പരിശുദ്ധ പിതാവ് ഏർപ്പെടുത്തിയെന്നുള്ളതും വായിച്ചിരുന്നു. ഇതിനെക്കുറിച്ച് ഒന്നു വിശദീകരിക്കാമോ?

**അമൽ കോഴിക്കോട്**

രൂപതാകേന്ദ്രങ്ങളോടനുബന്ധിച്ചു പ്രവർത്തിക്കുന്ന രൂപതാകോടതികളുടെ പ്രവർത്തനത്തെക്കുറിച്ച് സാധാരണക്കാർക്ക് വ്യക്തമായ ധാരണയുണ്ടെന്ന് പറയാൻ സാധിക്കില്ല. ഇത്തരം സഭാകോടതികളിൽ കൈകാര്യം ചെയ്യുന്ന കേസുകളിൽ ബഹുഭൂരിപക്ഷവും വിവാഹവുമായി ബന്ധപ്പെട്ടവയാണ്. അതിനാൽത്തന്നെ ഒരു സാധാരണ വിശ്വാസി സഭാകോടതികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയണമെന്നില്ല. എന്നാൽ അടുത്ത കാലത്തായി വർധിച്ചുവരുന്ന വിവാഹകേസുകൾ ഇത്തരം കോടതികളെക്കുറിച്ച് കൂടുതൽ അറിയാൻ അവസരം ഒരുക്കുകയാണ്.

ഒരു കാര്യം ആദ്യമേ ഓർക്കേണ്ടത്, സഭാ കോടതികൾ വിവാഹമോചനം നൽകുന്ന കോടതികളല്ല എന്നതാണ്. 'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ' (മത്തായി 19:6) എന്ന ഈശോയുടെ പ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ സാധുവായ വിവാഹത്തെ സഭാകോടതിക്ക് ഒരിക്കലും പിരിച്ചുവിടാൻ സാധിക്കില്ല. അപ്പോൾ സ്വാഭാവികമായും ചോദ്യമുയരും: സഭാകോടതികൾ എന്താണ് ചെയ്യുന്നത്? പലവിധ കാരണങ്ങളാൽ ആരംഭത്തിൽ തന്നെ അസാധുവായിരിക്കുന്ന വിവാഹങ്ങൾ അപ്രകാരമാണെന്ന് പ്രഖ്യാപിക്കുക (declaring the nullity) മാത്രമാണ് സഭാകോടതിക്ക് ചെയ്യാൻ കഴിയുന്നത്. സാധുവായ ഒരു വിവാഹത്തെ പലകാരണങ്ങളാൽ സിവിൽ കോടതി പിരിച്ചുവിട്ട് വിവാഹമോചനം (divorce) അനുവദിക്കുമ്പോൾ, ഒരു വിവാഹം ആരംഭം മുതൽ അസാധുവായിരുന്നുവെന്ന് നടപടിക്രമങ്ങളുടെ സമാപ്തിയിൽ പ്രഖ്യാപിക്കുകയാണ് സഭാകോടതി. സിവിൽകോടതി വിവാഹമോചനത്തിന് അപേക്ഷിക്കുന്നവരുടെ താൽപര്യങ്ങളും അനുബന്ധസാഹചര്യങ്ങളും കണക്കിലെടുത്ത് വിധിപ്രസ്താവിക്കുമ്പോൾ, സഭാകോടതി പ്രാധാന്യത്തോടെ കാണുന്നത് ദൈവം യോജിപ്പിച്ച വിവാഹ ബന്ധത്തിന്റെ (marital bond) ഭദ്രതയാണ്.

സഭാകോടതികളുടെ വിവാഹകേസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദീകരിക്കുന്നത് ഇവിടെ പ്രായോഗികമല്ല എന്നതു വ്യക്തമാണ്. ഒരു വിവാഹം അസാധുവെന്ന് പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ കാലതാമസത്തെപ്പറ്റി പലപ്പോഴും പരാതി ഉയരാറുണ്ട്. വിവാഹത്തിന്റെ അനന്യതയെ സംരക്ഷിച്ചുകൊണ്ടും പരാതി ഉന്നയിച്ച വ്യക്തിയുടെയും എതിർ കക്ഷിയുടെയും അവരുമായി ബന്ധപ്പെട്ടവരുടെയും മൊഴികൾ രേഖപ്പെടുത്തിയും, അതിനാവശ്യമായ സമയവും സാവകാശവും നൽകിക്കൊണ്ടും നടത്തുന്ന സാധാരണ നടപടിക്രമത്തിന് സമയം ആവശ്യമാണ്. കാരണം, വിവാഹത്തെക്കുറിച്ച് പരാതി നൽകുന്ന വ്യക്തിയുടെ ചിന്താലോകത്തിനപ്പുറം കേസിനാധാരമായ വിവാഹത്തിന്റെ വിവിധ വശങ്ങൾ വിവിധ മാർഗങ്ങളിലൂടെ പരിശോധിച്ച് സഭാകോടതിയുടെ ന്യായാധിപന് ധാർമികമായ ഉറപ്പ് (moral certainty) ലഭിക്കുമ്പോഴാണ് പ്രസ്തുത വിവാഹത്തെ സംബന്ധിച്ച് വിധി പ്രസ്താവിക്കുന്നത്. വിവാഹത്തെ അസാധുവാക്കുന്ന തടസങ്ങൾ (impediment), വിവാഹസമ്മതത്തിലെ ന്യൂനതകൾ (defect of consent) വിവാഹക്രമത്തിലെ കുറവുകൾ (defect of form) എന്നിവയും സഭാനിയമം നിശ്ചയിച്ചിരിക്കുന്ന മറ്റ് മാനദണ്ഡങ്ങളും അനുസരിച്ചാണ് ഒരു വിവാഹം സാധുവാണോ അസാധുവാണോ എന്ന് സഭാകോടതി തീരുമാനിക്കുന്നത്. ഇതാണ് സഭാകോടതികളിൽ സാധാരണ സംഭവിക്കുന്നത്.



**ഹ്രസ്വനടപടിക്രമത്തിൽ കേസെടുത്ത് വിവാഹത്തിന്റെ സാധുത പരിശോധിക്കുമ്പോൾ ഏതെങ്കിലും കേസിൽ കൂടുതൽ വിശദമായ അന്വേഷണവും വിശകലനവും ആവശ്യമാണ് എന്ന് മെത്രാന് ബോധ്യപ്പെട്ടാൽ ആ കേസ് സാധാരണ നടപടിക്രമത്തിലേക്ക് മാറുന്നതാണ്**

വിവാഹം അസാധുവായി പ്രഖ്യാപിക്കുന്ന നടപടിക്രമങ്ങളെ ലഘൂകരിച്ചുകൊണ്ട് 2015 ലാണ് മാർപാപ്പ നടപടി സ്വീകരിക്കുന്നത്. ലത്തീൻ സഭയിൽ *Mitis Iudex Dominus Iesus* എന്ന മോത്തു പ്രോപ്രിയോ വഴി ലത്തീൻ സഭാനിയമത്തിലെ 1671 മുതൽ 1691 വരെയുള്ള കാനോനകൾ മാർപാപ്പ ഭേദഗതി ചെയ്തു. പൗരസ്ത്യസഭകൾക്കുവേണ്ടി *Mitis et Misericors Iesus* എന്ന മോത്തു പ്രോപ്രിയോ പുറപ്പെടുവിച്ച്, പൗരസ്ത്യകാനൻ നിയമത്തിലെ 1357 മുതൽ 1377 വരെയുള്ള കാനോനകളും ഭേദഗതി ചെയ്തു. ഈ ഭേദഗതിയിലെ ശ്രദ്ധേയമായ ഒരു പുതിയ നടപടിയാണ് വിവാഹകേസിന്റെ ഹ്രസ്വനടപടിക്രമം. ഹ്രസ്വനടപടിക്രമത്തിന്റെ (CCEO cc. 1369-1373; CIC cc.1683-1687) പ്രത്യേകതകൾ ചുരുക്കമായി പറയാം.

സാധാരണഗതിയിലുള്ള നടപടിക്രമം മെത്രാൻ നിയമിച്ചിരിക്കുന്ന ജുഡീഷ്യൽ വികാരിയുടെ ഉത്തരവാദിത്വത്തിലാണ് നടക്കുന്നത്. എന്നാൽ ഈ നടപടിക്രമം രൂപതാ മെത്രാന്റെ മുൻപാകെ നടക്കുന്നു. കൂടുതൽ അന്വേഷണമോ പരിശോധനയോ ആവശ്യമില്ലാത്ത രീതിയിൽ വിവാഹം അസാധുവാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യങ്ങളും രേഖകളും സാഹചര്യങ്ങളും ഉള്ള കേസുകളാണ് ഹ്രസ്വനടപടിക്ക് വിധേയമാക്കുന്നത്. ആവശ്യമെങ്കിൽ പരമാവധി രണ്ട് മാസത്തെ സമയംകൊണ്ട് നടപടികൾ എല്ലാം പൂർത്തീകരിക്കാൻ സാധിക്കുന്ന വിധത്തിലാണ് നടപടികൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ജുഡീഷ്യൽ വികാരി വിഷയനിർണ്ണയം (വിവാഹം അസാധുവായി പ്രഖ്യാപിക്കുന്നതിന്റെ കാരണം) നടത്തി ഒരു മാസത്തിനുള്ളിൽ മെത്രാന്റെ സാന്നിധ്യത്തിൽ നടക്കുന്ന സെഷനിൽ വിവാഹത്തിന്റെ സാധുതയെക്കുറിച്ചുള്ള വസ്തുതകൾ അവതരിപ്പിക്കപ്പെടുന്നു. അതിനുശേഷമാണ് മെത്രാൻ വിധി പറയുന്നത്. മെത്രാൻ നൽകുന്ന വിധിയിൽ തൃപ്തരല്ലാത്ത കക്ഷിക്ക് നിയമാനുസൃതം അപ്പീൽ പോകാനുള്ള സാധ്യതയും നിയമം നൽകുന്നുണ്ട്.

ഏതൊക്കെ സാഹചര്യങ്ങളിലാണ് ഹ്രസ്വനടപടിക്രമം ഉപയോഗിക്കാവുന്നത് എന്നത് ഏറെ പ്രസക്തമാണ് (Mitis et Misericors Iesus, art 14§1; Mitis Iudex Dominus Iesus, art 14§1)

1. വിവാഹത്തിന് നൽകുന്ന കപടസമ്മതം (simulation in giving consent)
2. ദമ്പതികളുടെ വളരെ കുറഞ്ഞ കാലത്തേക്കുമാത്രമുള്ള ഒരുമിച്ചുള്ള ജീവിതം.
3. കുഞ്ഞ് ജനിക്കാതിരിക്കാൻ നടത്തിയ അബോർഷൻ
4. വിവാഹം നടക്കുന്ന കാലത്തോ വിവാഹത്തെ തുടർന്നോ മനപ്പൂർവ്വം ഏർപ്പെടുന്ന വിവാഹേതര ലൈംഗികബന്ധം.
5. വന്ധ്യത, ഗുരുതരമായ പകർച്ചവ്യാധി, മുൻ അവിഹിത ബന്ധത്തിൽ കുട്ടികളുണ്ടായ കാര്യം, തടവുശിക്ഷ അനുഭവിച്ച കാര്യം എന്നിവ വഞ്ചനാപൂർവ്വം മറച്ചുവയ്ക്കുന്ന സാഹചര്യം
6. വിവാഹത്തിന്റെ സ്വഭാവത്തിനും പരിശുദ്ധിക്കും നിരക്കാത്ത ഏതെങ്കിലും കാരണത്താൽ ഏർപ്പെടുന്ന വിവാഹം.
7. ശാരീരികബലപ്രയോഗത്തിലൂടെ വിവാഹത്തിനുള്ള സമ്മതം നേടുന്ന സാഹചര്യം
8. ആലോചനാശേഷി (use of reason) ഇല്ലെന്ന വൈദ്യപരിശോധന രേഖ.

ഇത്രയും സാഹചര്യങ്ങളാണ് ഹ്രസ്വനടപടിക്രമം പാലിച്ചുകൊണ്ട് വിവാഹം അസാധുവാണെന്ന് പ്രഖ്യാപിക്കാൻ മാർപാപ്പ നൽകിയിരിക്കുന്നത്. മുകളിൽ കൊടുത്തിരിക്കുന്ന വസ്തുതകൾ അഥവാ സാഹചര്യങ്ങൾ വലിയ അന്വേഷണങ്ങളില്ലാതെതന്നെ മനസിലാക്കാൻ കഴിയുന്നതും ചിലതെല്ലാം രേഖകളുടെ അടിസ്ഥാനത്തിൽ തെളിയിക്കാൻ സാധിക്കുന്നതുമാണ്. ഹ്രസ്വനടപടിക്രമത്തിൽ കേസെടുത്ത് വിവാഹത്തിന്റെ സാധുത പരിശോധിക്കുമ്പോൾ ഏതെങ്കിലും കേസിൽ കൂടുതൽ വിശദമായ അന്വേഷണവും വിശകലനവും ആവശ്യമാണ് എന്ന് മെത്രാന് ബോധ്യപ്പെട്ടാൽ ആ കേസ് സാധാരണ നടപടിക്രമത്തിലേക്ക് പോകുന്നതാണ്.

ചുരുക്കത്തിൽ അസാധുവായ വിവാഹം മൂലം ക്ലേശകരമായ ജീവിതസാഹചര്യങ്ങളിലൂടെ കടന്നുപോകുന്നവർക്കു നീതി ലഭിക്കാൻ സഹായിക്കുന്ന മാറ്റങ്ങളാണ് സഭയുടെ വിവാഹകേസുകളുടെ നടപടിക്രമങ്ങളിൽ മാർപാപ്പ വരുത്തിയിരിക്കുന്നത്. അതിൽ, തങ്ങളുടേതല്ലാത്ത തെറ്റുകൾകൊണ്ട് ദുരിതമനുഭവിക്കുന്ന വിവാഹിതരായ വ്യക്തികൾക്ക് ആശ്വാസം പകരുന്നതാണ് ഹ്രസ്വനടപടിക്രമം. തങ്ങളുടെ വിവാഹം അസാധുവാണെന്ന് തോന്നുന്ന ആർക്കും സ്വയം തീരുമാനിക്കാവുന്നതും തിരഞ്ഞെടുക്കാവുന്നതുമല്ല ഇത് എന്നതും ഓർമിക്കേണ്ടതാണ്. രൂപതാധ്യക്ഷനും രൂപതാകോടതിയും ഉത്തരവാദിത്വപ്പെട്ടവരും പ്രാഥമിക വിശകലനത്തിനുശേഷം അവലംബിക്കുന്നതാണ് ഈ ഹ്രസ്വനടപടിക്രമം.

**ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം:**
**എഡിറ്റർ, മലബാർ വിഷൻ,**
**പിഎംഒസി,**
**മേരിക്കുന്ന് പിഒ,**
**കോഴിക്കോട് –12**
**വാട്സാപ്പ്: 97 44 99 5553**

# "ദൈവത്തെ അനുസരിച്ചാൽ ദൈവം അനുഗ്രഹിക്കും"

**പാലം പണിക്കാരുടെ മധ്യസ്ഥനായ വിശുദ്ധ ബെനസെറ്റിന്റെ കഥ വായിക്കാം**

## കുട്ടീസ് കോർണർ

**സിസ്റ്റർ സ്റ്റെഫി ജോൺ FCC**

ഫ്രാൻസിലെ സാവോയിൽ ജനിച്ച ബെനസെറ്റ് ഒരു ആട്ടിടയനായിരുന്നു. കുഞ്ഞുനാൾ മുതൽ യേശുവിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ബെനസെറ്റ് അവിഞ്ഞോണിലെ റോൺ നദിക്കരയിലായിരുന്നു ആടുകളെ മേയ്ക്കാൻ കൊണ്ടു പോയിരുന്നത്. ഒരിക്കൽ ഒരു പാവപ്പെട്ട വൃദ്ധയായ ജൂതസ്ത്രീ നദി കടക്കാൻ ശ്രമിക്കുന്നത് ബെനസെറ്റ് കണ്ടു. ശക്തമായ ഒഴുക്കു മൂലം അക്കരെ കടക്കാൻ ആ പാവം അമ്മൂമ്മ വല്ലാതെ കഷ്ട്ടപെടുകയായിരുന്നു. നദിക്കരയിൽ നിന്നിരുന്ന കുറെ ചെറുപ്പക്കാർ ഇതുകണ്ട് കൂകിവിളിച്ചു കളിയാക്കി. സങ്കടം തോന്നിയ ബെനസെറ്റ് ഓടിയെത്തി ആ അമ്മൂമ്മയെ സഹായിച്ചു. പ്രത്യുപകാരമായി യഹൂദന്മാരുടെ സ്വർണ്ണശേഖരം ഒളിച്ചു വച്ചിരുന്ന സ്ഥലം ബെനസെറ്റിന് പറഞ്ഞു കൊടുത്തിട്ട് "നീ വലിയ കാര്യങ്ങൾ ചെയ്യാനായി പിറന്നവനാണ്" എന്നു പറഞ്ഞ് അനുഗ്രഹിച്ചു.

കാലം കടന്നു പോയി. നിധിശേഖരം തപ്പിയൊന്നും ബെനസെറ്റ് പോയില്ല. റോൺ നദിയിൽ പിന്നീട് പലയാളുകളും ഒഴുക്കിൽപെട്ടു മരിച്ചു. പല അപകടത്തിനും ബെനസെറ്റ് സാക്ഷിയായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം പെട്ടെന്ന് സൂര്യൻ ഇരുണ്ടു. പകലിലെ വെളിച്ചം മാഞ്ഞ് കൂരിരുട്ട് വന്നു. ആ ഇരുട്ടിൽ ബെനസെറ്റ് ഒരു ശബ്ദം കേട്ടു. "യേശുവിന്റെ നാമം നിന്നോട് ആവശ്യപ്പെടുന്നു. പോയി റോൺ നദിക്കരയിൽ ഒരു പാലം പണിയുക." ഇത് കേട്ട ബെനഡിക്ട് ചോദിച്ചു.

"എന്റെ ആടുകളെ ഉപേക്ഷിച്ചിട്ട് ഞാൻ എങ്ങനെ പോകും?"

"അവയെ ഞാൻ കാത്തുപരിപാലിച്ചു കൊള്ളാം. മാത്രമല്ല, നിനക്കു തുണയായി ഞാൻ മാലാഖമാരെ അയയ്ക്കുകയും ചെയ്യും." ബെനസെറ്റ് അശരീരി ആവശ്യപ്പെട്ടതുപോലെ ചെയ്തു. മറ്റ് ആട്ടിടയന്മാർ ആടുകളുമായി ബേത്‌ലഹേമിലേക്ക് പോയ തക്കം നോക്കി തന്റെ ആടുകളെ ഉപേക്ഷിച്ച് റോൺ നദി കടന്ന് ബെനസെറ്റ് അക്കരയ്ക്കു പോയി. ഒരു മാലാഖ അവന്റെ കൂടെയുണ്ടായിരുന്നു. മറ്റുള്ളവർക്ക് മാലാഖ അദൃശ്യയായിരുന്നു. മെത്രാനച്ചന്റെ താമസസ്ഥലത്താണ് ബെനസെറ്റ് പോയത്. റോൺ നദിക്കു കുറുകെ പാലം പണിയണമെന്ന് ദൈവം തന്നോട് ആവശ്യപ്പെട്ടതായി ബെനസെറ്റ് പറഞ്ഞു. എന്നാൽ ബിഷപ് അതു വിശ്വസിച്ചില്ലെന്നു മാത്രമല്ല, അവിടുത്തെ ന്യായാധിപൻ അവനെ ശിക്ഷിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നാൽ, ദൈവത്തിന്റെ ദൂതൻ അവനോടു പറഞ്ഞു. "മുന്നോട്ടു തന്നെ പോകുക."

"ഭൂമിക്കു കീഴെ ഒരു തുണ്ട് ഭൂമി പോലും സ്വന്തമായില്ലാത്ത നീ എങ്ങനെയാണ് പാലം പണിയാൻ പോകുന്നത്?" ന്യായാധിപൻ അവനെ പരിഹസിച്ചു. "എന്നെ സഹായിക്കാൻ ദൈവ ദൂതന്മാരുണ്ട്"– ബെനസെറ്റ് പറഞ്ഞു. അവർ അവനെ കളിയാക്കി ചിരിച്ചു. "എങ്കിൽ നീ അതു തെളിയിക്കുക." അവിടെ കിടന്നിരുന്ന ഒരു വലിയ പാറ ചൂണ്ടിക്കാണിച്ചിട്ട് ന്യായാധിപൻ പറഞ്ഞു. "ജനങ്ങളെ എല്ലാം വിളിച്ചുകൂട്ടിയ ശേഷം, നീ ഈ കിടക്കുന്ന വലിയ പാറ എടുത്ത്



നദിക്കരയിൽ കൊണ്ടു പോയിടുക. നിന്റെ ശക്തി എല്ലാവരും കാണട്ടെ." ഇതുകേട്ട് ബെനസെറ്റിന്റെ ഒപ്പമുണ്ടായിരുന്ന മാലാഖ അവനെ നോക്കി ചിരിച്ചു. വെറുമൊരു കടലാസുകഷണം പോലെ നിഷ്പ്രയാസം ഏതാണ്ട് 100 കിന്റലോളം ഭാരമുണ്ടായിരുന്ന ആ കല്ല് ബെനസെറ്റ് ചുമന്നു നദിക്കരയിൽ കൊണ്ടുപോയിട്ടു. "ഇതായിരിക്കും പാലത്തിന്റെ അടിത്തറ." അവൻ പറഞ്ഞു.

അതുകണ്ടു നിന്നവരെല്ലാം അത്ഭുതസ്തംഭരായി. "അദ്ഭുതം, അദ്ഭുതം" അവർ വിളിച്ചുപറഞ്ഞു. ഉടൻ തന്നെ 18 അത്ഭുതങ്ങൾ കൂടി അവിടെ സംഭവിച്ചു. ആൾക്കൂട്ടത്തിനിടയിലുണ്ടായിരുന്ന അന്ധർക്ക് കാഴ്ച ലഭിച്ചു; കുഷ്ഠരോഗികൾ സുഖപ്പെട്ടു; അങ്ങനെ അത്ഭുതങ്ങൾ ഒന്നിനു പിറകെ ഒന്നായി സംഭവിച്ചു. ഇതെല്ലാം എല്ലാം കണ്ട ന്യായാധിപൻ പാലം പണിയാൻ അനുമതി കൊടുത്തു. ചെലവിലേക്കായി ഒരു നല്ല തുകയും കൊടുത്തു. ജനങ്ങളെല്ലാം ചേർന്ന് പിരിവെടുത്തു കൂടുതൽ പണം കണ്ടെത്തി. അതുവരെ ആരോടും പറയാതെ വച്ചിരുന്ന 'ജൂതരുടെ നിധി' ബെനസെറ്റ് പാലം നിർമാണത്തിനായി എടുത്തു. എന്നാൽ, പാലം പൂർത്തിയാകുന്നതു കാണാൻ ദൈവം ബെനസെറ്റിനെ അനുവദിച്ചില്ല. 1184 ൽ ആ വിശുദ്ധൻ മരിച്ചു.

ആ പാലത്തിൽ തന്നെ ബെനസെറ്റിനെ അടക്കി. രണ്ടു വർഷത്തിനുള്ളിൽ പാലം പണി പൂർത്തിയായി. ബെനസെറ്റിന്റെ ശവകുടീരത്തിലേക്ക് വൻ ജനപ്രവാഹമായിരുന്നു. വൈകാതെ, അധികാരികൾ പാലത്തോട് ചേർന്ന് ഒരു പള്ളിയും പണിതു. ബെനസെറ്റ് മരിച്ച് 500 വർഷങ്ങൾ കഴിഞ്ഞപ്പോൾ, പാലത്തിന്റെ ഒരു ഭാഗം കനത്ത വെള്ളപ്പൊക്കത്തിൽ തകർന്നു. ബെനസെറ്റിന്റെ ശവകുടീരം നശിച്ചിരുന്നില്ല. മറ്റൊരു സ്ഥലത്തേക്കു മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി ബെനസെറ്റിന്റെ ശവകുടീരം തുറന്നപ്പോൾ അഞ്ഞൂറുവർഷം കഴിഞ്ഞിട്ടും ആ മൃതദേഹം അഴുകാത്തതായി കണ്ടു. ഒരു കേടുപാടും സംഭിവിക്കാതെ മരിച്ച ദിവസത്തെ പോലെയായിരുന്നു ശരീരമുണ്ടായിരുന്നത്. കണ്ണുകൾക്കു പോലും തിളക്കം നഷ്ടപ്പെട്ടിരുന്നില്ല. അതേസമയം, കല്ലറയ്ക്കുള്ളിലെ ഇരുമ്പുകട്ടികൾ പോലും ദ്രവിച്ചിരുന്നു. അവിഞ്ഞോണിലെ കത്തീഡ്രലിലേക്ക് ബെനസെറ്റിന്റെ ശവകുടീരം പിന്നീട് മാറ്റി സ്ഥാപിച്ചു.

**സന്ദേശം : മടി കൂടാതെ, സംശയിക്കാതെ ദൈവത്തെ അനുസരിക്കുന്നവരെ ദൈവം അനുഗ്രഹിച്ചുയർത്തും**

# ക്വിസ് കോർണർ 2022

*നവംബർ – ഡിസംബർ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**ലിയോൺ ടിജോ**
മാനാശ്ശേരി, കല്ലുരുട്ടി

● രണ്ടാം സമ്മാനം, 500 രൂപ
**അജി ഷെറിൽ**
വാഴപ്പിള്ളി, മാങ്കാവ്

● മൂന്നാം സമ്മാനം, 250 രൂപ
**പ്രിൻസി ബിനു**
കാവനാൽ, തെയ്യപ്പാറ

● പ്രോത്സാഹന സമ്മാനം
**ലീലാമ്മ മാത്യു**
കടുത്താനത്ത്, ആനക്കാംപൊയിൽ

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ**
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2022 ജനുവരി – ഫെബ്രുവരി ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. കേരളത്തിലെ കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നായി മാറിയിരിക്കുന്നത് എന്താണ്?
2. കേരളത്തിലെ കത്തോലിക്കാ സഭ കർഷക ദിനമായി ആചരിക്കുന്നത് എന്നാണ്?
3. ഇന്ത്യയിലെ ആദ്യത്തെ അല്മായ വിശുദ്ധൻ ആരാണ്?
4. തലശ്ശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത ആരാണ്?
5. പ്രതിസന്ധികളെ അതിജീവിക്കാൻ അനിവാര്യമായിട്ടുള്ളത് എന്താണ്?
6. സമ്പർക്ക മാധ്യമ പ്രവർത്തകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ ആരാണ്?
7. 'ദൈവത്തെ കൂടാതിരുന്നാൽ മനുഷ്യന് ഏതുവഴി പോകണമെന്ന് അറിയുകയില്ല താൻ ആരാണെന്ന് അവന് മനസിലാവുക പോലുമില്ല.' ആരുടെ വാക്കുകളാണിത്?
8. 2025 ജൂബിലി വർഷത്തിന്റെ ശീർഷകം എന്താണ്?
9. ഒരു കിന്റൽ നെല്ലിന് സർക്കാർ നൽകുന്ന താങ്ങുവില എത്രയാണ്?
10. ഓപ്പൺ ഡോർസ് എന്ന സന്നദ്ധ സംഘടനയുടെ പഠന റിപ്പോർട്ട് പ്രകാരം കഴിഞ്ഞ വർഷം ക്രിസ്തീയ വിശ്വാസത്തിനു വേണ്ടി എത്ര പേരാണ് രക്തസാക്ഷിത്വം വരിച്ചത്?

തയ്യാറാക്കിയത്: **ഫാ. സായി പാറൻകുളങ്ങര**

**ഉത്തരങ്ങൾ 2022 മാർച്ച് 1ന് മുമ്പ് ലഭിക്കണം**

## നവംബർ – ഡിസംബർ ലക്കം ഉത്തരങ്ങൾ

1. ആരെയും മാറ്റി നിർത്താതിരിക്കുക 2. യേശു എല്ലാവരുടേതുമാണ് 3. സിനഡാലിറ്റി 4. എയ്ഡർ ഫൗണ്ടേഷൻ 5. ഡോ. എബ്രഹാം ബെൻഹർ 6. രോഗീലേപനം 7. വി. ചാവറ കുര്യാക്കോസ് അച്ചൻ 8. കെ–മാറ്റ് 9. പ്രിസിഷൻ ഫാമിംഗ്/ സൂക്ഷ്മകൃഷി 10. വചനമാകുന്ന പാറമേൽ

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673528.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..............................

വീട്ടുപേര്: ..............................

ഇടവക: ..............................

ഫോൺ: ..............................

# എവിടേയ്ക്കും പറന്നോളൂ, ചിറകിനടിയിൽ വേണം വിശ്വാസപൈതൃകങ്ങൾ

**ക്രൈസ്തവർ ഏതൊരു നാട്ടിലേക്ക് കുടിയേറുമ്പോഴും നമ്മുടെ വിശ്വാസ പൈതൃകങ്ങളുടെ പാഥേയം (വഴിച്ചോറ്) കയ്യിൽ കരുതുക തന്നെ വേണം. അതാകട്ടെ, ക്രൈസ്തവന്റെ ഇഹലോക ജീവിതത്തിന് ദീപ്തമായ വഴിത്താര തീർക്കും.**



ചിന്തയും ചർച്ചയും

ആന്റണി ചടയംമുറി

കാലം സ്ഥലങ്ങളെ ഭരിക്കുന്നു. അവയെ പ്രകാശിപ്പിക്കുന്നു. തിരിച്ചുവരാൻ സാധ്യതയില്ലാതെ നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന ചങ്ങലയിൽ അവയെ കണ്ണികളാക്കുന്നു. അതുകൊണ്ട് നമുക്ക് ആവശ്യമായിരിക്കുന്നത് ഇതാണ്, സമൂഹത്തിൽ പുതിയ പ്രക്രിയകൾ ഉത്പാദിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക. ഈ മാനദണ്ഡം സുവിശേഷവത്കരണം സംബന്ധിച്ചും പ്രയോഗിക്കാവുന്നതാണ്. (സുവിശേഷത്തിന്റെ സന്തോഷം നമ്പർ 223–225)

## ദൈവത്തിന്റെ കൈപിടിച്ച്

കോവിഡാനന്തരലോകം മാനവരാശിയുടെ മുമ്പിൽ നിരവധി ചോദ്യങ്ങളുയർത്തുന്നുണ്ട്. ഈ ചോദ്യങ്ങൾക്ക് മാനുഷികമായി നൽകാനാവുന്ന ഉത്തരങ്ങൾ ഏറെ പരിമിതമാണ്. ഒരു അന്ധനെപ്പോലെ ദൈവത്തിന്റെ കൈപിടിച്ചു നടക്കുക എന്നതിനപ്പുറം ഈ നാളുകളിൽ മനുഷ്യന് എന്തുചെയ്യാനാകും എന്ന ആകുലചിന്തകൾക്കപ്പുറത്തുപോലും ക്രിസ്തു വിശ്വാസത്തിലൂടെ നമുക്ക് കൊളുത്തിവയ്ക്കാവുന്ന ചെറു ദീപകാഴ്ച്ചകളുണ്ട്. എന്നാൽ, കുടിയേറ്റങ്ങളുടെ പശ്ചാത്തലത്തിൽ രൂപപ്പെട്ട താമരശ്ശേരി രൂപതയിലെ ദൈവജനങ്ങൾ ഇന്നും അവരുടെ കണ്ണീർകാഴ്ച്ചകളിലൂടെ പോലും ദൂരെ കാണേണ്ടത്, നമ്മുടെ മുമ്പേ പോയവർ നമുക്കായി ഒരുക്കിവച്ച വിശ്വാസപൈതൃകങ്ങളാണ്.

കൃഷിചെയ്യാനുള്ള ഭൂമി തേടിവന്ന പഴയതലമുറയ്ക്ക് മുമ്പിൽ പ്രതിബന്ധങ്ങളേറെയായിരുന്നു. പടത്തുകടവ് തിരുക്കുടുംബ ദേവാലയവും (1940) കുളത്തുവയൽ സെന്റ് ജോർജ്ജ് ദേവാലയവും (1941) അടക്കമുള്ള ക്രിസ്തീയ ദേവാലയങ്ങൾ കുടിയേറ്റക്കാരുടെ ആത്മീയകാര്യങ്ങളിൽ കത്തോലിക്ക സഭയ്ക്കുണ്ടായിരുന്ന നിരന്തര ജാഗ്രതയുടെ അടയാളപ്പെടുത്തലുകളാണ്. ഇതോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടി സഭ ആരംഭിച്ചതോടെ കുറേയേറെ മാറ്റങ്ങൾ യുവതലമുറയിൽ കാണാനായി. സ്ത്രീ വിദ്യാഭ്യാസ മേഖലയിലേക്കും സഭയുടെ സുദൃഢമായ കാൽവെയ്പ്പുണ്ടായി. ഗൾഫ് നാടുകളിലേക്കും യൂറോപ്പിലേക്കുമെല്ലാമുള്ള ക്രൈസ്തവരുടെ കുടിയേറ്റങ്ങളുടെ ചരിത്രം വിശദമായി ഇവിടെ വിലയിരുത്തുന്നില്ല. കാരണം, നമ്മുടെ വിചിന്തനവിഷയം കുടിയേറ്റവും അതോടൊപ്പം നടക്കേണ്ട വിശ്വാസകൈമാറ്റവുമാണ്.

## മറക്കാതെ എഴുതിവയ്ക്കണം സുവിശേഷമൂല്യങ്ങൾ

തുടക്കത്തിൽ സൂചിപ്പിച്ച കാലം സ്ഥലങ്ങളെ ഭരിച്ച നാളുകളുടെ ഫ്ളാഷ് ബാക്കിൽ നിരവധി വസ്തുതകൾ നാം വിലയിരുത്തേണ്ടതുണ്ട്. ചെമ്പ്രയിൽ നിന്ന് കുളത്തുവയൽ പള്ളിയിലേക്ക് ചെറിയൊരു കൈത്തോട്ടിൽ കാൽനനച്ച് കുന്നുകയറിയിരുന്ന മൺവഴി ഇന്ന് ടാറിട്ടവഴിയാണ്.



ഈ റോഡിലൂടെ ഇന്ന് ബസ് റൂട്ടുമുണ്ട്. ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെട്ടപ്പോൾ അനുദിനജീവിതത്തിൽ നമുക്ക് കരഗതമായ സമയത്തിന്റെ ഒരു ഭാഗം പോലും പിൽക്കാലത്ത് ദൈവാരാധനയ്ക്ക് വിട്ടുകൊടുക്കാൻ നമുക്ക് കഴിയാതെ പോയോ? ഭൗതികമായ ജീവിത സൗഭാഗ്യങ്ങളിൽ അഭിരമിച്ചുപോയ തലമുറയിൽപോലും ദൈവിക ചിന്തയുടെ കെടാവിളക്കുകൾ അന്നും ഇന്നും കത്തിനിൽപ്പുണ്ട്. ഇന്ന് ലോകം ആഗോളഗ്രാമമായി ചുരുങ്ങിയിരിക്കെ, നമ്മുടെ വിശ്വാസജീവിതത്തിന്റെ ഉൾത്താളുകളിൽ നാം മറക്കാതെ എഴുതിവയ്ക്കേണ്ട സുവിശേഷ മൂല്യങ്ങളുണ്ട്. ഈ മൂല്യങ്ങളുടെ നൈരന്തര്യപ്രവാഹമായി നമ്മുടെ ആത്മീയജീവിതം രൂപാന്തരപപ്പെടുത്താനുള്ള നിരന്തരമായ ജാഗ്രത ഒരിക്കലും നമുക്ക് കൈമോശം വരരുത്.

നടുന്നതെല്ലാം ദുരിതം തന്നിരുന്ന ഒരു ഭൂതകാലദേശത്തിൽ നിന്ന് നട്ടതെല്ലാം പൊന്ന് തന്നിരുന്ന ഒരു നാട്ടിലേക്കായിരുന്നു നമ്മുടെ പൂർവികർ വന്നിറങ്ങിയത്. പേരാമ്പ്ര മുതൽ ചെമ്പ്രവരെ ചിലപ്പോൾ ജീപ്പ്, അതല്ലെങ്കിൽ അഞ്ചു മൈൽ നീട്ടിപ്പിടിച്ചൊരു നടപ്പ് അതായിരുന്നു അന്നത്തെ കുടിയേറ്റക്കാരുടെ ചരിത്രം. പേരാമ്പ്രയിൽ അന്നൊരു വയനാട് ടാക്കീസ് ഉണ്ടായിരുന്നു. ഇന്നതില്ല. പകരമുണ്ടായിരുന്ന തിയേറ്ററും പൂട്ടിപ്പോയി. അതായത് കുടിയേറ്റ ഗ്രാമങ്ങളുടെ പൊതുവായ കാഴ്ചവിരുന്നുകൾക്കു പോലും അറുതിവന്നിട്ടും വിവിധ ദേശങ്ങളിലായി ദൈവാരാധന കേന്ദ്രങ്ങൾ കൂടുതൽ വ്യാപകമായി രൂപതയിൽ നിർമ്മിക്കപ്പെട്ടുവെന്നത് മനുഷ്യന് ദൈവത്തെ കൂടാതെ ജീവിക്കാൻ കഴിയില്ലെന്നതിന്റെ ഉദാഹരണമായി കുറിക്കാം.

## ദൈവത്തെ മറന്നു കുഞ്ഞേ ജീവിക്കരുതേ...

ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പയുടെ 'സത്യത്തിൽ സ്നേഹം' എന്ന ചാക്രിക ലേഖനം അവസാനിക്കുന്നത് ഇങ്ങനെയാണ്: ദൈവത്തെ കൂടാതിരുന്നാൽ മനുഷ്യന് ഏതുവഴിപോകണമെന്നറിയുകയില്ല. താൻ ആരാണെന്ന് അവന് മനസിലാകുകപോലുമില്ല. ജനതകളുടെ വികസനത്തെ ചുറ്റിപ്പറ്റി ധാരാളം പ്രശ്നങ്ങളുണ്ട്. അവ നമ്മെ മിക്കപ്പോഴും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. എന്നാലും അവയുടെ മുമ്പിൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വാക്കുകൾ നമുക്ക് ആശ്വാസം തരും. അവിടുന്ന് പഠിപ്പിച്ചു, 'എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല' (യോഹന്നാൻ 15–5) തുടർന്ന് അവിടുന്ന് നമ്മെ പ്രോത്സാഹിപ്പിക്കുന്നു. 'ഞാൻ ലോകാവസാനം വരെ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും' (മത്തായി 28–20)

ക്രൈസ്തവർ ഏതൊരു നാട്ടിലേക്ക് കുടിയേറുമ്പോഴും നമ്മുടെ വിശ്വാസ പൈതൃകങ്ങളുടെ പാഥേയം (വഴിച്ചോറ്) കയ്യിൽ കരുതുക തന്നെ വേണം. അതാകട്ടെ, ക്രൈസ്തവന്റെ ഇഹലോക ജീവിതത്തിന് ദീപ്തമായ വഴിത്താര തീർക്കും.

കുടിയേറിവന്നവർ നെഞ്ചോട് ചേർത്തുപിടിച്ച ക്രിസ്തീയ വിശ്വാസത്തിന്റെ കതിർക്കുലകൾ, അധരങ്ങളിലുണ്ടെങ്കിൽ നമുക്ക് ഏതുനാടുകളിലേക്കും ധീരതയോടെ ദേശാടനപ്പക്ഷികളായി പറന്നു പോകാം. കോവിഡല്ല, സുനാമിയായാലും ദൈവത്തോടൊപ്പമുള്ള ജീവിതത്തിന്റെ ആന്തരികമായ ആനന്ദം നമ്മുടെ മക്കളിലേക്ക് കൈമാറിക്കൊടുക്കാൻ നാം ആലസ്യം കാണിച്ചാലോ? ദൈവതിരുമുമ്പിൽ നാം സമർപ്പിക്കേണ്ട ബാലൻസ്ഷീറ്റ് ശൂന്യമാവുക മാത്രമല്ല, നാം പ്രതിപ്പട്ടികയിൽ ഉൾപ്പെടുകയും ചെയ്യും. കാരണം, ദൈവത്തെ ഒഴിവാക്കുന്ന മാനവികത മനുഷ്യത്വമില്ലാത്തതാണ്. കാലഘട്ടത്തിന്റെ കെണികളിൽ നാം പെട്ടുപോകരുത്.

## സാമൂഹികാകലമാകം, പക്ഷെ സാമൂഹ്യസമ്പർക്കം വേണം

കോവിഡ് മഹാമാരിയുടെ സാമൂഹികാകലം എന്ന തികച്ചും സാങ്കേതിക പദത്തിനപ്പുറം, ആദ്ധ്യാത്മിക ജീവിയെന്നനിലയിൽ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിലൂടെയാണ് മനുഷ്യൻ എന്ന സൃഷ്ടിയുടെ ചമയമാറ്റം നടക്കുന്നത്. ആത്മാർത്ഥമായ ബന്ധങ്ങളിലൂടെയാണ് ഒരാളുടെ വൈയക്തികതനിമ രൂപപ്പെടുന്നതും പക്വത പ്രാപിക്കുന്നതും. സാമൂഹികാകലം പാലിച്ചാൽ തന്നെയും ക്രൈസ്തവർക്ക് സാമൂഹിക സമ്പർക്കത്തിൽ നിന്ന് വഴിമാറിനടക്കാൻ കഴിയില്ല.

## വിശ്വാസങ്ങളിൽ നിന്ന് ഓടിയകലരുത്

കുടിയേറ്റത്താൽ രൂപീകൃതമായ ദൈവജനത്തിന് കുടിയേറ്റങ്ങളെ എതിർക്കാനാവില്ല. കാരണം, മനുഷ്യൻ അവന്റെ ആവശ്യങ്ങൾക്കായി 'പുതിയ ഭൂമി' തേടുമെന്നത് ചരിത്രയാഥാർത്യമാണ്. എന്നാൽ ഓരോ പ്രവാസിയും എത്തിപ്പെടുന്ന കുടിയേറ്റ ഭൂമിയിൽ, അത് എവിടെയായാലും അവന്റെ ഗാർഹിക സഭയുടെ കേന്ദ്രസ്ഥാനം ക്രിസ്തുവിനുള്ളതായിരിക്കണമെന്ന കാര്യം വിസ്മരിക്കരുത്. ജീവിതശൈലിയിൽ മാറ്റം വരുമ്പോൾ, ഭക്ഷണശൈലികളിൽ മാറ്റം വരുമായിരിക്കാം. എന്നാൽ ഏതൊരു കാലഘട്ടത്തിലും ഓരോ വ്യക്തിയും നെഞ്ചോട് ചേർത്തുപിടിച്ച വിശ്വാസ സത്യങ്ങളിൽ നിന്ന് അവർ ഒരിക്കലും ഓടിയകലരുത്.

യൂറോപ്യൻ രാജ്യങ്ങളിലുള്ള പ്രവാസികളിൽ ഭൂരിപക്ഷവും കേരളത്തിൽ നിന്നുള്ള സീറോ മലബാർ ക്രൈസ്തവരാണ്. കോവിഡിനു മുമ്പേ കൊല്ലന്റെ ആലയിൽ നിന്നെന്നപ്പോലെ ചിതറിത്തെറിച്ച തീപ്പൊരികൾക്ക് ഭേദിക്കാനാവാത്ത നമ്മുടെ കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ് നിലനിർത്താൻ നമുക്ക് കഴിയുന്നുണ്ടോ? ഭ്രൂണഹത്യയും, സ്വവർഗ്ഗവിവാഹവും,ഒത്തുവാസവുമെല്ലാം ഇന്ന് യൂറോപ്യൻ രാജ്യങ്ങളുടെ ഭ്രാന്തമായ ചടുലസഞ്ചാരങ്ങളിലുണ്ട്.

ഈ കെണികളിൽ നമ്മുടെ കുടുംബങ്ങളും കുഞ്ഞുങ്ങളും വീഴാതിരിക്കണമെങ്കിൽ യേശുക്രിസ്തുവിനെ നമുടെ ഗാർഹിക സഭയിൽ ഏകദൈവമായി ആരാധിക്കുന്ന വിശ്വാസ പൈതൃകത്തിന്റെ ആധാരശിലകൾ പാകിയിരിക്കണം. അത് മറക്കരുതേ.

### മാതൃകയാവട്ടെ, മധുരിക്കുന്ന വിശ്വാസ പൈതൃകങ്ങളുടെ ഈ കൽക്കണ്ടതുണ്ടുകൾ

കുഞ്ഞേട്ടന് വയസ് എഴുപതുകഴിഞ്ഞു. ഏകമകൻ യുഎസിലാണ്. കുട്ടനാട്ടുകാരിയായ നഴ്സിനെ മകൻ വിവാഹം കഴിച്ചു. പേരക്കിടാങ്ങൾ രണ്ടായി.

മകനോട് കുഞ്ഞേട്ടൻ വിവാഹത്തിനുമുമ്പേ ഒരു നിബന്ധന വച്ചു: മകന്റെ ജോലിസമയമനുസരിച്ച് മാസത്തിൽ ഒരു ദിവസം അരമണിക്കൂർ ഒരേ സമയത്ത് ഇരുകുടുംബങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കാൻ കഴിയണം. തുടക്കത്തിൽ ഒരേ സമയത്ത് പ്രാർത്ഥനയെന്നതിൽ മാത്രം ശ്രദ്ധിച്ചു. രാത്രി എത്ര വൈകിയായാലും യുഎസിലെ സമയമനുസരിച്ച് കുഞ്ഞേട്ടനും ഭാര്യയും യുഎസ്സിലുള്ള മകനും കുടുംബവും ആദ്യവെള്ളിയാഴ്ച്ചതോറും പ്രാർത്ഥിക്കാൻ തുടങ്ങി. ഇപ്പോൾ വീഡിയോകോൾ വഴി രണ്ട് കുടുംബങ്ങളും ഒരുമിച്ച് പ്രാർത്ഥിക്കുന്നു! ഇന്നും അതിന് മുടക്കമില്ല.

തൊമ്മിച്ചേട്ടന് നാല് പെൺമക്കൾ. മൂന്ന് പേർക്ക് വിദേശത്തുജോലി. ഇളയ മകൾ സ്കൂൾ അധ്യാപികയായി നാട്ടിലുണ്ട്. നാല് പെൺമക്കളുടെയും വിവാഹം കഴിഞ്ഞു. മൂന്ന് കുടുംബങ്ങളും ഇപ്പോൾ കാനഡയിലാണ്. മക്കളുടെ ഏതൊരാഘോഷം വരുമ്പോഴും തൊമ്മിച്ചേട്ടൻ പറയും, ആഘോഷമൊക്കെ നല്ലത് പക്ഷെ, മൊത്തം ആഘോഷചിലവിന്റെ പത്ത്ശതമാനം എന്റെ പേരിൽ പ്രത്യേകമായി നാട്ടിലേക്ക് അയക്കണം. രണ്ടാമത്തെ മകളെ വിവാഹം കഴിച്ചയാളുടെ വീട്ടിൽ ഇത്തിരി കഷ്ടപ്പാടുള്ളതുകൊണ്ട് അവളോടുമാത്രം കർശനപിരിവില്ല. ബാക്കി രണ്ടുപേരും അയച്ച പണം സ്വരൂപിച്ച് തൊമ്മിച്ചേട്ടൻ പള്ളിവികാരിയെ രഹസ്യമായി ഏൽപ്പിച്ചു. നിർധനരായ ഏതെങ്കിലും ഒരു കുടുംബത്തിന് വീടുവച്ചുകൊടുക്കാനായിരുന്നു തൊമ്മിച്ചേട്ടന്റെ ആഗ്രഹം. മൂന്ന് വർഷം മുമ്പ് ആ വിടിന്റെ പാലുകാച്ചലായിരുന്നു. ലൈവായി കാനഡയിലുള്ള മക്കൾ ആ ചടങ്ങ് കണ്ട് കണ്ണുനിറഞ്ഞു.

ഈ രണ്ട് സംഭവങ്ങളിലും ഏതൊരു നാട്ടിലേക്കും നമ്മുടെ മക്കൾ കുടിയേറിപോകുമ്പോൾ അവരോടൊപ്പം നാം കൈമാറുന്ന ക്രിസ്തീയ വിശ്വാസത്തിന്റെ കൽക്കണ്ടത്തുണ്ടുകളുടെ മധുരസ്പർശമുണ്ട്.

# ആരാധനാ സന്യാസിനീ സഭയ്ക്ക് (എസ്.എ.ബി.എസ് ) പുതിയ നേതൃത്വം



സിസ്റ്റർ ആനീസ് കുമ്പളന്താനത്ത്

ആരാധനാ സന്യാസിനി സഭ താമരശ്ശേരി പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയറായി സിസ്റ്റർ ആനീസ് കുമ്പളന്താനത്ത് തിരഞ്ഞെടുക്കപ്പെട്ടു. തലശ്ശേരി അതിരൂപതയിലെ മാലോം ഇടവകയിലെ കുമ്പളന്താനത്ത് പരേതനായ ആന്റണി-റോസ ദമ്പതികളുടെ മകളാണ്. അസിസ്റ്റന്റ് പ്രൊവിൻഷ്യലായി സിസ്റ്റർ ലൂസി നെടുങ്കല്ലേൽ, കൗൺസിലേഴ്സായി സിസ്റ്റർ ലിസ തടത്തേൽ, സിസ്റ്റർ മെൽവിൻ ആലപ്പാട്ട്, സിസ്റ്റർ ദീപ റോസ് മഠത്തിപ്പറമ്പിൽ എന്നിവരും പ്രൊവിൻഷ്യൽ ട്രഷററായി സിസ്റ്റർ ആൻസി നിരപ്പേൽ, പ്രൊവിൻഷ്യൽ സെക്രട്ടറിയായി സിസ്റ്റർ ആൻമേരി പുറത്തയിൽ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.



സിസ്റ്റർ ലൂസി നെടുങ്കല്ലേൽ (അസി. പ്രൊവിൻഷ്യൽ), സിസ്റ്റർ ലിസ തടത്തേൽ, സിസ്റ്റർ മെൽവിൻ ആലപ്പാട്ട് (കൗൺസിലർമാർ), സിസ്റ്റർ ദീപ റോസ് മഠത്തിപ്പറമ്പിൽ (കൗൺസിലർ), സിസ്റ്റർ ആൻസി നിരപ്പേൽ (പ്രൊവിൻഷ്യൽ ട്രഷറർ), സിസ്റ്റർ ആൻമേരി പുറത്തയിൽ (പ്രൊവിൻഷ്യൽ സെക്രട്ടറി).

# വീടും പരിസരവും ജൈവമാക്കാൻ 'ജൈവ ഗൃഹം പദ്ധതി'



## വീട്ടുകൃഷി

ജോസ് കെ. വയലിൽ

ഒരു വീടിനെയും അതിന്റെ പരിസരത്തെയും പൂർണമായി ജൈവമാക്കി മാറ്റാൻ ലക്ഷ്യമിടുന്നതാണ് ജൈവ ഗൃഹം പദ്ധതി. സമ്മിശ്ര കൃഷിയുടെ സർവസാധ്യതയും പ്രയോജനപ്പെടുത്തുക, മാലിന്യ സംസ്കരണത്തിന്റെ അവസരങ്ങൾ ഉപയോഗിക്കുന്നതിലൂടെ അടുക്കള മാലിന്യം അടക്കമുള്ളവയെ ജൈവവള നിർമാണത്തിന് ഉപയോഗിക്കുക തുടങ്ങിയ ഒട്ടേറെ സാധ്യതകൾ ജൈവ ഗൃഹം തുറന്നിടുന്നുണ്ട്.


ചെറിയ സ്ഥലം ഉപയോഗിച്ച് പരമാവധി ഉൽപാദനം നേടുക കുറഞ്ഞ ഏരിയയെ അതിന്റെ പല മടങ്ങ് ഉപയുക്തമാക്കുക തുടങ്ങിയവ ജൈവ ഗൃഹം ലക്ഷ്യമിടുന്നു. സമ്മിശ്ര കൃഷി, അടുക്കള മാലിന്യ സംസ്കരണം, വീടുകളെ സമ്പൂർണ പോഷക സമൃദ്ധമാക്കൽ തുടങ്ങിയവ ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യമാണ്. ഇതു കേൾക്കുമ്പോൾ തോന്നും നാട്ടിൻപുറത്ത് ധാരാളം സ്ഥലവും സൗകര്യവുമുള്ള കർഷകർക്കു വേണ്ടിയുള്ളതാണ് ഈ പദ്ധതിയെന്ന്. ശരിക്കും വളരെ കുറവ് സ്ഥലമുള്ള, അല്ലെങ്കിൽ മട്ടുപ്പാവിന്റെ ഇത്തിരി സ്ഥലമെങ്കിലും ഉപയോഗിക്കാൻ സാധിക്കുന്നവരെ ലക്ഷ്യം വയ്ക്കുന്നതാണ് ഈ പദ്ധതി. 5 സെന്റ് ഭൂമി മുതൽ അരയേക്കർ വരെയുള്ളവരെയാണ് ജൈവ ഗൃഹം ലക്ഷ്യമിടുന്നത്. പാട്ട ഭൂമിയും പരിഗണിക്കും. സർക്കാർ ധനസഹായവുമുണ്ട്.

അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി അഥവാ 'ആത്മ' എന്ന കേന്ദ്ര ഏജൻസി വഴിയാണ് പദ്ധതി നടത്തിപ്പ്. ഒപ്പം കൃഷി അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ സഹകരണവും അവയുടെ സഹായ പദ്ധതികളുടെ ഏകോപനവും ലക്ഷ്യമിടുന്നുണ്ട്' കൃഷി, മൃഗസംരക്ഷണം, മത്സ്യക്കൃഷി, കോഴി വളർത്തൽ തുടങ്ങി വിവിധ രീതികളെ ജൈവ ഗൃഹത്തിനു കീഴിൽ ഒന്നിപ്പിക്കുന്നുണ്ട്. സ്ത്രീകൾ, യുവാക്കൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്കാണ് മുൻഗണന. ഓരോ സ്ഥലങ്ങളിലെയും മുഖ്യ കൃഷിയെ അടിസ്ഥാനമാക്കിയാണ് ജൈ ഗൃഹം രൂപകൽപന ചെയ്യുന്നത്. നെൽക്കൃഷി മുഖ്യമായിടത്ത് അതിനെ അടിസ്ഥാനമാക്കി പദ്ധതി രൂപപ്പെടുത്താം. 5 സെന്റ് മുതൽ 30 സെന്റ് വരെ 30000 രൂപയും 31 മുതൽ 40 സെന്റ് വരെ 40000 രൂപയും അതിനു മുകളിലേക്ക് 50000 രൂപയും സഹായം ലഭിക്കും. കേരളത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് ആത്മ ഇത് നടപ്പാക്കുന്നത്.

കോഴി, താറാവ്, മുയൽ, പന്നി, ആട്, പശു, മീൻ, തുടങ്ങിയവയെല്ലാം കൃഷിക്കൊപ്പം ചെയ്യാം. കൃഷി, പോഷകത്തോട്ടം, പാൽ, മുട്ട, ഇറച്ചി തുടങ്ങിയ പലവിധ ചേരുവകൾ ചേർത്ത് ഡിസൈൻ ചെയ്താണ് ജൈവ ഗൃഹത്തിന്റെ രൂപകൽപന. ഒരു വീടിന് ആവശ്യമായതെല്ലാം വീട്ടിൽ തന്നെ കിട്ടണം എന്നതാണ് സങ്കൽപം. ഒപ്പം കൃഷിയിൽ സ്വയംപര്യാപ്തത എന്ന ചിന്തയും വളർത്തുന്നു. പച്ചക്കറികൾ, മുളക്, തക്കാളി, ഇലക്കറികൾ തുടങ്ങിയവയാണ് അടുക്കളത്തോട്ടത്തിലുണ്ടാകുക.


ആത്മയുടെ നിയന്ത്രണത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, ക്ഷീരവകുപ്പ് തുടങ്ങിയവയുടെ സംയുക്ത ഓപ്പറേഷനിലൂടെയാണ് കൃഷി വകുപ്പ് ജൈവഗൃഹം പദ്ധതി നടപ്പിൽ വരുത്തുന്നത്. വിവിധ വകുപ്പുകളെ ഇത്തരത്തിൽ ഒന്നിച്ച് പ്രവർത്തിക്കാനുള്ള വേദിയിലെത്തിക്കുന്നത് ഒട്ടേറെ കാര്യങ്ങൾ ഒന്നിച്ച് ചർച്ച ചെയ്ത് നടപ്പിൽ വരുത്താനും സഹായിക്കുന്നു.

## ഉപകാരസ്മരണ




ആലീസ് ജോസഫ് താളനാനിയ്ക്കൽ
കൂടരഞ്ഞി

## ഉപകാരസ്മരണ



ഒരു വിശ്വാസി- കോടഞ്ചേരി

## ഉപകാരസ്മരണ



ജോസഫ് - കോടഞ്ചേരി

## 10-ാം ചരമ വാർഷികം

(01 - 03 - 2022)



തോമസ് വർക്കി (കുഞ്ഞ്)
മാടപ്പാട്ട്
പടത്തുകടവ് - പറമ്പൽ
പ്രാർത്ഥനയോടെ മക്കൾ
കുടുംബാംഗങ്ങൾ, ബന്ധുമിത്രാദികൾ

## ഉപകാരസ്മരണ



അനു നോബിൾ അഞ്ചേരിൽ
കൂടരഞ്ഞി

## 68-ാം വിവാഹവാർഷികം

11 - 01 - 2022



വിവാഹ ജീവിതത്തിന്റെ
68-ാം വാർഷികം ആഘോഷിക്കുന്ന
സ്കറിയ - മേരി സ്കറിയ, പാലക്കീൽ-വാലില്ലാപ്പുഴ

ചാച്ചനും അമ്മച്ചിക്കും സ്നേഹാശംസകളോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

## വിശ്വസിക്കാം, പ്രോ-ലൈഫ് മാരിയേ...

വൈദികരുടെ മേൽനോട്ടത്തിൽ
പ്രവർത്തിക്കുന്ന മാട്രിമോണിയൽ സംരംഭം

എല്ലാ മേഖലയിൽ ഉള്ളവർക്കും അനുയോജ്യമായ
പങ്കാളിയെ കുറഞ്ഞ ചെലവിൽ കണ്ടെത്താൻ
പ്രോ-ലൈഫ് മാട്രിമോണിയിലൂടെ അവസരം!!!

വിളിക്കൂ... ഞങ്ങൾ നിങ്ങളെ സഹായിക്കാം...

● 85909 90889 ● 623 544 5544

എല്ലാവിധ ആധുനിക സംവിധാനങ്ങളോടും കൂടിയ
മാട്രിമോണിയൽ സർവീസ് ഞങ്ങളുടെ ഉറപ്പാണ്

സ്ത്രീകൾക്ക് തികച്ചും സൗജന്യം | പുരുഷന്മാർക്ക് 500 രൂപ മാത്രം

ProLifeMarry.com
www.ProlifeMarry.com

KCBC മലബാർ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വൈദികരുടെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യൻ മാട്രിമോണിയൽ സർവീസ്

Download Mobile App: tinyurl.com/prolifemarry

# മികച്ച റിസൾട്ടുമായി
# 7 –ാം വർഷത്തിലേക്ക്...



MOTHER TERESA
**IELTS & OET**
TRAINING CENTRE

## OUR RECENT OET WINNERS



## OUR RECENT IELTS WINNERS



**Above 70% Success Rate in the Recent IELTS & OET Exams**

## ഞങ്ങളുടെ പ്രത്യേകതകൾ:

- ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പരിചയസമ്പന്നരായ അധ്യാപകർ
- വ്യക്തിഗത ശ്രദ്ധ
- മികച്ച റിസൾട്ട്
- പ്ലേസ്മെന്റ് സഹായം
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം
- ശാന്തവും വിശാലവുമായ ക്യാമ്പസ്
- അത്യാധുനിക ലാബ് സൗകര്യങ്ങൾ
- വിപുലമായ സ്റ്റഡി മെറ്റീരിയൽസ്
- ഇവിടെ പരിശീലനം നേടിയ IELTS/OET വിദ്യാർത്ഥികൾക്ക് CBT ട്രെയിനിംഗിന് 50% ഫീസിളവ്!

# MOTHER TERESA IELTS & OET TRAINING CENTRE

Kaithapoyil P.O, Puthuppady (via), Kozhikode (A Venture of Thamarassery Diocese)

Contact: +91 9072308050, 9447886341
www.motherteresaielts.com.
Email: trainingcentremotherteresa@gmail.com


Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Manoj Kollamparambil